# കാർമ്മെൽ



പു. 12 ഒക്ടോബർ 1959 ലക്കം 4

വഷം 12 പു. 12 | ഒക്ടോബർ 1959 | ലക്കം 4

DHARMARAM COLLEGE LIBRARY
15645
BANGALORE

# ജൂബിലി സ്മാരകം

(Rt. Rev. Mgr. Paul Kackachery, Ph. D., D. D.)

ആധുനികയുഗത്തിലെ വൈദികകുലതിലകമായി കത്തോലിക്കാലോകം പ്രകീത്തിക്കുന്ന പുണ്യപുരോഹിതനാണല്ലോ ആർസിലെ വിശുദ്ധനായവികാരിയച്ചൻ. ഒരു നൂററാണ്ടു കഴിഞ്ഞു ആ പാവനചരിതൻ പരലോകം പ്രാപിച്ചിട്ട്. അങ്ങനെ ഇക്കഴിഞ്ഞ ഒരു വഷം മുഴുവനും അദ്ദേഹത്തിൻെറ ചരമശതാബ്ദജൂബിലിയായി ആർസിലും കത്തോലിക്കാസഭയിലങ്ങോളവും ആഡംബരപൂവ്വം ആചരിക്കപ്പെട്ടുകയായിരുന്നു. സെപ്തംബർ 17-ാം തിയതിയാണ് ആർസ് നഗരത്തിലെ പ്രസ്തുത ജൂബിലിയാഘോഷചടങ്ങുകൾ കാലം കൂടിയതു്.

കത്തോലിക്കാജനതതിയെ ആദ്ധ്യാത്മികമായി ഉത്തേജിപ്പിക്കയും ആഹ്ളാദിപ്പിക്കയും അഭിമാനപുളകിതമാക്കയും ചെയ്ത ഈ ശതാബ്ദജൂബിലിയുടെ സമുചിതവും സനാതനവുമായ സ്മാരകമായിട്ടത്രേ പ.പിതാവു തൻെറ രണ്ടാമത്തെ വിശ്വലേഖനം പ്രസിദ്ധം ചെയ്തതു്. വി. യോഹന്നാൻ ബാപ്ററിസ്റ്റ് വിയാന്നിയെ അർഹിക്കും വിധം ബഹുമാനിക്കുന്നതും പുരോഹിതശ്രേഷ്ഠനിയുടെ മകുടോദാഹരണമായി പ്രഖ്യാപിക്കുന്നതുമായ ഈ ഇടയലേഖനം പുറത്തു വന്നതു് ആഗസ്റ്റ് 1-ാം തിയതിയാണ്. "സാച്ചെർദോസിയി നോസ്ത്രി പ്രിമോർദിയ" (നമ്മുടെ പൗരോഹിത്യത്തിൻെറ ആരംഭങ്ങൾ) എന്ന സുദീർഘമായ ഈ ചാക്രികലേഖനത്തിലെ ഭൂരിഭാഗവും ആർസിലെ വി. വികാരിയച്ചൻെറ പരിപാവനങ്ങളായ അപദാനങ്ങളെ പരാമർശിക്കുന്നതായി കാണാം—പൌരോഹിത്യത്തെ അദ്ദേഹം വീക്ഷിച്ചിരുന്നതെങ്ങനെ; ദാരിദ്ര്യവ്രതത്തേയും ചാരിത്ര്യശുദ്ധിയേയും അനുസരണശീലത്തേയും അദ്ദേഹം എത്രമാത്രം ആത്മാർത്ഥമായി ആദരിക്കയും അഭ്യസിക്കയും ചെയ്തിരുന്നു; അദ്ദേഹത്തിൽ ആഴമായി വേരൂന്നിയിരുന്ന പ്രാത്ഥനാചൈതന്യവും ദിവ്യകാരുണ്യഭക്തിയും എത്രയും വിസ്മയാവഹമായിരുന്നു; ആത്മപരിപാലനയിലും സവ്വോപരി പാപസങ്കീത്തനം കേൾക്കുന്നതിലും അദ്ദേഹം പ്രദർശിപ്പിച്ചുവന്ന ഔൽസുക്യവും തീക്ഷ്ണതയും തുലോം അമാനുഷികമായിരുന്നു.

"ആത്മാക്കളുടെ രക്ഷയ്ക്കാവശ്യമായ കാര്യങ്ങൾക്കായി ഒന്നും ബാക്കിവയ്ക്കാതെ പ്രതിഷ്ഠിക്കപ്പെട്ട ഒരു ജീവിതം; ആ ജീവിതത്തിൽ കാണപ്പെട്ടുന്ന ഇടതടവില്ലാത്ത പ്രാത്ഥനയുടെ മഹനീയ മാതൃക — പ്രവത്തനത്തിൻെറ ഫലശക്തി നന്നായറിയുകയും അതേസമയം ആപല്ക്കരമായ പ്രവത്തനപരിപാടികളാൽ എളുപ്പത്തിൽ ആകർഷിക്കപ്പെട്ടുകയും ചെയ്യുന്ന ഇന്നത്തെ വൈദികന്മാക്ക് ഇത്തരമൊരാദർശപാത്രം എത്രയോ ഗുണോൽക്കർഷപ്രദമായിരിക്കണം!" ഇങ്ങനെ


COVER PICTURE

His Eminence Fernando Cardinal Cento, Protector of the Order of the Discalced Carmelites.

യൊരു താക്കീതു നൽകിയശേഷം മാർപ്പാപ്പാ തുടരുന്നു: "വി. യോഹന്നാൻ മരിയ പറയുക പതിവായിരുന്നു: വീണ്ടുവിചാരമില്ലായ്മ—ഇതാണ് പുരോഹിതന്മാരായ നമ്മുടെ പുണ്യപുരോഗതിയിൽ വിലങ്ങുതടിയായി നിൽക്കുന്നതു്. നമ്മുടെ ഉള്ളുകള്ളികളിലേയ്ക്കു നാം ചുഴിഞ്ഞു നോക്കുന്നില്ല; നാം ചെയ്യുന്നതെന്താണെന്നറിയുന്നില്ല. പുനരാലോചന, പ്രാർത്ഥന, ദൈവവുമായുള്ള ഐക്യം—ഇതെല്ലാം നമുക്കത്യാവശ്യമാണ്. സമകാലീനരായ സാക്ഷികളുടെ അഭിപ്രായപ്രകാരം പുണ്യവാൻതന്നെ നിരന്തരമായ പ്രാർത്ഥനാമനോഭാവത്തോടെയാണു കഴിഞ്ഞുകൂടിയിരുന്നതു്. തുടർച്ചയായി ദീർഘനേരം കുമ്പസാരം കേൾക്കുന്നതിൽനിന്നുളവായ ക്ഷീണാധിക്യം, ഇടവക പാലകൻ അനുസ്യൂതം നിർവ്വഹിക്കേണ്ട കൃത്യാന്തരബഹുലത—ഇവയൊന്നും അദ്ദേഹത്തെ പ്രാർത്ഥനാജീവിതത്തിൽനിന്നു വ്യതിചലിപ്പിക്കുവാൻ അല്പംപോലും പര്യാപ്തമായിരുന്നില്ല."

"അന്യാദൃശമായവിധം ആത്മനിഗ്രഹമനുഷ്ഠിക്കുക പതിവായിരുന്ന, ഈശ്വരസ്നേഹത്തേയും ആത്മാക്കളുടെ പരിത്രാണനത്തേയും മുൻനിറുത്തി ഊണും ഉറക്കവും ഉപേക്ഷിച്ചിരുന്ന, ചമ്മട്ടികളാൽ നിർദ്ദയം സ്വയം അടിച്ചു പരുക്കേല്പിച്ചിരുന്ന, വീരോചിതമായ തോതിൽ ആത്മപരിത്യാഗം പരിശീലിച്ചിരുന്ന ഒരു പുരോഹിതവര്യന്റെ ചിത്രമാണ് വി. യോഹന്നാൻ മരിയ വിയാന്നിയെപ്പററി പ്രതിപാദിക്കുമ്പോൾ നമ്മുടെ ഓർമ്മയിൽ ഉദിച്ചുയരുന്നതു്."

ആർസിലെ വി. വികാരിയച്ചന്റെ ജീവിതത്തിലുടനീളം സ്ഫടികസ്ഫുടം തെളിഞ്ഞുകാണുന്ന വൈദികസുകൃതങ്ങളാണ് ദാരിദ്ര്യപ്രതിപത്തി, ചാരിത്ര്യശുദ്ധി, അവികലമായ അനുസരണഗുണം എന്നിവ. ഇവയെല്ലാം ഇന്നത്തെ വൈദികഗണത്തിലും പ്രസ്പഷ്ടമായി പ്രകാശിച്ചുകൊണ്ടിരിക്കേണ്ടതാണെന്ന് പ. പിതാവു് എടുത്തുപറയുന്നു. വ്യക്തിപരമായ കർത്തവ്യാനുഷ്ഠാനങ്ങളിൽ ആ കർമ്മയോഗി പുലർത്തിപ്പോന്ന ഉയർന്ന നിലവാരം, സുവിശേഷോപദേഷ്ടാവ്, വേദാദ്ധ്യാപകൻ എന്നീ നിലകളിലുള്ള ഔദ്യോഗിക കടമകൾ നിറവേററുന്നതിൽ അദ്ദേഹം എപ്പോഴും പ്രകടിപ്പിച്ചിരുന്ന നിരതിശയമായ ശുഷ്കാന്തി, പാപസങ്കീർത്തനമെന്ന കൂദാശയെ കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ചുവന്ന അക്ഷീണമായ ഔൽസുക്യം—ഈദൃശവിഷയങ്ങളിലെല്ലാം വി. യോഹന്നാൻ വിയാന്നിയുടെ മഹനീയമാതൃക ശാശ്വതവും സാർവ്വത്രികവുമായ മൂല്യങ്ങൾ നിലനിർത്തുവാൻ സർവ്വഥാ സഹായിക്കുന്നതാണ്. പുലരുന്നതിനുമുമ്പ് രണ്ടുമണിമുതൽ രാത്രി മയങ്ങുംവരെയും പതിനഞ്ചോ പതിനാറോ മണിക്കൂർ നേരത്തോളം ദിനംതോറും "കുമ്പസാരക്കൂട്ടി"ൽ കഴിച്ചുകൂട്ടുക—സംശയമെന്യേ ആ പുണ്യപുരോ



ലേഖകൻ

ഹിതന് ഇത്തരമൊരു നിരന്തര ദിനചര്യ നീണ്ട ഒരു "രക്തസാക്ഷിത്വം" തന്നെയായിരുന്നിരിക്കണം. മരിക്കുന്നതിന് അഞ്ചുദിവസം മുമ്പ് ശക്തിക്ഷയംമൂലം അദ്ദേഹം മോഹാലസ്യപ്പെട്ടു നിലംപതിക്കുവാനിടയായി. മരണാസന്നനായ ആ പരമപരിത്യാഗിയുടെ ചുററും അപ്പോഴും പാപോച്ചാരണാർത്ഥം ഭക്തജനങ്ങൾ തിങ്ങിക്കൂടിയിരുന്നു!

വി. വിയാന്നിയുടെ ത്യാഗസുരഭിലമായ മാതൃകയെ പിഞ്ചെന്നുകൊണ്ട് സുവിശേഷോപദിഷ്ടമായ ദാരിദ്ര്യം അഭ്യസിക്കുന്നതിൽ പുരോഹിതന്മാർ ഉൽസുകരായിരിക്കണമെന്നു പ. പിതാവ് ശക്തിയുക്തം ഉൽബോധിപ്പിക്കുന്നു. "അന്യർക്കു ദാനംചെയ്യുന്നതിൽ അവർ സുസമ്പന്നരായിരിക്കണം; തങ്ങളെ സംബന്ധിച്ചേടത്തോളമാകട്ടെ അഗതികളും." നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും കർത്താവിന്റെ പുരോഹിതന്മാർ ചിലപ്പോൾ നിത്യവൃത്തിക്കുവേണ്ടത്ര വരുമാനം കണ്ടെത്താതെ ക്ലേശിക്കേണ്ടിവരുന്നുണ്ട്. അത്തരം ദുരവസ്ഥയെ നാം ഏതെങ്കിലും തരത്തിൽ ആദരിക്കുന്നതായി ആരും സങ്കല്പിക്കേണ്ടതില്ല. "വേലയെടുക്കുന്നവൻ കൂലിക്കും അവകാശപ്പെട്ടവനാണല്ലോ." അഭിവന്ദ്യനായ

വി. ബീഡ് ഈവിഷയത്തിലുള്ള അതിരുകടന്ന വ്യാഖ്യാനത്തെ പരിവർജ്ജിക്കേണ്ടതാണെന്ന നമുക്ക മുന്നറിയിപ്പു നൽകുന്നതായി കാണാം: "പുണ്യാത്മാക്കൾ സ്വന്തം ആവശ്യത്തിന്നായോ പാവങ്ങൾക്കുവേണ്ടിയോ പണമശേഷം കൈവശം വച്ചുപോകരുതെന്ന് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നതായി ആരും വിശ്വസിക്കേണ്ടതില്ല. ദിവ്യനാഥൻതന്നെ സഭയെ സ്ഥാപിച്ചപ്പോൾ ഒരു പണസഞ്ചി സൂക്ഷിച്ചിരുന്നതായി നാം വായിക്കുന്നില്ലയോ!"

പുണ്യപരിപൂർണ്ണതയ്ക്കായി സോത്സാഹം പരിയത്നിക്കുവാൻ സന്യാസസഭാംഗങ്ങളെപ്പോലെ തങ്ങൾക്കു കടമയില്ലെന്ന് ഇടവക വൈദികന്മാർ വിചാരിച്ചു സ്ഖലിച്ചുപോകരുതെന്ന പ. പിതാവ് പ്രത്യേകം ചൂണ്ടിക്കാട്ടുന്നു.

പിന്നീട് വ്യക്തിപരമായൊരു ജീവിതാനുഭവത്തെയാണ് പ. പിതാവ് ആഹ്ളാദപൂർവ്വം അനുസ്മരിക്കുന്നത്. "നമ്മുടെ പുരോഹിതവൃത്തിക്ക് അതിൻെറ പുലരിയിൽത്തന്നെ ആർസിലെ വി. വികാരിയച്ചൻെറ മഹാമാതൃക പ്രദാനംചെയ്ത ആദ്ധ്യാത്മികമായ ഉന്മേഷപ്രകർഷം വർണ്ണനയെക്കവിഞ്ഞതാണ്. 1905-ാമാണ്ട് ജനുവരി 8-ാം തിയതിയാണ വി. യോഹന്നാൻ മരിയ ബാപ്റ്റിസ്റ്റ് വിയാന്നി എന്ന ഫ്രാൻസിലെ വിനീതവൈദികൻ വത്തിക്കാൻ ബസിലിക്കായിൽ വെച്ച് ധന്യപദവിയിലേയ്ക്കുയർത്തപ്പെട്ടതു്. തദവസരത്തിൽ നമ്മിലുളവായ വികാരങ്ങൾ അത്യഗാധങ്ങളത്രെ. നമ്മുടെ പൗരോഹിത്യത്തിൻെറ ആദ്യഫലങ്ങളോടൊന്നിച്ച് നമുക്കു സുലഭമായി സിദ്ധിച്ച നിർമ്മലമായ ആനന്ദാനുഭൂതികളെല്ലാം അവയോടാണ നമ്മുടെ സ്മരണമണ്ഡലത്തിൽ ബന്ധപ്പെട്ടുകിടക്കുന്നതു്."

വൈദികമേലദ്ധ്യക്ഷന്മാരോട് പുരോഹിതന്മാർ നിരന്തരവും നിഷ്കർഷാനിഷ്ഠവുമായ കീഴ്വഴക്കം പാലിക്കേണ്ടതു് അനുപേക്ഷണീയമാണെന്നും മാർപ്പാപ്പാ ഊന്നിപ്പറയുന്നു. "വേദസിദ്ധാന്തങ്ങൾ പഠിപ്പിക്കുന്നതിലും, പ്രേഷിതപദ്ധതികൾ നടപ്പിൽ വരുത്തുന്നതിലും സഭാശിക്ഷണം സംബന്ധിച്ച കാര്യങ്ങളിലും വൈദികഗണത്തിൽ അനുസരണാരാഹിത്യത്തിൻെറ അരൂപി നുഴഞ്ഞുകയറിയാൽ വന്നു ഭവിച്ചേക്കാവുന്ന ഗുരുതരമായ വിപത്തുകളെ നമ്മുടെ ഏററവുമടുത്ത മുൻഗാമി ശക്തിയുക്തം അപലപിച്ചിട്ടുള്ളതാണല്ലോ."

പുരോഹിത ജീവിതപരിപാടിയിൽ പ്രാർത്ഥനയ്ക്കു നൽകപ്പെടേണ്ട പ്രമുഖസ്ഥാനത്തെപ്പററി ആവർത്തിച്ചുറപ്പിച്ചു പ്രസ്താവിച്ചതിനുശേഷം പ. പിതാവു തുടരുന്നതിങ്ങനെയാണ്: "ഒരുപക്ഷേ പ്രാർത്ഥനയിൽ ഉപേക്ഷ കാണിക്കുന്നതിൻെറ ഫലമായിട്ടായിരിക്കണം വൈദികഗണത്തിൽപെട്ട ചിലർ ക്രമമറ്റു ബാഹ്യമായ ചാപല്യങ്ങളിലേയ്ക്കും ആഭ്യന്തരമായ പട്ടിണിയിലേയ്ക്കും വഴുതിവീഴുവാനിടയാകുന്നതു്; ചിലപ്പോഴെല്ലാം പരിരക്ഷയൊന്നും കൂടാതെ പ്രലോഭനങ്ങൾക്കടിപ്പെട്ടു പോകുന്നതു്," അൽമായജനങ്ങളുടെ സമക്ഷം ഒരു പുരോഹിതൻ എല്ലായ്പ്പോഴും ദൈവഭക്തിയുടേയും പരമാർത്ഥതയുടേയും തെളിവൊത്ത നിദർശനമായി നിലകൊള്ളണം. അദ്ദേഹം സർവ്വോപരി "പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരിക്കേണ്ടതാണ്."

ചാക്രികലേഖനം തുടരുന്നു: "വന്ദ്യസഹോദരന്മാരേ, പൂർണ്ണമായ പ്രത്യാശയോടെ നിങ്ങളോടു നാം പ്രസ്താവിക്കുവാൻ ആഗ്രഹിക്കുന്നതിതാണ്: പുണ്യാത്മാവായ ആർസിലെ വികാരിയച്ചൻെറ ചരമശതാബ്ദജൂബിലിയാഘോഷം ദൈവത്തിൻെറ കൃപാവരസഹായത്താൽ ഓരോ പുരോഹിതനിലും ഈദൃശമൊരഭിലാഷം തട്ടിയുള്ളത്തുവാൻ പ്രയോജനപ്പെടണം: സ്വന്തം വൈദികചുമതലകളും എല്ലാററിലുമുപരിയായി പുരോഹിതനെന്നനിലയ്ക്കുള്ള തൻെറ പ്രഥമ കർത്തവ്യമായ ആത്മവിശുദ്ധീകരണവും പൂർവ്വാധികം പരിപൂർണ്ണതയോടെ നിർവ്വഹിപ്പാനുള്ള ആറിത്തണുത്തുപോകാത്ത ആഗ്രഹം.

ആർസിലെ വി. വികാരിയച്ചൻതന്നെ ഒരിക്കൽ സ്വന്തം മെത്രാനോട് ഇങ്ങനെപറയുകയുണ്ടായി: "രൂപതയെ മാനസാന്തരപ്പെടുത്തുവാൻ അവിടുന്ന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവിടത്തെ പുരോഹിതസമൂഹത്തെ കൂടുതൽ വിശുദ്ധിയുള്ളവരാക്കിത്തീർത്തേ കഴിയൂ."

# വി. കൊച്ചുത്രേസ്യായുടെ സ്വയംകൃത ചരിതം

(റവ. ഫാദർ തോമസ് മൂത്തേടൻ, എം. ഏ. ഡി. ഡി.)

"ഒരാത്മാവിന്റെ ചരിത്രം" എന്ന പേരിൽ ഫ്രഞ്ചിലും, ഒരു "വെളുത്ത ചെറുപുഷ്പം" എന്നപേരിൽ ഇംഗ്ലീഷിലും, "നവമാലിക" എന്ന പേരിൽ മലയാളത്തിലും അറിയപ്പെടുന്ന വി- കൊച്ചുത്രേസ്യായുടെ സ്വയംകൃതചരിതം അവളെഴുതിയ യഥാർത്ഥ രൂപത്തിലല്ല, പ്രത്യുത അവളുടെ ജ്യേഷ്ഠസഹോദരിയായ ആഗ്നസമ്മ പ്രസാധനംചെയ്ത രൂപത്തിലാണ് നമുക്ക് ലഭിച്ചിട്ടുള്ളതു്. രണ്ടു ജ്യേഷ്ഠസഹോദരിമാരുടെ ആവശ്യപ്രകാരവും മഠാധിപയായിരുന്ന ഗൊൺസാഗാമ്മയുടെ ആജ്ഞയനുസരിച്ചും വി. കൊച്ചുത്രേസ്യാ എഴുതിയ മൂന്നു സ്മരണാഗ്രന്ഥങ്ങൾ കൂട്ടിച്ചേർത്തുണ്ടാക്കിയതാണ് ചെറുപുഷ്പത്തിന്റെ സുപ്രസിദ്ധമായ സ്വയംകൃതചരിതം. ഇവയിൽ ഏററം വലിയഭാഗമായ ആദ്യത്തേതു് മഠപ്രവേശനം വരെയുള്ള സ്മരണകളുടെ സമാഹാരമാണ്. രണ്ടാമത്തേതു് ഒരു വാർഷിക ധ്യാനത്തിലെ ചിന്തകളാണ്. മഠാധിപയായ ഗൊൺസാഗാമ്മയ്ക്കു് എഴുതിക്കൊടുത്ത മൂന്നാം ഭാഗത്തിലാണ് സന്യാസജീവിതാനുഭവങ്ങൾ ഉപന്യസിച്ചിട്ടുള്ളതു്. അനന്തരകാലത്തു് അച്ചടിപ്പിക്കുമെന്നു കരുതി എഴുതിയവയല്ല ഈ സ്മരണകളിൽ വലിയഭാഗവും.

1897 ജൂലായ് 10-ാം തിയതി, അതായതു് പുണ്യവതിയുടെ മരണത്തിനു് രണ്ടുമാസം മുമ്പു് ജ്യേഷ്ഠസഹോദരി ആഗ്നസ് അമ്മയോടു് ഇപ്രകാരം പറഞ്ഞു: "ഞാൻ എഴുതാൻ വിചാരിച്ചതെല്ലാം എഴുതുവാൻ എനിക്കു കഴിഞ്ഞില്ല. അതു് അപൂർണ്ണമാണ്. അമ്മേ, എന്റെ ജീവചരിത്രത്തിൽ അമ്മയുടെ ഇഷ്ടംപോലെ എന്തെങ്കിലും എഴുതിച്ചേർക്കുകയോ വെട്ടിമാററുകയോ ചെയ്യാം. അങ്ങനെ വെട്ടിക്കളയുന്നതും കൂട്ടിച്ചേർക്കുന്നതും ഞാൻതന്നെ ചെയ്തപോലെ പരിഗണിക്കാവുന്നതാണ്. ഇതു് അനന്തരകാലങ്ങളിൽ ഓർത്തുകൊള്ളുക, സംശയിക്കുകയൊന്നും വേണ്ടാ."

സ്വയംകൃതചരിതം പ്രഥമമായി പ്രസാധനംചെയ്യുന്നതിനു് ലിസ്യൂമഠാധികാരികളെ സഹായിച്ച ബെനഡിക്റ്റൻ വൈദികൻ ഇപ്രകാരമെഴുതി: "ത്രേസ്യാ സഹോദരിയുടെ ഒരു സഹോദരിയായ ആഗ്നസ് അമ്മ തന്റെ അനുജത്തിയുടെ കൃതി യഥേഷ്ടം തിരുത്തി പോളീഷുചെയ്തുകൊള്ളട്ടെ. അവർ അതു് ഭംഗിയായി ചെയ്യും. ഒരു സ്ത്രീക്കു്, വിശിഷ്യ, ഒരു കർമ്മലീത്താ സഹോദരിക്കു മാത്രമേ ഈ വിഷമമേറിയ ജോലി ചെയ്യുവാൻ കഴിയുകയുള്ളു."


ആരാണു കൊച്ചുത്രേസ്യായെന്നു ലോകം അറിയുന്നതിനുമുമ്പു് കയ്യെഴുത്തുപ്രതി അതേപടി പ്രസിദ്ധം ചെയ്യാൻ സഹോദരിമാർക്കു ധൈര്യമുണ്ടാകുമോ? തന്നിമിത്തം പുണ്യവതി നിർദ്ദേശിച്ച കൂട്ടുക, കുറയ്ക്കുക, ക്രമപ്പെടുത്തുക എന്ന മൂന്നു കാര്യങ്ങൾ ആഗ്നസ് അമ്മ നിർവ്വഹിച്ചു. അതു് ആവശ്യത്തിലധികമായെന്നു് ആത്മചരിത്രവും കയ്യെഴുത്തുപ്രതിയുടെ പരിഭാഷയും മുമ്പിൽവച്ചു് ഒരു താരതമ്യപഠനംനടത്തിയാൽ സുതരാം സുവ്യക്തമാകും. ഉള്ളടക്കത്തിനു സാരമായ വ്യത്യാസം വന്നിട്ടില്ല; തത്വങ്ങളും വ്യതിചലിച്ചിട്ടില്ല. എന്നാൽ ആഗ്നസ് അമ്മയുടേയും കൊച്ചു ത്രേസ്യായുടേയും സ്വഭാവപ്രകൃതിയിൽ എത്രകണ്ടു വ്യത്യാസമുണ്ടോ അത്രകണ്ടു് അന്തരം ആത്മചരിത്രവും കയ്യെഴുത്തുപ്രതിയും തമ്മിലുണ്ടു്. ആഗ്നസ് അമ്മ വരുത്തിയ ഭേദഗതികൾ നിമിത്തം യഥാർത്ഥ കൊച്ചുത്രേസ്യയെ അനുവാചകർക്കു കാണാൻ പാടില്ലാതായിട്ടില്ല; പുണ്യവതിയുടെ തത്വങ്ങൾ ഗ്രഹിക്കാൻ പാടില്ലാത്തവിധം പുസ്തകം രൂപാന്തരപ്പെട്ടിട്ടുമില്ല. എന്നാൽ സാഹിത്യനിയമങ്ങൾക്കനുസരണമായ ഭേദഗതികൾ മാത്രമാണ് ആഗ്നസ്അമ്മ ചെയ്തതെന്നു പറഞ്ഞാൽ ആരും സമ്മതിക്കുകയില്ല. ഉദ്ദേശം എഴുപതു പക്ഷത്തോളം ആഗ്നസ്അമ്മ വെട്ടികുറച്ചിട്ടുണ്ടു്. ചെറുതും വലുതുമായി ഏഴായിരം വ്യതിയാനങ്ങൾ കണ്ടതായി മൂലലിഖിതം പ്രസിദ്ധംചെയ്ത ഫാദർ ഫ്രാൻസിസിന്റെ പ്രസ്താവനയിൽ കാണുന്നു. വാസ്തവത്തിൽ അത്യാവശ്യമായ തിരുത്തലുകൾ അച്ചടിയിൽ വരുത്താനേ ഉണ്ടായിരുന്നുള്ളു. എന്നാൽ അങ്ങനെയല്ല സംഭവിച്ചതു്. ആഗ്നസ്അമ്മ സ്വയംകൃതചരിതത്തിന്റെ ഒരു പൊളിച്ചെഴുത്തു നടത്തി. തന്മൂലം പുണ്യവതിയുടെ പ്രശസ്തി വർദ്ധിച്ചകാലംമുതൽക്കു വിശുദ്ധയുടെ വിവരണംതന്നെ ലഭിക്കുവാനുള്ള ആഗ്ര

ഹം പലരും പ്രകാശിപ്പിച്ചുതുടങ്ങി. കർമ്മലസഭയുടെ ഡെഫിനിററർ ജനറൽ പെ. ബ. എവുജീനച്ചൻ ആഗ്നസ്അമ്മയ്ക്കു് ഇപ്രകാരമെഴുതി: "തിരുസ്സഭ വിധിയെഴുതി കഴിഞ്ഞിരിക്കുന്നു. വിശുദ്ധ കൊച്ചു ത്രേസ്യായുടെ പുണ്യപദവിയും ഉൽബോധനാ വൈശിഷ്ട്യവും സാർവ്വത്രികമായി അംഗീകൃതമായിരിക്കുന്നു. ഇനി കൊച്ചു ത്രേസ്യാ വിശുദ്ധസഭയ്ക്കും ചരിത്രത്തിനും സ്വന്തമാണു്. അവളുടെ ഉൽബോധനങ്ങൾ പാക്ഷികമായോ അബദ്ധമായോ ആരും വ്യാഖ്യാനിക്കാതിരിക്കുവാനും അവളുടെ അദ്ധ്യാപനം പൂർണ്ണമായി ഗ്രഹിക്കുവാനും സഹോദരി നൽകിയിരിക്കുന്ന പാഠം പോരാതെയാണിരിക്കുന്നതു്. സ്വന്തം കൃതികൾ പരിശോധിച്ചാൽ മാത്രമേ പുണ്യവതിയുടെ ചിന്തകൾ യഥാതഥം അതിനു സഹജമായ വീര്യത്തോടെ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു."

ഈ ഔദ്യോഗിക നിർദ്ദേശം ലഭിച്ചപ്പോൾ ആഗ്നസ് അമ്മയും വിചാരിച്ചു കയ്യെഴുത്തുപ്രതി അതേപടി പ്രസിദ്ധംചെയ്യണമെന്നു്; എന്നാൽ അവരുടെ കാലത്തു് അതു വേണ്ടെന്നു് തിരുസിംഹാസനം അഭിപ്രായപ്പെട്ടു. തന്റെ മരണശേഷം കയ്യെഴുത്തുപ്രതി പ്രസിദ്ധംചെയ്യുവാൻ സ്വ സഹോദരി സിസ്റ്റർ ജെനവീവിനെ ആഗ്നസ്അമ്മ ഏല്പിച്ചു. 1951 ജൂലായ് 28-ാം തീയതി ആഗ്നസ്അമ്മ മരിച്ചു. താമസിയാതെ കയ്യെഴുത്തുപ്രതിയിൽ ഓരോ കാലത്തു വരുത്തിയ വെട്ടലുകളും തിരുത്തലുകളും മാററി പുണ്യവതിയുടെ അസൽ കയ്യെഴുത്തുഗ്രന്ഥം ഫോട്ടോ എടുത്തു പ്രസിദ്ധംചെയ്തു. 125 രൂപയ്ക്കു് അത്തരം കോപ്പി ലിസ്യൂവിൽനിന്നു് ഇപ്പോഴും വാങ്ങിക്കാവുന്നതാണു്. 1956 ൽ ആ ഫോട്ടോസ്റ്റാററ കോപ്പിയനുസരിച്ചു് ഫ്രഞ്ചു പതിപ്പു് അച്ചടിച്ചു പ്രസിദ്ധം ചെയ്യുകയുണ്ടായി. അതു മലയാളത്തിലേക്കു വിവർത്തനംചെയ്യുവാനുള്ള അനുമതി 1958 മേയ് 13-ാം തീയതി ലിസ്യൂ സന്ദർശിച്ച അവസരത്തിൽ ഈ ലേഖകനു് ലഭിക്കുകയും ഇപ്പോൾ തിരുവനന്തപുരം സെൻറ്ജോസഫ്സ് പ്രസ്സിൽനിന്നു് അതു പ്രസിദ്ധീകരിക്കുകയും ചെയ്തിരിക്കുന്നു.

മേൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ മൂലലിഖിതങ്ങളുടെ ഈ പരിഭാഷ നവമാലികയിൽനിന്നു വളരെ വിഭിന്നമല്ലെങ്കിലും, പല കാര്യങ്ങളിലും അതിൽനിന്നു നവമായ പ്രകാശം ലഭിക്കാവുന്നതാണു്. ബാല്യകാലസ്മരണകളുടെ കൂട്ടത്തിൽ നമ്മൾ ഇതുവരെ കേട്ടിട്ടില്ലാത്ത ചില സംഭവങ്ങൾ വിവരിച്ചു കാണുന്നുണ്ടു്. മാർട്ടിൻകുടുംബത്തിലെ ഒരു ഭൃത്യയായ വിക്ടറിയെപ്പററി പുണ്യവതി ഇങ്ങനെ എഴുതിയിരിക്കുന്നു:

"ഒരുദിവസം എന്റെ കുററം കാരണം ഞാൻ ചെന്നു ചാടിയ വലിയ ഒരു വിപത്തിൽനിന്നു് അവൾ എന്നെ രക്ഷിച്ചു. ഞാൻ പതിവുപോലെ ഒരു



ലേഖകൻ

കസേരയിൽ കയറി വിക്ടറിയെ നോക്കി ആടിക്കൊണ്ടു നിൽക്കുമ്പോൾ അവൾ ഒരുതൊട്ടി വെള്ളവുംകൊണ്ടു കടന്നുപോകയായിരുന്നു. പെട്ടെന്നു കസേര മറിഞ്ഞു ഞാൻ താഴെ വീണു. എന്നാൽ ഞാൻ വീണതു നിലത്തല്ല അവളുടെ കയ്യിലിരുന്ന തൊട്ടിയിലാണു്. മുട്ടയുടെ അകത്തിരിക്കുന്ന കോഴിക്കുഞ്ഞിനെപ്പോലെ കാലും തലയും ചേർന്നു് അതിൽ ചുരുണ്ടു കിടപ്പായി. ഇങ്ങനെ ഒരു സംഭവം ഇതിനുമുമ്പു് അവൾ കണ്ടിട്ടില്ലായിരുന്നതുകൊണ്ടു് വിക്ടറി ഇതികർത്തവ്യതാമൂഢയായി അവിടെ നിന്നുപോയി. എനിക്കു് ആ തൊട്ടിയിൽനിന്നു പുറത്തു ചാടാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും സാദ്ധ്യമല്ലായിരുന്നു. അനങ്ങാൻ പാടില്ലാത്തവിധം ആ തടവുമുറിയിൽ ഞാൻ അമർന്നുപോയി. ക

റച്ചു വേദനിപ്പിച്ചിട്ടാണെങ്കിലും എന്നെ ആ അപകട സ്ഥിതിയിൽനിന്നു് അവരും വലിച്ചെടുത്തു."

നവമാലികയിൽ ഒരു ഭാഗത്തു് നാം ഇങ്ങനെ വായിക്കുന്നു: "വളരെ നാളത്തേയ്ക്കു ധ്യാനത്തിനു് എനിക്കു നിശ്ചയിച്ചിരുന്ന സ്ഥലം കൊന്തയോ, മറേറതെങ്കിലുമോ കൊണ്ടു് തുടരെത്തുടരെ ഒച്ചയുണ്ടാക്കിക്കൊണ്ടിരുന്ന ഒരു സഹോദരിയുടെ സമീപത്തായിരുന്നു. ഞാൻ മാത്രമേ അതു കേട്ടിരുന്നുള്ളു. എൻെറ ശ്രവണശക്തി അസാദ്ധ്യമാണല്ലോ. എന്നാൽ കണ്ണാരുന്തുദമായ ആ ശബ്ദത്താൽ എനിക്കു് എന്തുമാത്രം ഈർഷ്യയുണ്ടായെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. പുറകോട്ടൊന്നു തിരിഞ്ഞു് ഒററ നോട്ടത്താൽ അവരെ നിശബ്ദയാക്കണമെന്നു ബലമായ പരീക്ഷ എനിക്കുണ്ടായി." മൂലലിഖിതങ്ങളുടെ പരിഭാഷയിൽ ഈ ഭാഗം ഇപ്രകാരമാണു കാണുന്നതു്: "വളരെ നാളത്തേയ്ക്കു് വൈകുന്നേരത്തെ ധ്യാനസമയം ചിത്തഭ്രമത്തിൻെറ അല്പം ലക്ഷണമുള്ള ഒരു സഹോദരിയുടെ മുമ്പിലായിരുന്നു എൻെറ സ്ഥാനം. ധ്യാനത്തിൽ അവക്കു വളരെ വെളിച്ചം ലഭിച്ചിരുന്നുവെന്നാണു് എനിക്കു തോന്നുന്നതു്,.... കാരണം, അപൂർവമേ അവർ പുസ്തകം ഉപയോഗിച്ചിരുന്നുള്ളു. അവരുടെ വിക്രിയകൾ എൻെറ ശ്രദ്ധയിൽ പെട്ടതെങ്ങനെയെന്നു പറയാം. ആ സഹോദരി വന്നു കഴിഞ്ഞാലുടൻ വിലക്ഷണമായ ഒരുമാതിരി നേരിയ ശബ്ദമുണ്ടാക്കാൻ തുടങ്ങും. അതായതു രണ്ടു കക്കാ തമ്മിൽ കൂട്ടി ഉരച്ചാൽ കേൾക്കുന്ന മാതിരി ഒരു സ്വരം. ഞാനല്ലാതെ വേറെയാരും അതു കേട്ടിരുന്നില്ല; കാരണം എനിക്കു് അത്ര സൂക്ഷ്മമായ ശ്രവണശക്തിയുണ്ടു്. (ഒരുപക്ഷെ ചിലപ്പോൾ കുറച്ചധികവും) എൻെറ അമ്മേ, ആ ചെറിയ ശബ്ദം എനിക്കു് എന്തൊരു ശല്യമായിരുന്നുവെന്നു പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. പുറകോട്ടു തിരിഞ്ഞു് ആ ശല്യക്കാരിയുടെ നേക്കു് ഒരു നോട്ടം കൊടുക്കുവാൻ ശക്തിയായ പ്രേരണ എനിക്കുണ്ടായി; എങ്കിൽ പിന്നെ നിശ്ചയമായിട്ടും അതു കേൾക്കയില്ലായിരുന്നു. കാര്യം അവരെ മനസ്സിലാക്കാൻ അതായിരുന്നു ഏകമാർഗ്ഗം; എന്നാൽ നല്ല ദൈവത്തിൻെറ നേക്കുള്ള സ്നേഹത്തെപ്രതിയും ആ സഹോദരിക്കു വിഷമം വരുത്താതിരിക്കുവാൻവേണ്ടിയും അതു സഹിക്കുകയാണു് ഉത്തമമെന്നു ഹൃദയത്തിൻെറ അഗാധത്തിൽ എനിക്കു തോന്നി. അതുകൊണ്ടു ഞാൻ അനങ്ങിയില്ല. നല്ല ദൈവത്തോടു് ഐക്യപ്പെടാനും ആ ചെറിയ സ്വരത്തെ അവഗണിക്കാനും ഞാൻ ശ്രമിച്ചു.... അതൊന്നും ഫലിച്ചില്ല. വിയപ്പൊലിച്ചുതുടങ്ങുന്നെന്നു് എനിക്കു തോന്നി; ആ സഹനംതന്നെ പ്രാർത്ഥനയായി രൂപാന്തരപ്പെടുത്തുവാൻ ഞാൻ നിർബന്ധിതയായി."

ഇങ്ങനെ പല മാററങ്ങളും സ്വയംകൃതചരിതത്തിൽ വരുത്തിയിട്ടാണു് ആഗ്നസ്അമ്മ ആ ഗ്രന്ഥം പ്രസിദ്ധം ചെയ്തതു്. ഇപ്പോൾ കൊച്ചുത്രേസ്യായുടെ വിവരണങ്ങൾ യഥാതഥം നമുക്കു ലഭിച്ചിരിക്കുന്നു. മോൺസിഞ്ഞോർ നോക്സിൻെറ ആംഗ്ലേയപരിഭാഷയെ സംബന്ധിച്ചു് ഇംഗ്ലീഷു പത്രങ്ങൾ ആക്ഷേപം പുറപ്പെടുവിച്ചുകണ്ടതിനാൽ ഇപ്പോഴത്തെ പരിഭാഷയിൽ അദ്ദേഹത്തിൻെറ പരിഭാഷ ആധാരമാക്കിയിട്ടില്ല. ഫ്രഞ്ചുമൂലത്തിൽനിന്നു തെല്ലും വ്യതിയാനം വരുത്താതെ വിവർത്തനം നടത്തുവാൻ ഈ ലേഖകൻ ആവുന്നതും പരിശ്രമിച്ചിട്ടുണ്ടു്. അനേകം അകത്തോലിക്കരുടെ മാനസാന്തരത്തിനും, ജന്മനാ കത്തോലിക്കരുടെ പുണ്യവർദ്ധനയ്ക്കും വളരെയധികം ഉപകരിച്ചിട്ടുള്ള ഈ സ്വയംകൃതചരിതം കേരളീയർക്കു് എത്രയും പ്രയോജനകരമായിരിക്കുമെന്നു് പ്രതീക്ഷയുണ്ടു്. പ്രസ്തുത പ്രതീക്ഷ അസ്ഥാനത്താകല്ലേ എന്നാണു് ഈ ചെറുപുഷ്പഭക്തൻെറ അകമഴിഞ്ഞ ഒരു പ്രാർത്ഥന.

---

"അഹങ്കാരത്താൽ വിജൃംഭിതവും മഹാമോഹങ്ങളാൽ വ്യാമോഹിതവുമായ ലോകത്തിന് സുവിശേഷസാരള്യത്തിൻെറ മാർഗ്ഗം അവൾ തുറന്നു കാണിച്ചു."

(വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ജപം)

# വിശുദ്ധ അമ്മ ത്രേസ്യാ

## (തിരുനാൾ ഒക്ടോബർ 15)

(ഫാദർ ഗ്രഗറി, സി. എം. ഐ.)

തിരുസ്സഭയുടെ നാലു ലക്ഷണങ്ങളിൽ ഒന്നാണല്ലോ വിശുദ്ധി. പക്ഷെ, പതിനാറാം നൂററാണ്ടു് ഈ വിശുദ്ധിയെ സംബന്ധിച്ചിടത്തോളം ഒരു അധഃപതനകാലഘട്ടമായിരുന്നെന്നും അന്നു സഭയ്ക്കു തെററുപററിയെന്നും സഭാശത്രുക്കൾ അപവാദം പറപ്പെടുവിച്ചിരുന്നു. എന്നാൽ സഭയുടെ വിശുദ്ധിക്കു് അന്നും കോട്ടമൊന്നും ഭവിച്ചിട്ടില്ലെന്നു കാണിക്കുമാറു് ആ കാലഘട്ടത്തിൽ പ്രസിദ്ധരായ ഒട്ടുവളരെ പുണ്യവാന്മാർ സഭയിൽ പ്രശോഭിക്കുന്നതിനു് ദൈവം ഇടയാക്കി. ഇഗ്നേഷ്യസ് ലോയൊളാ, ഫ്രാൻസിസ്സേവ്യർ, സ്ലാനിസ്ലാസ്കോസ്ക്കാ, ലൂയീസ് ഗോൺസഗാ, ഫ്രാൻസിസ് ബോർജിയ, പീററർ ക്ലാവർ, ജോൺ ഓഫ് ദി ക്രോസ്, ജോൺ ദ് ആവില, ചാറൽസ് ബൊറേമെയോ, പീററർ അല്ക്കാന്തറ, ഫിലിപ്പ് നേരി, ലൂയി ബർട്രാൻഡ് എന്നിങ്ങനെ പുരുഷന്മാരുടെയിടയിൽ ധാരാളം കീർത്തിപ്പെട്ട വിശുദ്ധന്മാർ അക്കാലത്തു ജീവിച്ചിരുന്നു. അതുപോലെതന്നെ സ്ത്രീകളുടെയിടയിലും മഗ്ദലേന ദെ പാസി, യൊവാന്ന വാൾവാ, ആഞ്ചല മെറീച്ചി, ജയിൻ ദെഷന്താൾ എന്നിങ്ങനെ ഒട്ടുവളരെ വിശ്രുതരായ വിശുദ്ധകളും അന്നു ജീവിച്ചിരുന്നു. എന്നാൽ ഇവരുടെയിടയിൽ വിശുദ്ധിയിലും മററെല്ലാക്കാര്യങ്ങളിലും സൂര്യനെപ്പോലെ പ്രശോഭിച്ചിരുന്ന ഒരു മഹാവിശുദ്ധയാണു് ആവിലായിലെ അമ്മ ത്രേസ്യാ.

അതെ, ശാസ്ത്രത്തിൽ വേദപാരംഗതനെപ്പോലെയും, വേദപ്രചാരണജോലിയിൽ അപ്പോസ്തലനെപ്പോലെയും, സഹനത്തിൽ രക്തസാക്ഷിയെപ്പോലെയും, ശുദ്ധതയിൽ ദൈവദൂതനെപ്പോലെയും, ദൈവസ്നേഹത്തിൽ ഭക്തിജ്വാലക ദൈവദൂതനെപ്പോലെയും ക്രമാനുസരണത്തിൽ വന്ദകനെപ്പോലെയും അമ്മ ത്രേസ്യാപുണ്യവതി അക്കാലത്തു പ്രശോഭിച്ചിരുന്നു. അൽഫോൻസു ലിഗോറി പുണ്യവാൻ ഇരുപ്പട്ടമേററശേഷം തൻെറ സംബന്ധിയായ ഒരു വൃദ്ധവൈദികനെ സന്ദർശിച്ച അവസരത്തിൽ "പുണ്യത്തിലും ശാസ്ത്രത്തിലും തനിക്കു് അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ വി. അമ്മ ത്രേസ്യായെ അഭയംപ്രാപിച്ചുകൊൾക" എന്നു് അദ്ദേഹം വിശുദ്ധനോടു പറയുകയുണ്ടായി. ആ ഉപദേശാനുസരണം ലിഗോറി പുണ്യവാൻ അമ്മത്രേസ്യാ പുണ്യവതിയുടെ ഒരുത്തമഭക്തനായിത്തീരുകയും, സഭയിൽ പല മഹൽകാര്യങ്ങൾ നിർവ്വഹിക്കാൻ പ്രാപ്തനാവുകയും ചെയ്തു എന്നതു പ്രസ്താവ്യമാണു്.

1. Doctor. ഒരു വേദപാരംഗതയാണു് ശാസ്ത്രജ്ഞാനത്തിൽ നമ്മുടെ വിശുദ്ധ— പുണ്യത്തിൽ മാത്രമല്ല, ശാസ്ത്രത്തിലും ഉന്നത നില പ്രാപിച്ച ചിലരെയാണു് തിരുസ്സഭ വേദപാരംഗതരായി പരിഗണിക്കുന്നതു്. ഔദ്യോഗികമായിട്ടല്ലെങ്കിലും അക്കൂട്ടത്തിൽ എണ്ണപ്പെടുവാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള ഏക സ്ത്രീ വി. അമ്മ ത്രേസ്യാ മാത്രമാണു്. അവൾ രചിച്ചിട്ടുള്ള ആദ്ധ്യാത്മിക ഗ്രന്ഥങ്ങളെ ഏവരും വളരെ കാര്യമായി കരുതുന്നു. പുണ്യവതി വലിയൊരു സാഹിത്യകാരിയും ആയിരുന്നു. അവളുടെ കൃതികളിലെ ഭാഷാവൈശിഷ്ട്യംമൂലം, അവൾ എഴുതിയിട്ടുള്ള ചില ഗ്രന്ഥങ്ങൾ സ്പെയിൻരാജ്യത്തെ കോളേജുകളിൽ പാഠപുസ്തകങ്ങളായി ഇന്നും ഉപയോഗിച്ചുവരുന്നുണ്ടത്രേ. വിജ്ഞാനസമ്പാദനത്തിനുള്ള ഒരു പ്രധാന മാർഗ്ഗം നല്ല പുസ്തകങ്ങളുടെ വായനയാണല്ലോ. അറിവിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പുണ്യമേ ശാശ്വതമായിരിക്കയുള്ളൂ. ബുദ്ധിയിൽ പ്രവേശിച്ചു് ഹൃദയത്തിൽകൂടിയിറങ്ങി കരങ്ങൾവഴി പ്രവർത്തിക്കുന്നതത്രേ യഥാർത്ഥമായ പുണ്യകൃത്യം. ഈ തത്വം നന്നായി ഗ്രഹിച്ചിരുന്ന നമ്മുടെ വിശുദ്ധ ചെറുപ്പംമുതൽ സൽഗ്രന്ഥപാരായണത്തിൽ അത്യുൽസുകയായിരുന്നു.

2. Apostle. ഒരു അപ്പോസ്തലനെപ്പോലെ വേദപ്രചാരണജോലിയിൽ വി. അമ്മ ത്രേസ്യാ വർത്തിച്ചിരുന്നു. ഏഴു വയസ്സുമാത്രം പ്രായമായിരിക്കയിൽ വേദമറിയിക്കുന്നതിനും വേദത്തെപ്രതി മരിക്കുന്നതിനു

മായി വീട്ടുകാർ അറിയാതെ സഹോദരനോടുകൂടെ ആഫ്രിക്കായിലേയ്ക്കു പുറപ്പെട്ടതു് ഈ തീക്ഷ്ണത മൂലമത്രേ. കർമ്മലീത്താസഭയെ നവീകരിച്ചതുതന്നെയും ആത്മാക്കളുടെ രക്ഷയിലുള്ള ശുഷ്കാന്തിനിമിത്തമാണ്. ചൈനായിൽ ജോലിചെയ്തിരുന്ന ഒരു മിഷ്യനറി നമ്മുടെ വിശുദ്ധയെ യാദൃച്ഛികമായി സന്ദർശിച്ചു. തദവസരത്തിൽ, ചൈനയിലും ഇൻഡ്യയിലും അനേകായിരങ്ങൾ സത്യദൈവത്തെ അറിയാതെ ജീവിച്ചു പോരുന്നു എന്ന് അദ്ദേഹം പറയുകയുണ്ടായി. അതു കേട്ടപ്പോൾ അതീവ ദുഃഖിതയായിത്തീർന്ന പുണ്യവതി ചെയ്ത നിശ്ചയം ഇതാണ്: "ഹാ! ആ രാജ്യങ്ങളിൽ പോയി അവരെയെല്ലാം സത്യദൈവത്തിലേയ്ക്ക് ആനയിക്കുന്നതിനു് എനിക്ക് അതിയായ ആഗ്രഹമുണ്ടു്. എങ്കിലും തല്ക്കാലസാഹചര്യങ്ങളിൽ അബലയായ എനിക്കു് അതു സാദ്ധ്യമല്ല. അതിനാൽ പ്രസ്തുതജോലി വൈദികമിഷ്യനറിമാർ നടത്തട്ടെ. ഞാനും എന്റെ നവീകൃതസഭയിലെ അംഗങ്ങളുമാകട്ടെ പ്രാർത്ഥനയാകുന്ന ജലവും, തപഃപ്രായശ്ചിത്തങ്ങളാകുന്ന വളവും കൊടുത്തു് അവരുടെ പ്രയത്നങ്ങളെ ഫലപുഷ്ടമാക്കിത്തീർക്കുന്നതായിരിക്കും." ഈ നിശ്ചയമനുസരിച്ചു് പ്രവർത്തിച്ചതിന്റെ ഫലമായി, സെവ്യാർ പുണ്യവാൻ തന്റെ ദീർഘപ്രയാണങ്ങളും പ്രയത്നങ്ങളുംമൂലം മാനസാന്തരപ്പെടുത്തിയിടത്തോളം തന്നെ ആത്മാക്കളെ വി. അമ്മ ത്രേസ്യാ തന്റെ ഏകാന്തതയിൽ വസിച്ചുകൊണ്ടു രക്ഷിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നു.

3. Martyr. സഹനത്തിൽ ഒരു രക്തസാക്ഷിണിയത്രെ നമ്മുടെ പുണ്യവതി. അവളുടെ മുദ്രാവാക്യം തന്നെ "ഒന്നുകിൽ സഹിക്കുക, അല്ലെങ്കിൽ മരിക്കുക" എന്നായിരുന്നു. നാല്പതു സംവത്സരം പലവിധ രോഗങ്ങളാൽ പീഡയനുഭവിച്ചിരുന്നെങ്കിലും യാതൊരു ആവലാതിയുംകൂടാതെ അതെല്ലാം ക്ഷമയോടെ സഹിച്ചു. ഒരിക്കൽ ദേവാലയത്തിൽവെച്ചു് ഒരു സ്ത്രീ അകാരണമായി പുണ്യവതിയുടെ കന്നത്തടിച്ചതും, മറെറാരിക്കൽ ഒരിടവഴിയിൽവെച്ചു് ഒരാൾ അവളെ തള്ളിയിട്ടതും, താൻ അതിനു് അർഹയാണെന്നു പറഞ്ഞുകൊണ്ടു്, വളരെ ശാന്തതയോടെ സഹിച്ചു. അവസാനദിവസങ്ങളിലും വളരെ ക്ലേശങ്ങൾ സഹിച്ചിട്ടുണ്ടു്. ആകെ 32—ആശ്രമങ്ങൾ—പുരുഷന്മാർക്കു് 15—ം, സ്ത്രീകൾക്കു് 17—ം—ആണു് അവൾ സ്ഥാപിച്ചിട്ടുള്ളതു്. സ്പെയിൻ രാജ്യത്തിന്റെ നാനാഭാഗങ്ങളിലായുള്ള ഈ 32 ആശ്രമങ്ങളുടെ സ്ഥാപനത്തിൽ എത്രമാത്രം കഷ്ടപ്പാടുകൾ സഹിച്ചിരിക്കുമെന്നു സ്വല്പം ആലോചിച്ചാൽ നമുക്കും അറിയാവുന്നതാണ്.

അവളുടെ അവസാനത്തെ സ്ഥാപനം ബുർഗ്ഗോസിലെ കന്യകാമഠമായിരുന്നു. അതിന്റെ സ്ഥാപനശേഷം വിശുദ്ധയ്ക്കു പിടിപെട്ട ഒരു പനി മരണകരമെന്നുകണ്ടു്, തന്റെ പ്രഥമസ്ഥാപനത്തിൽ കിടന്നു മരണമടയണമെന്നു കരുതി അവൾ ആവിലായ്ക്കു പുറപ്പെട്ടു. എന്നാൽ വഴിമദ്ധ്യേ ആലസ്യം വർദ്ധിക്കുകയാൽ ഇടയ്ക്കുണ്ടായിരുന്ന ഒരു മഠത്തിൽ പ്രവേശിച്ചു. എങ്കിലും രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ ഇനി അവിടെ താമസിക്കാൻ സാധിക്കയില്ലെന്നും ഉടനെ സ്ഥലം വിടണമെന്നും മഠാധിപ നിർബന്ധിക്കയുണ്ടായി. ആലസ്യം വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നെങ്കിലും ഒരാവലാതിയുംകൂടാതെ പുണ്യവതി സ്ഥലം വിട്ടു. അവിടെനിന്നും പുറപ്പെട്ടു കുറേദൂരം ചെന്നപ്പോൾ വഴിയരികിലുണ്ടായിരുന്ന വേറൊരു മഠത്തിൽ ചെന്നു. അവിടുത്തെ അധികാരിയാകട്ടെ പ്രവേശനം അനുവദിച്ചതേയില്ല. പിന്നീടു മൂന്നാമതൊരു മഠത്തിൽ ചെല്ലുകയും അവിടത്തെ മഠാധിപയും സോദരികളും അവളെ സസന്തോഷം സ്വീകരിച്ചാദരിക്കയും ചെയ്തു. ഒരു പതിനഞ്ചു ദിവസശേഷം അവിടെവെച്ചാണ് 1582—ൽ 67—ാം വയസ്സിൽ വിശുദ്ധ ഭാഗ്യമരണം പ്രാപിച്ചതു്. അവളുടെ അഴിയാത്ത ചങ്കു് നാലു നൂററാണ്ടുകളുടെശേഷം ഇന്നും ആ മഠത്തിൽ സൂക്ഷിക്കപ്പെടുന്നു—തന്റെ പ്രയത്നഫലമായുണ്ടായ ആ ആദ്യത്തെ രണ്ടു മഠങ്ങളിൽ നിന്നും, തന്റെ ദയനീയസ്ഥിതിയിൽ താൻ നിർദ്ദയം നിഷ്കാസിതയായെങ്കിലും യാതൊരു ആവലാതിയുംകൂടാതെ അവൾ ധീരതയോടെ അതു സഹിക്കയാണുണ്ടായതു്.

4. Angel. ദൈവദൂതസദൃശയായിരുന്നു വിശുദ്ധിയിൽ അമ്മ ത്രേസ്യാ പുണ്യവതി. മനഃപൂർവ്വം ഘനമായ എന്നല്ല, ലഘുവായ ഒരു പാപംപോലും അവൾ ചെയ്തിട്ടില്ല. ജ്ഞാനസ്നാനത്തിൽ ലഭിച്ച പ്രസാദവരം ഒരിക്കലും തനിക്കു നഷ്ടപ്പെട്ടിട്ടില്ല എന്നു വിശുദ്ധതന്നെ പറയുന്നു. അവളുടെ ശുദ്ധതയ്ക്കു പ്രതിസമ്മാനമായി ഒരിക്കൽ ദിവ്യജനനി പ്രത്യക്ഷപ്പെട്ടു് അവളെ ഒരു രത്നമാല ധരിപ്പിക്കയുണ്ടായി. തന്നോടു് ഇടപെ

ട്ടിരുന്നവരെക്കൂടെയും തന്റെ മാദ്ധ്യസ്ഥപ്രാർത്ഥനമൂലം അവൾ വിശുദ്ധരാക്കിയിരുന്നു. അവളുടെ കുമ്പസാരക്കാർ എല്ലാവരും തന്നെ പുണ്യവാന്മാരാണ്. കർമ്മെലീത്തനായ വി. യോഹന്നാൻക്രൂസ്, ഫ്രൻസിസ്കനായ വി. പീററർ അല്ക്കാന്ത്ര, ദൊമിനിക്കനായ വി. ലൂയിസ് ബർട്രാൻഡ്, ഈശോസഭക്കാരായ വി. ഫ്രാൻസിസ് ബോർജിയ, വാ. ബാൾത്തസാർ ആൾവരസ്, ഇടവക വൈദികനായ വാ. ജോൺ ആവിലാ എന്നിവരായിരുന്നു അവളുടെ കുമ്പസാരക്കാർ. അവൾ ന്യായമായും പട്ടക്കാരുടെ മദ്ധ്യസ്ഥയായി കരുതപ്പെടുന്നു. അവൾ പ്രവർത്തിച്ച ഒന്നാമത്തെ അത്ഭുതം തന്നെ പാപത്തിൽ ജീവിച്ചിരുന്ന ഒരു വൈദികന്റെ മാനസാന്തരമത്രെ. അതിനുവേണ്ടി അവൾ തന്റെ ദിവ്യമണവാളനോട് ഇങ്ങനെയാണ് പ്രാർത്ഥിച്ചതു്: "കർത്താവേ, അദ്ദേഹവും നമ്മോടൊന്നിച്ച സ്വർഗ്ഗത്തിൽ ഭാഗ്യമനുഭവിക്കാൻ അർഹതയുള്ളവനാണെന്നോർത്ത് അദ്ദേഹത്തെ ദയാപൂർവ്വം നേർവഴിയിലേയ്ക്കു തിരിക്കണമെന്നു നിന്നോടു ഞാൻ കേണപേക്ഷിക്കുന്നു." വിശുദ്ധനായ ഒരു വൈദികൻവഴി സിദ്ധിക്കാവുന്ന ഗുണങ്ങൾ നിരവധിയാണെന്നു നമ്മുടെ വിശുദ്ധ നന്നായി ഗ്രഹിച്ചിരുന്നതിനാൽ, ദൈവത്തിന്റേയും പട്ടക്കാരുടേയും മദ്ധ്യേനിന്നുകൊണ്ട് പട്ടക്കാരുടെ വിശുദ്ധീകരണാർത്ഥം മാദ്ധ്യസ്ഥം വഹിക്കുന്നതു് ഒരു കന്യാസ്ത്രീയുടെ സർവ്വപ്രധാനമായ കടമയാണെന്നു് അവൾ കരുതിയിരുന്നു.

5. Seraph. ഭക്തിജ്വാലകസദൃശയായിരുന്ന ദൈവസ്നേഹത്തിൽ നമ്മുടെ വിശുദ്ധ. ഏഴ വയസ്സു പ്രായത്തിൽ രക്തസാക്ഷിയായി മരണംപ്രാപിക്കാൻ വേണ്ടി ആഫ്രിക്കയിലേയ്ക്കു പോകുന്നതിന് അവളെ പ്രേരിപ്പിച്ചതു് ഈ ദൈവസ്നേഹം ഒന്നു മാത്രമാണ്. "ദൈവം എനിക്കു മോക്ഷം തരാതിരുന്നാലും, എന്നെ നരകത്തിലേയ്ക്കു വിട്ടാലും ഞാൻ അവിടുത്തെ സ്നേഹിക്കും. എന്തെന്നാൽ അവിടുന്നു സർവ്വ നന്മയും സർവ്വ സ്നേഹത്തിനു യോഗ്യനുമത്രേ" എന്നാണ് അവൾ പറഞ്ഞിരുന്നതു്. ഒരിക്കൽ അവൾ മഠത്തിന്റെ 'വരാന്ത'യിൽക്കൂടെ നടന്നുപോകുമ്പോൾ ഈശോ ഒരു ബാലന്റെ വേഷത്തിൽ അവൾക്കു പ്രത്യക്ഷനായി. ആത്മാവൃതത്തിനുള്ളിൽ തന്റെ അറിവുകൂടാതെ ഈവിധം ഒരു ബാലൻ എങ്ങനെ പ്രവേശിച്ചുവെന്നു വിചാരിച്ച "കുഞ്ഞേ നീ ആരാകുന്നു?" എന്നു പുണ്യവതി ചോദിച്ചു. ഉടനെ ബാലൻ "അങ്ങു് ആരാകുന്നു?" എന്നു ചോദിക്കയാണുണ്ടായതു്. അതിനുത്തരമായി "ഞാൻ ഈശോയുടെ ത്രേസ്യാ ആകുന്നു" എന്നു പറഞ്ഞുടനെ "ഞാൻ ത്രേസ്യായുടെ ഈശോ ആകുന്നു" എന്നു മറുപടി കൊടുത്തുകൊണ്ടു് അവിടുന്നു് അപ്രത്യക്ഷനായി. വേറൊരു അവസരത്തിൽ ഈശോ അവൾക്കു കാണപ്പെട്ടുകൊണ്ടു് താൻ സ്വർഗ്ഗം സൃഷ്ടിച്ചിട്ടില്ലായിരുന്നെങ്കിൽ അവൾക്കായിട്ടു താനതു സൃഷ്ടിക്കുമായിരുന്നു എന്നു് അരുളിച്ചെയ്കയുണ്ടായി. നമ്മുടെ വിശുദ്ധ ഒരിക്കൽ ദൈവസ്നേഹത്താൽ എരിഞ്ഞു് പരി. കുർബാനയുടെ സന്നിധിയിൽ നിൽക്കുമ്പോൾ ഒരു ദൈവദൂതൻ അവിടെ പ്രത്യക്ഷപ്പെട്ടു് ഒരു കുന്തംകൊണ്ടു് അവളുടെ ചങ്കു് കുത്തിത്തുളച്ചു. ഇതിന്റെ സ്മരണയ്ക്കായി ആഗസ്റ്റ് 27-ൽ ഒരു തിരുനാൾതന്നെയും കർമ്മലസഭയിൽ ഏർപ്പെടുത്തപ്പെട്ടിട്ടുണ്ടു്. അഴിവുകൂടാതെ സൂക്ഷിക്കപ്പെടുന്ന വിശുദ്ധയുടെ ചങ്കിൽ ഇപ്പോഴും ആ മുറിവു കാണാവുന്നതാണ്. (ദൃക്‌സാക്ഷികളായ ഫാ. ജോസഫ് തളിയത്തും പതിയും പറഞ്ഞതനുസരിച്ചു് പല മുറിവുകൾ, ഒന്നു വലതു്.)

6. Confessor. ഒരുത്തമ വന്ദകനെപ്പോലെ കീഴ്‌വഴക്കത്തിലും ക്രമാനുഷ്ഠാനത്തിലും ത്രേസ്യാപുണ്യവതി ശോഭിച്ചിരുന്നു. എന്റെ ആത്മനിയന്താവിന്റെ നിർദ്ദേശത്തിനു വിരുദ്ധമായി ഒരു മാലാഖതന്നെ പറഞ്ഞാലും ഞാൻ അതു സ്വീകരിക്കയില്ല" എന്നും, "എന്റെ ക്രമങ്ങളിൽ ഒന്നു ലംഘിക്കുന്നതിനേക്കാൾ മരിക്കാൻ ഞാൻ സന്നദ്ധയാണ്" എന്നും അവൾ പറഞ്ഞിരുന്നു. വി. കൊച്ചുത്രേസ്യായെക്കുറിച്ചു് "ഈ ആധുനികകാലത്തിലെ ഏററം വലിയ വിശുദ്ധ" എന്നു 11-ാം പീയൂസ്മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളതു് 16-ാം ശതകത്തെ സംബന്ധിച്ചു് വി. അമ്മ ത്രേസ്യായെക്കുറിച്ചും ന്യായമായി പറയാവുന്നതാണ്. അവൾ കർത്താവിനു് അത്യന്തം പ്രസാദിച്ചവളായിരുന്നതിനാൽ അവളുടെ ഉള്ളഴിഞ്ഞുള്ള പ്രാർത്ഥനകളെ അവിടുന്നു സസന്തോഷം സ്വീകരിച്ചിരുന്നു. പാപികളുടെ മാനസാന്തരത്തിനായി അവൾ ഇങ്ങനെയാണു പ്രാർത്ഥിച്ചിരുന്നതു്: "ഹാ, എന്റെ ദൈവമേ, തങ്ങളോടുതന്നെ ഒരനുകമ്പയുമില്ലാത്തവരോടു നീ കൃപകാണിക്കണമേ. ലാസർ തന്നെ ഉയിപ്പിക്കണമെന്നു നിന്നോടു് ആവശ്യ

# കൊന്തനമസ്കാരം

(സിസ്റ്റർ മേരിജോൺ)

പൂമുഖത്തുവീട്ടിലെ മട്ടുപ്പാവിൽ ചാക്കോച്ചനും കുഞ്ഞമ്മയും, മകൻ ജോണിച്ചന്റെ വരവു കാത്തു് അങ്ങനെ ഇരിക്കയായിരുന്നു. പ്രസന്നവദനനായി—ആഹ്ലാദചിത്തനായി—എന്നാൽ എന്തോ ചിന്താവിഷ്ടനായി ജോണി ഓടിക്കയറി പൂമുഖത്തേയ്ക്കു്. കല്യാണവീട്ടിലെ സദ്യയും ചട്ടവട്ടങ്ങളും നന്നായിരുന്നോ? എന്നൊരു ചോദ്യം ചാക്കോച്ചനിൽനിന്നും പുറപ്പെട്ടു. അപ്പോൾ അമ്മച്ചി കുഞ്ഞമ്മ ചോദിക്കയാണു്, പെണ്ണിന്റെ മന്ത്രകോടി ഏതുതരമാണു്? ആഭരണങ്ങൾ എന്തുമാത്രമുണ്ടു്? എന്താ സുന്ദരിയാണോ എന്നുംമററും. ഈ ചോദ്യങ്ങൾക്കൊന്നും മറുപടി പറയുവാനൊരുങ്ങാതെ ജോണി ഒരു സംശയം അവരുടെ മദ്ധ്യത്തിലേയ്ക്കയച്ചു. ആ വരൻ ഒരു കൊന്തകൂടി വധുവിന്റെ കഴുത്തിലിട്ടുകൊടുത്തു. ഇതു കണ്ടപ്പോൾ എന്റെ മനസ്സിൽ ചില വിചാരങ്ങൾ കടന്നുകൂടി. അപ്പച്ചൻ എല്ലാദിവസവും ബിസ്സിനസ്സ് കഴിഞ്ഞു് രാത്രി 10½ 11 ആകുമ്പോഴല്ലേ ഇവിടെ വന്നുചേരുന്നതു്. അമ്മച്ചിയാണു കുഞ്ഞുങ്ങളേയും വേലക്കാരെയും വിളിച്ചിരുത്തി കൊന്തനമസ്കാരം ചൊല്ലുന്നതു്. അമ്മച്ചിയെപ്പോലെ ആ യുവതിയും കൊന്ത ചൊല്ലി വീട്ടിലിരിക്കാനുള്ള ഉദ്യോഗം ആ മനുഷ്യൻ കൊടുത്തതായിരിക്കുമോ എന്നാണു് എന്റെ സംശയം. ഈ സംസാരം അടുത്ത മുറിയിലിരുന്നു പത്രം വായിച്ചുകൊണ്ടിരുന്ന തങ്കി കേട്ടു. കഷ്ടം! എന്റെ ജോണിച്ചാ! നീ ഇത്ര വേഗം മറന്നുപോയല്ലോ നമ്മുടെ സമരകാലം. നമ്മുടെ അമ്മച്ചിയും താലൂക്കുകച്ചേരി പിക്കററുചെയ്തു് അറസ്റ്റു് വരിച്ചു പത്തുദിവസം ജയിലിൽ കിടന്നതല്ലേ? സമരം വിജയിപ്പിച്ചതു കേരളസ്ത്രീകളാണെന്നു് — മലനാട്ടിലെ മങ്കമാരാണെന്നു് എല്ലാ ഭൂഖണ്ഡങ്ങളിലും വ്യാപിച്ചുകഴിഞ്ഞു. എന്നിട്ടു പറയുകയാ—കൊന്തചൊല്ലി ഇരിക്കാനേ അറിയാവൂ എന്നു്. കേരളാംഗനമാക്കു കൊന്ത ജപിക്കാനുമറിയാം. സമരംചെയ്വാനുമറിയാം എന്റെ തങ്കിപ്പെണ്ണുങ്ങളോടു ഞാനൊന്നു ചോദിച്ചോട്ടെ. സമരത്തിനിറങ്ങിയതു് ഈയ്യിടെയല്ലേ? എന്നാൽ വിവാഹച്ചടങ്ങിൽ കൊന്ത കൊടുക്കുന്ന സമ്പ്രദായം ചിലരുടെയിടയിൽ വളരെ പ്രാചീനവും പാരമ്പര്യവുമുള്ളതാണു്. അതിന്റെ അർത്ഥമെന്താണു്?

---

പ്പെട്ടില്ല. എങ്കിലും പാപിയായ ഒരു സ്ത്രീയുടെ പ്രാർത്ഥനമൂലം നീ ആ അത്ഭുതം പ്രവർത്തിച്ചുവല്ലോ. ഇതാ അവളേക്കാൾ പാപിയായ ഒരാൾ നിന്റെ തൃപ്പാദത്തിങ്കൽ കിടക്കുന്നു. നിന്റെ കരുണ നീ കാണിക്കുക. അതെ, അതിനായി പ്രാർത്ഥിക്കാൻ കൂട്ടാക്കാത്തവർക്കുവേണ്ടി, നിന്നോടു ഞാൻ അതിനായി യാചിക്കുന്നു. ഇനി, ഞങ്ങളുടെ അന്ധത നോക്കാതെ നിന്റെ ദിവ്യകുമാരൻ ഞങ്ങൾക്കുവേണ്ടി ചിന്തിയ തിരുരക്തത്തെ നോക്കിക്കൊണ്ടു് അവരോടു നീ കൃപയുള്ളവനായിരിക്കേണമേ" ഹാ! എത്ര ഹൃദയസ്പൃക്കായ പ്രാർത്ഥന!

വി. അമ്മ ത്രേസ്യായെപ്പോലെ വിശുദ്ധി പ്രാപിക്കുന്നതിനു നാം എന്താണു ചെയ്യേണ്ടതു്? തിന്മയിൽനിന്നകന്നു നന്മചെയ്യുന്നതിലാണു പുണ്യം അടങ്ങിയിരിക്കുന്നതു്. തിന്മയിൽനിന്നകലുന്നതിനായി നമ്മുടെ വിശുദ്ധ "എന്നേയ്ക്കും എന്നേയ്ക്കും" എന്നു് കൂടെക്കൂടെ പറഞ്ഞുകൊണ്ടു് നിത്യതയെപ്പററി സദാ ചിന്തിച്ചിരുന്നു. നന്മ പ്രാപിക്കുന്നതിനു തിരുക്കുടുംബാംഗങ്ങളായ ഈശോ, മറിയം, യൗസേപ്പ് എന്നിവരെ ആത്മാർത്ഥമായി സ്നേഹിച്ചുകൊണ്ടു് അവരുടെ സഹായം തേടുകയും അവരെ ശരിവരെ കണ്ടുപഠിക്കാൻ അവൾ ശ്രമിക്കയും ചെയ്തിരുന്നു. അതിനാൽ വിശുദ്ധിപ്രാപ്തിക്കു് ഈ പുണ്യവതി പിടിച്ചിരുന്ന ആ ഇരു മാർഗ്ഗങ്ങൾ പിടിക്കുന്നതു് നമുക്കും ഉപകാരപ്രദമായിരിക്കും.

ജോണിച്ചൻ ആ കസേരയിൽ ഇരിക്കൂ. ഞാനൊരു സംഭവം പറഞ്ഞുകേൾപ്പിക്കാം. എൻെറ ഒരു സഹപാഠിയായിരുന്ന രാജൻ ഒരു സംഘടനയിൽചേർന്ന് ഊർജ്ജിതമായി പ്രവർത്തനം നടത്തിവരികയായിരുന്നു. ഒരു ദിവസം വിശപ്പുകൊണ്ടു വളരെ ക്ഷീണിച്ച് അവശനായിട്ടാണു വീട്ടിലെത്തിയതു്. ഗെയിററുതുറന്നു അകത്തേയ്ക്കു കടന്നപ്പോൾ, സമീപത്തുള്ള പള്ളിയിൽനിന്നും സന്ധ്യമണി അടിക്കുന്നതു കേട്ടു. കുരിശുമണി കേട്ടാലുടനെ അവൻെറ അമ്മ വിളക്കു കൊളുത്തി കൊന്തനമസ്കാരം ആരംഭിക്കും. പ്രാർത്ഥന കഴിയുമ്പോഴാണു രാജൻ സാധാരണയായി വന്നുചേരുന്നതു്. അന്നു് എങ്ങിനേയാ അല്പം നേരത്തെ വന്നുപോയി. അമ്മയുടെ പ്രാർത്ഥനാചൈതന്യമൊന്നും മകനില്ല. അവനു് ഉടൻതന്നെ ചോറു കിട്ടണം. കൊന്തനമസ്കാരം കഴിയാതെ അമ്മച്ചി കൊടുക്കുകയുമില്ല. സമരാവേശം മൂത്തു് അവൻ പുറത്തേയ്ക്കിറങ്ങി "സിന്ദാബാദ്" വിളിച്ചുകഴിഞ്ഞു. അവനുമുണ്ടു് ചില കമ്മ്യൂണിസ്റ്റ്കൂട്ടുകാർ. ക്ഷണനേരംകൊണ്ടു് അവരെല്ലാം അവിടെ എത്തിക്കഴിഞ്ഞു. കാഴ്ചക്കാരായി ഒരു നല്ല ജനക്കൂട്ടവും. രാജൻെറ ക്ഷീണമെല്ലാം മാറി അവൻ മുദ്രാവാക്യം മുഴക്കിത്തുടങ്ങി. "അമ്മച്ചിയാണെ കട്ടായം ചോറു ഞങ്ങൾ വാങ്ങിക്കും—ആദ്യം ചോറുണ്ണട്ടെ പിന്നെക്കൊന്ത ചൊല്ലീടാം." ഇങ്ങനെ മുദ്രാവാക്യങ്ങളുമായി ഒരു ഉശിരൻ ജാഥ മുന്നോട്ടു നീങ്ങുകയാണു്. നമ്മുടെ വീട്ടിൻെറ പടിക്കലെത്തിയപ്പോൾ ചില നേതാക്കന്മാർ സമാധാനപ്പെടുത്തി എല്ലാവരേയും പറഞ്ഞയച്ചു. വീട്ടിൽ തിരിച്ചെത്തിയ രാജനു ഭക്ഷണത്തിൻെറ ആവശ്യമേയില്ല. ആ നല്ല മാതാപിതാക്കന്മാരുടെ സ്വത്തിനു് ഏകാവകാശിയാണു രാജൻ. അവരെ സംരക്ഷിക്കുവാൻ—അവരുടെ കണ്ണുനീർ തുടയ്ക്കുവാൻ ദൈവം അവർക്കു നൽകിയ ഏക സന്താനം. അതിരു കവിഞ്ഞ ലാളനകൾ രാജനു കിട്ടിയതിൽ അതിശയിക്കാനുമില്ല. പ്രസ്തുത സംഭവത്തിനു ശേഷം ആ ദമ്പതികൾ രാജനെപ്പററി ആകുലചിത്തരായി കഴിയുകയാണു്. രാജൻെറ അമ്മച്ചി ആ വീട്ടിലെ കെടാവിളക്കെന്നു മാത്രമല്ല പൊതുക്കാര്യപ്രസക്തയുംകൂടിയാണു്. അവർക്കു പെട്ടെന്നൊരു രോഗം പിടിപെട്ടു. അതോടെ അവർ മരണം പ്രാപിച്ചുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.......... മരിച്ചുകിടക്കുന്ന ആ സ്ത്രീയുടെകയ്യിൽ വളരെ പാരമ്പര്യമുള്ള ഒരു കൊന്തയും കുരിശുരൂപവും പിടിപ്പിച്ചിട്ടുണ്ടു്. ഏഴു തലമുറ മുമ്പുള്ള ഒരു കാരണവർ തൻെറ ഭാര്യയ്ക്കു വിവാഹദിവസം നൽകിയ കൊന്തയാണതു്. ആ കുടുംബത്തിലെ പുരുഷന്മാർ വിവാഹകർമ്മത്തിൽ പാരമ്പര്യമായി ഈ കൊന്തയാണു വധുവിനു കൊടുക്കുന്നതു്. കൊന്തനമസ്കാരം ഒരു കുടുംബത്തിൽ സമാധാനം ഉളവാക്കുന്നു. ഐശ്വര്യം വർദ്ധിപ്പിക്കുന്നു.

അങ്ങനെയെങ്കിൽ ഇന്നുമുതൽ നമ്മുടെ വീട്ടിൽ എല്ലാവരും കൊന്തനമസ്കാരത്തിൽ സംബന്ധിക്കണം. അതിനെന്താവഴിയെന്നായി ജോണിച്ചൻ. നീ നല്ല ബുദ്ധിമാനാണല്ലോ, ഒരു മാർഗ്ഗം കണ്ടുപിടിക്കൂ എന്നു തങ്കിയും പറഞ്ഞു. കൊന്തയുടെ രഹസ്യങ്ങളിൽ ഒന്നാമത്തേതു് അപ്പൂപ്പൻ, രണ്ടാമത്തേതു് അമ്മൂമ്മ, പിന്നെ അപ്പച്ചൻ, അമ്മച്ചി ഇങ്ങനെയല്ലേ നമ്മൾ ചൊല്ലുന്നതു്. അതു് ഈ നാട്ടിലെ ഒരു പതിവുമാണു്. ഈ പതിവു് ഉപേക്ഷിക്കണം. നമ്മുടെ ലീലയ്ക്കു മൂന്നു വയസ്സേയുള്ളൂ. അവൾക്കു് ആകാശങ്ങളി..........നന്മ നിറഞ്ഞ.......ഇവ അറിയാം. അതുകൊണ്ടു് ഒന്നാം രഹസ്യം അവൾ ചൊല്ലട്ടെ. അതിനുശേഷം അവൾ പോയിക്കിടന്നുറങ്ങിക്കൊള്ളും. രണ്ടാം രഹസ്യം സണ്ണിയും ചൊല്ലും. ഇങ്ങനെ ഇളയ കുട്ടികൾ തുടങ്ങി കൊന്തയുടെ രഹസ്യം ചൊല്ലുന്ന ഒരു പാരമ്പര്യം നമ്മുക്കുണ്ടാക്കിയാൽ മതി. സണ്ണിയുടെ ഈ പ്ലാൻ എല്ലാവർക്കും ഇഷ്ടപ്പെട്ടു. പിറേറദിവസംമുതൽ കൊന്തയും കൈയിൽപിടിച്ചു കാത്തിരിക്കയാണു ലീലയും സണ്ണിയും. സന്ധ്യയ്ക്കുമുമ്പു കിടന്നുറങ്ങുന്ന കുഞ്ഞുങ്ങൾ കൊന്തനമസ്കാരം ചൊല്ലുവാൻ വെമ്പൽകൊള്ളുകയാണു്. ദൈവമാതാവിൻെറ തിരുസ്വരൂപത്തിങ്കൽ പുഷ്പങ്ങൾ ചാർത്തുവാൻ കുഞ്ഞുങ്ങൾക്കു വളരെ ഇഷ്ടം. ആ കുടുംബത്തിലെ ഈ നല്ല പാരമ്പര്യം—ജപമാലഭക്തി ആ നാട്ടിൽ പലരും അനുകരിച്ചു.

---

"ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു തുടൎന്നുകൊള്ളും."

# ആ ശൃംഗാരിപ്പെണ്ണ് പുണ്യഗോപുരത്തിൻെറ ഉച്ചിയിൽ

(ഫാദർ ലേത്തൂസ്, സി. എം. ഐ.)

## ശൃംഗാരിപ്പെണ്ണ്

സ്നേഹത്തിൻെറ നിറകുടമായിരുന്ന ആ യുവതി. ഒരു യുവതിയുടേതിനെക്കാൾ യുവാവിൻെറ ഛായയാണവൾക്കുണ്ടായിരുന്നതെന്നു ചരിത്രകാരന്മാർ പറയുന്നു. അവളുടെ നീണ്ട നീലക്കണ്ണുകളും തഴച്ച കാർകൂന്തലും പ്രകീർത്തിതങ്ങളാണ്. അതിസുന്ദരിയാണു താനെന്ന് അവൾ അഭിമാനംകൊണ്ടിരുന്നു. ആരെയും ആകർഷിക്കുന്നതിനുള്ള ഒരു കാന്തശക്തി അവൾക്കുണ്ടായിരുന്നെന്നതു പരമാർത്ഥം മാത്രമാണ്. ആ കുലീനകുലജാത നിഗളത്തിൻെറ വിളനിലമായി വളന്നുവന്നു. വിശ്വവിഖ്യാതമായ അവളുടെ സ്വയംകൃതചരിതത്തിൽ തൻെറ ബാല്യകാലസ്മരണ അവൾ ഇങ്ങനെ രേഖപ്പെടുത്തുന്നു: "അതിസുന്ദരിയായി ജനദൃഷ്ടിയിൽ പ്രത്യക്ഷപ്പെടുന്നതിനുവേണ്ടി, ഞാൻ വസ്ത്രാഭരണങ്ങളിൽ വളരെ ശ്രമം പ്രദർശിപ്പിച്ചിരുന്നു. എൻെറ തലമുടിയും കൈത്തണ്ടുകളും ഭംഗിപിടിപ്പിക്കുവാൻ വേണ്ടി എന്തുമാത്രം ക്ലേശങ്ങൾ ഞാനെടുത്തിട്ടുണ്ടെന്നോ! സുഗന്ധം പൂശാതെ ഞാൻ നടന്നിരുന്നില്ല. അല്ല, അന്ന് എൻെറ പിടിയിൽപ്പെട്ട സകല മായാലങ്കാരത്തിനും ഞാൻ അടിപെട്ടു ജീവിച്ചിരുന്നു." അവളുടെ രക്തബന്ധത്തിൽപ്പെട്ട ചില യുവസ്നേഹിതന്മാർ അവൾക്കുണ്ടായിരുന്നു. "പ്രേമം" ആ പദം തന്നെ അവളുടെ ഹൃദയത്തെ തുടിപ്പിച്ചിരുന്നു. ആ സൌന്ദര്യധാമത്തിൻെറ ഏററം പ്രിയംകരമായ തൊഴിൽ നോവൽ പാരായണവും യുവസ്നേഹിതന്മാരുമായുള്ള സല്ലാപങ്ങളുമായിരുന്നു. അതേപ്പററി പിൽക്കാലത്തവൾ പ്രസ്താവിച്ചിട്ടുള്ളതിങ്ങനെയാണ്: "എൻെറ അപ്പൻ അറിയാതെ ദിനരാത്രങ്ങളുടെ അനേകമനേകം മണിക്കൂറുകൾ ഞാൻ നോവൽവായനയിൽ കഴിച്ചുകൂട്ടി. ആ ദുസ്തഴക്കത്തിൽ ഞാൻ ആണ്ടുപോയി. ഒരു നോവൽകൂടാതെ ജീവിക്കുക എനിക്കു ക്ലേശാവഹമായിത്തീന്നു............ എൻെറ യുവസ്നേഹിതന്മാരും ഞാനും സദാ ഒന്നിച്ചായിരുന്നു. അവക്ക് എന്നോടു വലിയ സ്നേഹമാണ്. അവരെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി അവരുമായുള്ള സല്ലാപങ്ങളിൽ ഞാൻ സജീവമായി പങ്കെടുത്തു. അവരുടെ സ്നേഹാലാപങ്ങളെല്ലാം ഞാൻ സകൗതുകം ശ്രദ്ധിച്ചു കേൾക്കും."

## മഠത്തിലെ ബോർഡിംഗിൽ

വികാരനിർഭരയും മായാമോഹിനിയുമായിരുന്ന ആ സ്പാനിഷ് യുവതിയുടെ ചെറുപ്പകാലം അങ്ങനെ സ്നേഹസ്വപ്നത്തിൽ കഴിഞ്ഞുപോയി. വീരാരാധകയും ആനന്ദേച്ഛുവുമായ അവൾ ഒരു രാജകുമാരനെ വരനായി ലഭിക്കുവാൻ അഭിലഷിച്ചു. ഒരു രാജ്ഞിയുടെ യശസ്സും പ്രാഭവവും അവൾ ദിവാസ്വപ്നം കണ്ടുകൊണ്ടിരുന്നു. രാജവരൻ മണവാട്ടിയുടെ കാര്യത്തിൽ അതിശ്രദ്ധാലുവായിരിക്കുമെന്നും അദ്ദേഹം തന്നെ അത്യധികം സ്നേഹിച്ചു സന്തോഷിപ്പിക്കുമെന്നും അവൾ കരുതി. അവളുടെ പിതാവു് സ്വകുമാരിയുടെ കാര്യത്തിൽ ചിന്താകുലനാകതന്നെ ചെയ്തു. തള്ളയില്ലാത്ത തൻെറ മകളെ അദ്ദേഹം അഗസ്റ്റിനിയൻ കന്യകകളുടെ ആശ്രമത്തിൽ സ്വഭാവസംസ്കരണത്തിനായി കൊണ്ടുപോയി താമസിപ്പിച്ചു. അവളുടെ ബോർഡിംഗ്ജീവിതം അധികനാൾ നീണ്ടുനിന്നില്ല. കന്യാസ്ത്രീകളെയെല്ലാം തൻെറ സരസഭാഷണവും തകൃതവുംകൊണ്ടു് അവൾ കരസ്ഥമാക്കി. അവക്കെല്ലാം അവളെ വലിയ കാര്യമായിരുന്നു. അന്നത്തെ അവളുടെ കന്യകാലയജീവിതത്തെപ്പററി അവൾതന്നെ എഴുതുകയാണ്: "എല്ലാവരെയും രസിപ്പിക്കുവാനും ആകഷിക്കുവാനും ഉള്ള വരം ദൈവം എനിക്കു തന്നരുന്നതിനാൽ ഞാൻ കന്യാസ്ത്രീയമ്മമാക്ക് ഒരു കണ്ണിലുണ്ണിയായി ഭവിച്ചു. അവർ എന്നെ അത്യധികം വാത്സല്യപ്പെട്ടിരുന്നെങ്കിലും മഠത്തിൽ ചേരുന്ന കാര്യത്തെപ്പററിയുള്ള ചിന്തപോലും ഞാൻ വെറുത്തിരുന്നു. എങ്കിലും കന്യാസ്ത്രീകളെ കാണുന്നതു് എനിക്കു സന്തോഷപ്രദമായിരുന്നു. ഞാൻ ഒരു കന്യാസ്ത്രീ ആകുവാൻ ആഗ്രഹിച്ചിരുന്നില്ല. അങ്ങനെ ചെയ്യുന്നതു ദൈവത്തിനിഷ്ടമാകയില്ല എന്നാണു

ഞാൻ ആത്മാത്ഥമായി കരുതിയതു്. ഞാൻ ഒന്നര വർഷം മഠത്തിൽ താമസിച്ചു. അതിനിടയ്ക്കു കുറച്ചു വ്യത്യാസം എന്നിൽ സംഭവിക്കാതിരുന്നില്ല. "എനിക്കുവേണ്ടി അപേക്ഷിക്കണേ" എന്നു സിസ്റ്റേഴ്സിനോടു പറയുവാൻ മാത്രം ധൈര്യം ലഭിച്ചു."

## വനിതാസോളമൻ

ഈ യുവതി ആരാണെന്നോ? "ദൈവദൂതസന്നിഭ" എന്ന പേരിൽ ഇന്നു വിശ്വവിഖ്യാതയായി തീർന്നിരിക്കുന്ന ആവിലായിലെ വി. ത്രേസ്യാ ആണ്. കർമ്മല സഭക്കാരുടെ മാതാവാണവൾ. "വനിതാസോളമൻ" എന്നൊരപരാഭിനാമം അഭിജ്ഞന്മാരവൾക്കു നൽകുന്നു. The worlds gratest woman writer നാരീകുലത്തിലെ അദ്വിതീയഗ്രന്ഥകാരി എന്നവൾ അറിയപ്പെടുന്നു. വി. അഗസ്റ്റിന്റെ "ഏററുപറച്ചിൽ" എന്ന ഗ്രന്ഥത്തോടു കിടപിടിക്കുന്ന ഒരു വിശ്വമഹാഗ്രന്ഥമാണ് അവളുടെ സ്വയംകൃതചരിതം എന്ന് വിമർശകവിചക്ഷണന്മാർ അഭിപ്രായപ്പെടുന്നു. വാഗീശനായ ബോസ്സ്വേ ഇവളെപ്പററി പറയുന്നതു് "ദൈവദൂതന്മാർ തൂലികയേന്തി എഴുതുമെങ്കിൽ അതു ത്രേസ്യായുടെ എഴുത്തുപോലിരിക്കും" എന്നാണ്! ആവിലായിലെ ത്രേസ്യായുടെ "എന്നിൽ ജീവിക്കാതെ ഞാൻ ജീവിക്കുന്നു" എന്ന ഖണ്ഡകാവ്യം ഹോമറിന്റെയും വെർജിലിന്റെയും കവിതകളോടു തുലനംചെയ്യപ്പെടുന്നുണ്ടു്. ഒരു സ്പാനിഷ്കവി ത്രേസ്യായെപ്പററി ഒരിക്കൽ പാടിയതു് "സമുദ്രത്തെ ആവരണംചെയ്യുന്ന മണൽത്തരികളെ എണ്ണിത്തീർക്കാമോ ആക്കെങ്കിലും" അതുപോലെ അസാദ്ധ്യമാണ് പതിനാറാം നൂററാണ്ടിലെ അത്ഭുതകന്യകയായ ആവിലായിലെ ത്രേസ്യായുടെ മഹത്വത്തെ വർണ്ണിക്കുവാൻ ശ്രമിക്കുന്നതു്" എന്നാണ്. സ്പാനിഷ് സർവ്വകലാശാലയിൽ എം. എ., ബി. എ, മുതലായ ക്ലാസ്സുകളിൽ സാഹിത്യപഠനത്തിന് ത്രേസ്യാ അലക്ഷ്യമായി എഴുതിത്തള്ളിയ കത്തുകൾതന്നെ അതിന്റെ സാഹിതീവൈശിഷ്ട്യംനോക്കി എടുത്തുവയ്ക്കാറുണ്ടു്, പാഠ്യപുസ്തകങ്ങളിൽ!

സ്ത്രീകുലത്തിൽനിന്നു് ആരും വേദപാരംഗതസ്ഥാനത്തെക്കുയർത്തപ്പെട്ടിട്ടില്ല. ആരെങ്കിലും ആ സ്ഥാനത്തേക്കുവരോധിക്കപ്പെടുവാൻ നാരീകുലത്തിലുണ്ടെങ്കിൽ അതു വിദുഷീകുലാലങ്കാരയായ ത്രേസ്യായാണെന്നതിൽ അഭിപ്രായവ്യത്യാസമുണ്ടാകയില്ല. സ്ത്രീ പള്ളിയിൽ പഠിപ്പിക്കരുതെന്ന പൗലോസിന്റെ നിർദ്ദേശം ആയിരിക്കാം വനിതാവേദപാരംഗതരെ നാം തിരുസ്സഭയിൽ കാണാത്തതിനുകാരണം. എങ്കിലും റോമിൽ വി. പത്രോസിന്റെ ദേവാലയത്തിൽ സ്ഥാപിതമായിരിക്കുന്ന വി. ത്രേസ്യായുടെ പ്രതിമയുടെ ചുവട്ടിലുള്ള "ആദ്ധ്യാത്മികമാതാവ്" Mater Spiritualium എന്ന ലിഖിതം വേദപാരംഗതസ്ഥാനത്തിനു തുല്യമെന്നാണു ഗണിക്കപ്പെടുന്നതു്. വി ത്രേസ്യായുടെ പ്രതിമ കറം ചതിർശൃംഗത്തൊപ്പി, വിരൽമോതിരം, തൂലിക എന്ന മൂന്നു വേദപാരംഗതചിഹ്നത്തോടെ ലോകമെങ്ങും പ്രചരിച്ചിട്ടുമുണ്ടു്. നിരീക്ഷകന്മാർ സമ്മതിക്കുന്ന ഒരു ചരിത്രസത്യമാണ് ത്രേസ്യായുടെ കാലത്തിനുശേഷം ജീവിച്ചിട്ടുള്ള വേദപാരംഗതന്മാരാരും, വേദശാസ്ത്രപണ്ഡിതന്മാരാരും ഈ വിദുഷീമണിയുടെ വാക്യങ്ങൾ ഉദ്ധരിക്കാതെ ഗ്രന്ഥങ്ങൾ നിർമ്മിച്ചുകാണുന്നില്ല എന്നതു്. വിശുദ്ധയുടെ നാമകരണത്തിന്റെ തൃതീയ ശതാബ്ദജൂബിലി ആഘോഷിച്ച അവസരത്തിൽ സ്പെയിൻരാജാവിന്റെയും രാജ്ഞിയുടെയും കർദ്ദിനാളന്മാരുടെയും സാന്നിദ്ധ്യത്തിൽ സലമാങ്കാ സർവ്വകലാശാല ഈ വിദുഷിക്കു "മല്പാൻ" (Doctor) സ്ഥാനം നൽകുകയുണ്ടായി.

## അവൾക്കു രാജവരൻ വേണം

കുട്ടിക്കാലത്തു് ഒരു രാജകുമാരന്റെ വധുവാകാനാഗ്രഹിച്ചിരുന്ന ആ യുവതി സ്വർഗ്ഗരാജനെ ഇഷ്ടപ്രാണേശ്വരനായി തിരഞ്ഞെടുക്കുവാനുണ്ടായ യാദൃച്ഛികസംഭവം ചിന്താമൃതംതന്നെ. ഒരു രാജകുമാരൻ തന്റെ പ്രിയതമയെ അത്യധികം സ്നേഹിച്ചു ബഹുമാനിക്കുമെന്നു ത്രേസ്യാ കരുതി. അതിനാൽ അയാളുടെ ദൃഷ്ടിയിൽ കോമളകളേബരയും സവിശേഷവിഭൂഷിതയും സ്നേഹസമ്പന്നയും ഹൃദ്യയുമായി പ്രത്യക്ഷപ്പെടുവാൻ അവൾ സർവ്വശ്രമങ്ങളും യൗവനത്തിൽ നടത്തിയിരുന്നു. സ്വയം അലങ്കരിച്ചു മോടിപിടിപ്പിക്കുന്നതിനു ദിവസത്തിന്റെ നീണ്ടനീണ്ട മണിക്കൂറുകൾ അവൾ വിനിയോഗിച്ചിരുന്നു. ഒരുദിവസം ഒരു വലിയ മുഖക്കണ്ണാടയുടെമുമ്പിൽ അവൾ ഒരു ചിത്രശലഭത്തെപ്പോലെ സ്വയം അലങ്കരിച്ച് വസ്ത്രത്തിന്റെ ഓരോ ശൃംഗവും സൂക്ഷ്മം ഭംഗിപിടിപ്പിച്ചു ചേതോഹരമാക്കുന്ന പണിയിൽ ഏപ്പെട്ടിരിക്കുകയാണ്. തന്റെ വരനാകുവാൻപോകുന്ന രാജകുമാരന്റെ ദൃഷ്ടിയിൽ വേ

ഷവിധാനം, വസ്ത്രാഭരണങ്ങൾ എല്ലാം എങ്ങനെ പ്രിയംകരമായിത്തീരും എന്ന ചിന്തയിൽ അവൾ ലയിച്ചു നിൽക്കുകയാണ്. "Yes I am going to marry a King—രാജവരനെ ഞാൻ സ്വീകരിക്കാൻ പോകയാണ്" അവൾ ആത്മഗതംചെയ്തു. ഒരു യാദൃച്ഛികസംഭവം അവിടെ അപ്പോളുണ്ടായി. ആ മുറിയിൽ സ്ഥാപിതമായിരുന്ന ഒരു വലിയ ക്രൂശിതരൂപത്തിൻെറ ഛായ കണ്ണാടിയിൽ പ്രതിബിംബിച്ചു. "യൂദന്മാരുടെ രാജാവായ നസ്രായൻ ഈശോ" എന്ന കുരിശിലെ തലവാചകം വ്യക്തമായി അവിടെ അവൾ കണ്ടു. പീലാത്തോസെഴുതിച്ച ദൈവനിവേശിതമായ ആ വാചകം മായാമോഹിനിയായ ആ ശൃംഗാരിപ്പെണ്ണിൻെറ ഹൃദയത്തിലേയ്ക്കു കടന്നു! ആ വാചകത്തെപ്പററി ചിന്തിച്ചുകൊണ്ടു ക്രൂശിതരൂപത്തിൽ അവൾ നിർന്നിമേഷയായി നോക്കിനിന്നു. സമയം പോയതറിഞ്ഞില്ല. അവളുടെ മുഖം വിവർണ്ണമായി. ഹൃദയത്തുടിപ്പു ത്വരിതപ്പെട്ടു. പെട്ടെന്നവൾ തൂങ്ങപ്പെട്ട രൂപത്തിലേയ്ക്കു തിരിഞ്ഞുനിന്നു. ഒരു നെടുനിശ്വാസം! "Yes I have found my King Consort· എൻെറ രാജവരനെ ഞാൻ കണ്ടെത്തിയിരിക്കുന്നു" അറിയാതെ അവൾ പറഞ്ഞുപോയി! അവൾ ആത്മഗതംചെയ്തു "രാജാധിരാജനും സർവ്വനാഥനും നിത്യനൂതനമായ ഈ രാജാവിനു ഞാൻ സ്വയം അർപ്പിക്കുന്നു. അവിടുത്തെ മണവാട്ടിയായാൽമതി എനിക്ക്. അതെ എൻെറ രാജവരനെ ഞാൻ കണ്ടെത്തിയിരിക്കുന്നു"! ഒരു കന്യാസ്ത്രീ ആകുക എന്ന വിചാരത്തെത്തന്നെ വെറുത്തിരുന്ന ആ യുവകോമളയുടെ ദൈവവിളി സംഭവിച്ചതിങ്ങനെയാണെന്നാണു ചില ഗ്രന്ഥകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നതു്. ത്രേസ്യായെപ്പോലെ അത്യുന്നതമായ ഒരു ദാമ്പത്യജീവിതത്തിൻെറ സൗഭാഗ്യത്തെ—അക്ഷരാർത്ഥത്തിൽ രാജകീയ വരന്മാരെത്തന്നെ—ദിവാസ്വപ്നംകണ്ട പല യുവതികളും ദരിദ്രനായ നസ്രസിലെ യേശുവിൻെറ പത്നിമാരായിത്തീർന്നു സൗഭാഗ്യനിർവൃതി അടഞ്ഞിട്ടുണ്ട്. ഈശോയുടെ ഇഷ്ടപ്രാണേശ്വരീപദത്തിൽ സന്യാസഭിത്തികൾക്കുള്ളിൽ വസിച്ച് സ്വന്തം മഹത്വത്തിനും തിരുസഭയുടെ വിജയത്തിനും അനേകരുടെ ആത്മരക്ഷയ്ക്കും ക്രിസ്തുവിൻെറ ആനന്ദത്തിനും നിദാനമായി പരിശോഭിച്ചിട്ടുണ്ട്; പരിശോഭിക്കുന്നുമുണ്ട്.

## സർവ്വസംഗപരിത്യാഗി

സന്യാസസഭാപ്രവേശത്തിനു സ്വപിതാവിൻെറ അനുമതി അവൾക്കു ലഭിച്ചില്ല. ധീരയായ ആ യുവതി വീട്ടിൽനിന്നു് ഒളിച്ചോടി ആവിലായിലെ കർമ്മലീത്താമഠത്തിലേക്ക്, ഈശോയെ വരനായി വരിക്കുവാൻ. 1534 നവംബർ 3–ാംനു- അവളുടെ 19–ാമത്തെ വയസ്സിൽ അവൾ സന്യാസവ്രതം എടുത്തു സ്വയം ദൈവത്തിനു പ്രതിഷ്ഠിച്ചു. സ്വപിതാവിൻെറ ഭവനത്തിൽ നിന്നു മഠത്തിലേക്കൊളിച്ചോടിപ്പോയ സംഭവത്തെ അവൾ സ്വയംകൃതചരിതത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധേയമാണ്. "എൻെറ പിതാവിനോടും ജനിച്ചുവളർന്ന വീടിനോടും യാത്രപറഞ്ഞയവസരത്തിൽ ഞാനനുഭവിച്ച ഹൃദയവേദന എത്ര ഭയങ്കരമായിരുന്നുവെന്നു ഞാൻ അനുസ്മരിക്കുന്നു. മരണവേദന ഇതിനെക്കാൾ വലുതായിരിക്കയില്ല എന്നാണ് എൻെറ വിചാരം. എൻെറ അസ്ഥികളെല്ലാം തകരുന്നതുപോലുള്ള വേദന ഞാനനുഭവിച്ചു. കാരണം എൻെറ അപ്പനോടും ഭവനത്തോടും ഉണ്ടായിരുന്ന സ്നേഹത്തെ ജയിക്കത്തക്ക ദൈവസ്നേഹം അന്നെനിക്കില്ലായിരുന്നു. ദൈവത്തിൻെറ പ്രത്യേകസ്നേഹമില്ലായിരുന്നെങ്കിൽ എൻെറ ആശയം ഞാൻ ഉപേക്ഷിച്ചുകളയുകതന്നെ ചെയ്യേനേ. അവിടുന്നു എനിക്കു ധൈര്യം തന്നനുഗ്രഹിച്ചതിനാൽ മാത്രമാണു ഞാൻ എൻെറ കർമ്മലസഭാ പ്രവേശത്തിനുള്ള നിശ്ചയത്തെ പ്രവർത്തിപഥത്തിലെത്തിച്ചതു്." എന്നാൽ സന്യാസസഭാപ്രവേശാനന്തരം അവളിൽ അത്ഭുതാവഹമായ പരിവർത്തനം നടന്നു. അവളുടെ നവസന്യാസജീവിതത്തെപ്പററി അവൾ ഇങ്ങനെയാണു പ്രസ്താവിച്ചിരിക്കുന്നതു് "യുവസന്യാസകാലത്തു ഞാൻ അതിയായ ആനന്ദം അനുഭവിച്ചു. സന്യാസത്തിൽ അനുഭവപ്പെട്ട സംഗതികളെല്ലാം എൻെറ ഹൃദയത്തെ ആനന്ദംകൊണ്ടു തുടിപ്പിക്കതന്നെ ചെയ്തു. സവിശേഷഭൂഷണങ്ങളണിഞ്ഞു എൻെറ ശരീരത്തെ അലങ്കരിച്ചാനന്ദിക്കുന്നതിനും സുഗന്ധദ്രവ്യങ്ങൾ-പൂശി, സഞ്ചരിക്കുന്നിടത്തെല്ലാം സുരഭിപരത്തുന്നതിനും മററും ഞാൻ ചിലവഴിക്കാറുണ്ടായിരുന്ന ദിവസത്തിൻെറ നീണ്ട മണിക്കൂറുകൾ മഠമടിച്ചുവാരുന്നതിനും, ഏററം താണ ജോലികൾ ചെയ്യുന്നതിനും വിനിയോഗിച്ചപ്പോൾ ഞാൻ അനുഭവിച്ച അലോകസുന്ദരമായ ആ ഹൃദ

യാനന്ദം എവിടെനിന്നു വന്നു എന്നെനിക്കറിഞ്ഞുകൂടാ."

## ഈശോയുടെ ഇഷ്ട പ്രാണേശ്വരി

സ്നേഹം! ആ പദം അവൾക്കു ജീവിതസർവ്വസ്വമായിരുന്നു. സന്യാസസഭാ പ്രവേശനാനന്തരം സ്നേഹനിർഭരമായ അവളുടെ ഹൃദയം സ്നേഹസ്വരൂപനായ ഈശോയിൽ പരിപൂർണ്ണമായി ലയിച്ചു. "അവിടുന്നു മാത്രമാണ് എൻെറ സ്നേഹഭാജനം" എന്നവൾ എഴുതിയിട്ടുണ്ട്. അവൾ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിലെല്ലാം കവിതകളിലെല്ലാം ഈശോയോടുള്ള അവളുടെ വ്യക്തിപരമായ ഉജ്ജ്വലസ്നേഹം കത്തിക്കാളുന്നതുകാണാം. "Make many acts of love, for they set the soul on fire and make it gentle— ധാരാളം സ്നേഹപ്രകരണങ്ങൾ ഉരുവിടുക; അവ ആത്മാവിനെ ദഹിപ്പിച്ചു ശാന്തിയിലെത്തിക്കും." എന്നു ത്രേസ്യാ സദാ പറയാറുണ്ടായിരുന്നു. യേശുഭക്തിയാൽ അവൾ ഒരു ഭ്രാന്തിയായിത്തീരുകതന്നെ ചെയ്തു. സ്വർഗ്ഗരാജനായ അവളുടെ വരൻെറ നേരെ അവളുടെ സ്നേഹാഗ്നി കത്തിക്കാളിയപ്പോൾ അവൾ പറഞ്ഞു. Aut pati aut mori— ഒന്നുകിൽ സഹനം അല്ലെങ്കിൽ മരണം". ത്രേസ്യായുടെ മുദ്രാവാചകം ഇതായിരുന്നു. ജീവിക്കുകയാണെങ്കിൽ ഈശോയുടെ സ്നേഹത്തെ പ്രതി സഹിക്കാനായി മാത്രം ജീവിക്കുക; അല്ലെങ്കിൽ മരിച്ചാൽ മതി; എന്ന്! മഹൽക്കാര്യങ്ങൾ നിരവധി സാധിച്ച വിസ്മയനീയമായ അവളുടെ വീരചരിതം മുഴുവൻ അദ്ധ്വാനത്തിൻേറതും തെററിദ്ധാരണയുടേതും സഹനത്തിൻേറതും ആയിരുന്നു. കർമ്മലസഭാനവീകരണം സാധിച്ച ആ മഹാ വിശുദ്ധയെ അവളുടെ കുമ്പസാരക്കാർ പോലും തെററിദ്ധരിച്ചു. അധികാരികൾ അവളെ മർദ്ദിച്ചു. പിശാചുബാധിതയാണവളെന്നു പറഞ്ഞുപരത്തി. ഈ പരിതസ്ഥിതികൾക്കിടയിൽ 32 കർമ്മലീത്താ ആശ്രമങ്ങൾ ആ മഹതീമണി സ്ഥാപിച്ചു വസ്തുത ചരിത്രകാരന്മാരെ അത്ഭുതപ്പെടുത്തുകതന്നെ ചെയ്യുന്നു. ഈശോയോടുണ്ടായിരുന്ന ജ്വലിക്കുന്ന വ്യക്തിപരമായ സ്നേഹവും ദൈവത്തിലുള്ള ആശ്രയവും അവളെ പുരുഷോചിതമായ ധീരകൃത്യങ്ങൾക്കു ശക്തയാക്കി.

'ഒന്നിനാലുമൊരു പേടി വേണ്ടിഹ
ഒന്നിനാലുമിളകീടവേണ്ടനീ
മന്നിലാകവെ കടന്നു പോയിടും
നിന്നിടുന്നവനൊരുദൈവമേവരു'

എന്നവൾ ഒരു കവിതാശകലമെഴുതി തൻെറ ഗ്രന്ഥത്തിൽ സൂക്ഷിച്ചിരുന്നു.

ഹൃദയത്തിൻെറ ജീവൻ സ്നേഹവും സ്നേഹത്തിൻെറ മാററുരച്ചു കാണിക്കുന്ന നികഷം ത്യാഗവുമാണല്ലോ. ഈശോയെ ഇത്ര അധികം സ്നേഹിക്കയും തനിക്കുവേണ്ടി ഇത്ര അധികം സഹിക്കയും ചെയ്ത അബലയായ ത്രേസ്യായുടെ സ്നേഹം സ്നേഹസ്വരൂപനായ ദൈവകുമാരൻെറ കരളിളക്കുകതന്നെ ചെയ്തു. ഏശുനാഥൻ അവൾക്കു പ്രത്യക്ഷനായി ആ സ്നേഹക്കടത്തോടു പറഞ്ഞു: "ത്രേസ്യാ, നീ മുഴുവൻ എൻെറതാകുന്നു, ഞാൻ നിൻെറതും. ഞാൻ മോക്ഷം സൃഷ്ടിച്ചില്ലായിരുന്നെങ്കിൽ നിനക്കുവേണ്ടിത്തന്നെ അതു ഞാൻ നിർമ്മിക്കുമായിരുന്നു" എന്നാൽ ഇവളെ "ഇങ്ക്വിസിഷൻ" കോടതിയിൽ വിസ്തരിച്ചു ജീവനോടെ തീയിലിട്ടു ദഹിപ്പിക്കണം എന്നാണു മെത്രാന്മാർ മുതലായവർപോലും അഭിപ്രായപ്പെട്ടത്. ഈ സന്ദർഭങ്ങളിലെല്ലാം അവൾ എവിടെ സമാശ്വാസം കണ്ടെത്തി എന്നു പ്രസ്തുത പദ്യശകലം നമുക്കു ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ. "സ്വർഗ്ഗത്ത് എന്നെക്കാൾ ഉന്നതമേറിയ സ്ഥാനത്തിരിക്കുന്ന ഒരാത്മാവിനെ കാണുന്നത് എനിക്കാനന്ദപ്രദമാണ്. പക്ഷെ, അവിടെ എന്നെക്കാൾ കൂടുതൽ ഈശോയെ സ്നേഹിക്കുന്ന ഒരാളിനെ കണ്ടുമുട്ടുന്നത് എനിക്കു സന്തോഷമായിരിക്കുമോ എന്നെനിക്കറിഞ്ഞുകൂടാ" എന്നവൾ പറയാറുണ്ടായിരുന്നു.

## ഹൃദ്യയായ കന്യാസ്ത്രീ

വി. ത്രേസ്യാ മനുഷ്യസ്നേഹത്തിൽക്കൂടി ദൈവസ്നേഹിയായി എന്നും പ്രശോഭിച്ചു. അവൾ കർമ്മലസഭാദ്ധ്യക്ഷയായിരുന്ന കാലത്തെന്നല്ല എല്ലാക്കാലത്തും സരസസംഭാഷണവും നിർമ്മല ഫലിതോക്തിയും ഹൃദ്യമായ പെരുമാററരീതിയുംകൊണ്ട് എല്ലാവരേയും പ്രസാദിപ്പിച്ചിരുന്നു. "സന്തോഷത്തോടുകൂടി കർത്താവിനു സേവനംചെയ്യുക" എന്ന രാജദീർഘദർശിയുടെ അഭിമതം കർമ്മലസഭയിൽ തഴച്ചു വളരണമെന്നവളാഗ്രഹിച്ചു. "നമ്മുടെ സഭയ്ക്കു വലിച്ചുമുഖമുള്ള പുണ്യവതികളെ ആവശ്യമില്ല" എന്നു പ്രസന്നത വെടിയുന്നവരോട് അവൾ പറയാറുണ്ടായിരുന്നു. സെവില്ലായിലെ മഠാധിപയ്ക്കു പുണ്യവതി ഒരിക്കൽ എഴുതി: "സ

ഹോദരിമാരെ സന്തോഷിപ്പിക്കുന്നതിനായി നിങ്ങൾ പരിശ്രമിക്കുന്നു എന്നറിയുന്നതിൽ എനിക്കു വളരെ ആഹ്ലാദമുണ്ട്. കാരണം അവിടത്തെ സിസ്റ്റേഴ്സിനു അതു വളരെ അത്യാവശ്യമായിട്ടാണിരിക്കുന്നതെന്ന് എനിക്കറിയാം." ഫലിതോക്തി ത്രേസ്യായുടെ ഉടപ്പിറപ്പായിരുന്നു. കർമ്മലസഭാ നവീകരണം താൻ സാധിച്ചതു് ഒന്നര ബ. അച്ചന്മാരുടെ സഹായത്തോടെയാണെന്നു അവൾ ഒരിക്കൽ പറഞ്ഞു! പുണ്യവതി "അര മനുഷ്യ"നായി ഇവിടെ സൂചിപ്പിച്ചതു് എസ്പകായനായ വി. യോഹന്നാൻക്രൂസിനെയാണ്. ത്രേസ്യായുടെ സഹപ്രവർത്തകനായിരുന്ന വി. യോഹന്നാനും പുണ്യവതിയുംകൂടി ഒരിക്കൽ ഒരു ഗ്രാമപ്രദേശത്തുകൂടി നടന്നുപോകുകയായിരുന്നു. അപരിഷ്കൃതരായ ആ നാട്ടുംപുറത്തുകാർ ഒരു അച്ചനും കന്യാസ്ത്രീയുംകൂടി നടന്നു പോകുന്നതുകണ്ടു് പൊട്ടിച്ചിരിക്കയും ചില സഭ്യേതരഫലിതങ്ങൾ പറഞ്ഞു് അവഹേളനധ്വനിയുയർത്തുകയുംചെയ്തു. പുണ്യവാൻ ഇതുകേട്ടു ലജ്ജിച്ചുതലതാഴ്ത്തിക്കൊണ്ടു ധൃതിയിൽ മുന്നോട്ടു നടന്നുപോയി. എന്നാൽ ത്രേസ്യായിക്കാകട്ടെ അതു് ഒരു തമാശ മാത്രം! തടിച്ച ശരീരത്തോടുകൂടിയ പുണ്യവതി വിശുദ്ധൻെറ പുറകെ ഓടി എത്തി അവളുടെ സ്വതസിദ്ധമായ പ്രസരിപ്പോടെ സാഹ്ലാദം പറയുകയാണ് "This is nice Fr· John, the lady does not blush, but the knight does—കൊള്ളാം! ആണുങ്ങൾക്കാണല്ലോ ഇപ്പോൾ നാണം പെണ്ണുങ്ങളെക്കാൾ!"

ഒരുദിവസം ഊട്ടുമുറിയിൽ കന്യാസ്ത്രീകൾ എല്ലാവരുംകൂടി ഭക്ഷണംകഴിക്കയാണ്. ഒരു സിസ്റ്റർ അതിനിടയ്ക്കു ചിന്താമഗ്നയായിരുന്നു് ഒരു നെടുനിശ്വാസം വിടുന്നതു പുണ്യവതി കണ്ടു. ഉടനെ പുണ്യവതി ആ സിസ്റ്ററിനെ വിളിച്ചു പറയുകയാണ് " Sister, we came here to eat, not to sigh—സഹോദരീ, നാം ഊണുകഴിക്കാൻ വന്നിരിക്കയാണ്; ഊട്ടുമുറിയിൽ നെടുനിശ്വാസം വിടാൻ വന്നതല്ല" എന്നു്. ആ സിസ്റ്ററിൻെറ ദീർഘശ്വാസം പൊട്ടിച്ചിരിയായി രൂപാന്തരപ്പെട്ടു.

അധികാരികളുടെ നിർബന്ധംമൂലം ഒരു ഛായാപടം എഴുതുന്നതിനു വി. ത്രേസ്യാ സമ്മതിച്ചുകൊടുക്കേണ്ടി വന്നു. ഫാദർ യൂവാൻ മിസ്സേറിയ എന്ന വൈദികനാണു പുണ്യവതിയുടെ ചിത്രം വരച്ച കലാകാരൻ. അദ്ദേഹം ഒരു നല്ല ചിത്രകാരനായിരുന്നില്ല. പടം വരച്ചു കഴിഞ്ഞപ്പോൾ ത്രേസ്യാ നടത്തിയ വിമർശനം സ്വതസിദ്ധമായ അവളുടെ സരസഭാഷണത്തിനുദാഹരണമാണ്. പുണ്യവതി ചിരിച്ചുകൊണ്ടു പറഞ്ഞു: "എൻെറ പ്രിയപ്പെട്ട യൂവാനച്ചാ, ഈ ചിത്രമെഴുത്തിൽ അങ്ങു് എൻെറ ഹൃദയത്തെ എത്രമാത്രം വേദനിപ്പിച്ചു എന്നു ദൈവത്തിനേ അറിഞ്ഞുകൂടൂ! അച്ചനോടു ദൈവം ക്ഷമിക്കട്ടെ. _ ഒരു വികൃതയും വ്യാകുലക്കണ്ണിയുമായിട്ടാണല്ലോ അങ്ങു് എന്നെ സൃഷ്ടിച്ചുവച്ചിരിക്കുന്നതു്!"

ഒരിക്കൽ മാഡ്രിഡിലെ നിഷ്പാദുക ഫ്രൻസിസ്കൻ സിസ്റ്റേഴ്സിൻെറകൂടെ പുണ്യവതിക്കു രണ്ടാഴ്ചയോളം താമസിക്കേണ്ടതായി വന്നു. ഒരു വിശുദ്ധയെന്നും വിദുഷിയെന്നുമെല്ലാം പ്രസിദ്ധിയാർജ്ജിച്ചിരുന്ന "മദർ തെരേസ"യെപ്പററി ആ കന്യകകൾ ധാരാളം കേട്ടിട്ടുണ്ടായിരുന്നു. ഒരു പുണ്യവതിയുടെ സാന്നിദ്ധ്യം രണ്ടാഴ്ചത്തേയ്ക്കു തങ്ങളുടെ ആശ്രമത്തിലുണ്ടാകുമല്ലോ എന്നോർത്തു് എല്ലാവരും വളരെ സന്തോഷിച്ചു. പുണ്യവതിയിൽനിന്നു പല സുകൃതങ്ങളും കണ്ടുപഠിക്കാൻ അവസരം കിട്ടുമല്ലോ എന്നവർ കരുതി അത്യാർത്തിയോടെ ത്രേസ്യായുടെ ആഗമനത്തെ പ്രതീക്ഷിച്ചു. ത്രേസ്യാമ്മ എപ്പോഴും തപസ്സിനെപ്പററിയും ത്യാഗത്തെപ്പററിയുമായിരിക്കും സംസാരിക്കുന്നതു് എന്നായിരുന്നു ഫ്രൻസിസ്കൻ കന്യകകൾ കരുതിയതു്. ത്രേസ്യായുടെ സാന്നിദ്ധ്യത്തിൽ പഞ്ചപുച്ഛമടക്കിയാണ് അവർ വ്യാപരിച്ചിരുന്നതുതന്നെ. സ്വാതന്ത്ര്യമായി ശ്വാസം വിടുന്നതിനുപോലും അവർ ശങ്കിച്ചിരുന്നു. കാരണം ത്രേസ്യാ ഒരു വലിയ പുണ്യവതിയാണെന്ന ധാരണതന്നെ. ത്രേസ്യായുടെ ഉല്ലാസപ്രകൃതിയും സല്ലാപരീതിയും സാധാരണത്വവും കണ്ടപ്പോൾ ആ കന്യകകൾ വിസ്മയിച്ചുപോയി. അവർ പറഞ്ഞു: " Blessed be God who grants us the grace to see a saint whom we all can imitate— നമുക്കെല്ലാം അനുകരിക്കത്തക്ക ഒരു വിശുദ്ധയെ കാണുവാനുള്ള ഭാഗ്യം നൽകിയ ദൈവത്തിനു സ്തുതി" എന്നു്. കർമ്മലീത്താ സഭക്കാക്കു് "അപ്പസ്തോലിക്കാ വിസിറേറ"റായി നിശ്ചയിച്ചിരുന്ന ജറോം ഗ്രേഷ്യൻ 1576-ൽ കന്യകാലയങ്ങൾ സന്ദർശിച്ചശേഷം അവരുടെ നിയമങ്ങളിലും അനുഷ്ഠാനങ്ങളിലും കുറേക്കൂടി കാർക്കശ്യം വരുത്തു

വാൻ തീരുമാനിച്ചു. പുണ്യവതി ആ അഭിപ്രായത്തോട പരിപൂൎണ്ണമായി യോജിച്ചില്ല. സരസയും ധീരയുമായ പുണ്യവതി വിസിററർ 'അപ്പസ്തോലിക്കക്ക്' എഴുതിഅയച്ചു "പ്രിയ പിതാവേ, അങ്ങയുടെ നിശ്ചയങ്ങൾ വായിച്ചപ്പോഴെ എനിക്ക തലവേദന തുടങ്ങി. അപ്പോൾ സഹോദരിമാർ അതനുസരിച്ചു ജീവിച്ചാലത്തെ സ്ഥിതി എന്തായിരിക്കുമോ? കാൎക്കശ്യം പ്രയോഗിക്കുന്ന അധികാരികളെ ഞങ്ങളുടെ സഭാനിയമങ്ങൾ സ്വാഗതംചെയ്യുന്നില്ലെന്നാണ് എനിക്ക തോന്നുന്നത്. കമ്മേലീത്താ നിയമംതന്നെ വളരെ കഠിനമാണ്."

ത്രേസ്യായുടെ പുണ്യധാവള്യത്തെ പ്രശംസിച്ചു സംസാരിച്ച ചിലരോട് അവൾ പറഞ്ഞതിങ്ങനെയാണ് "മൂന്നു സംഗതികൾ എന്നെപ്പററി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഒന്ന്, ഞാൻ അതിസുന്ദരിയാണെന്നു ചെറുപ്പത്തിൽ പലരും പറഞ്ഞിരുന്നത്. രണ്ട്, ഞാൻ ഒരു വിദുഷിയാണെന്ന്. ഇപ്പോൾ കേൾക്കുന്നു ഞാനൊരു പുണ്യവതിയാണെന്ന്. ആദ്യം പറഞ്ഞവ രണ്ടും ഞാൻ അങ്ങു വിശ്വസിച്ചുപോയി അക്കാലത്ത്. എന്നാൽ ഒടുവിൽ കേട്ടുതുടങ്ങിയിരിക്കുന്ന ഈ കാൎയ്യം വിശ്വസിക്കുവാൻമാത്രം അത്ര മൂഢയല്ല ഞാൻ."

## മഹാ വിശുദ്ധ

ഇരുപതാമത്തെ വയസ്സിലേയ്ക്കു കാലുകുത്തുന്ന കാലത്താണല്ലോ അവൾ കമ്മേലയിൽ പ്രവേശിച്ചത്. 27-നീണ്ട വർഷങ്ങൾ കനത്ത കമ്മേലീത്താഭിത്തികൾക്കുള്ളിൽ പ്രാൎത്ഥനയുടേയും പ്രായശ്ചിത്തത്തിൻേറയും അജ്ഞാതജീവിതം അവൾ നയിച്ചു. ത്രേസ്യായുടെ 47-ാമത്തെ വയസ്സിൽ പൌരുഷംനിറഞ്ഞ ആ സ്ത്രീയെ അവളുടെ നാഥൻ തിരുസഭയ്ക്കുവേണ്ടി വലിയ കാൎയ്യങ്ങൾ സാധിക്കുന്നതിനായി ഇറക്കിവിട്ടു. ത്രേസ്യായുടെ കാലത്ത് കമ്മേലീത്താ സന്യാസചൈതന്യത്തിൻെറ നിലവാരം വളരെ താഴ്ന്നുപോയിരുന്നു. ബന്ധുമിത്രാദികളിൽനിന്നും മററും ധാരാളം പണം കിട്ടിയിരുന്ന കന്യാസ്ത്രീകൾ മഠത്തിൽ ഇഷ്ടംപോലെ സമ്പൽസമൃദ്ധിയുള്ള മുറികളിൽ ജീവിച്ചിരുന്നു. പ്രഭുത്വമായ പ്രഭതയോടെ സന്യാസിനിമാർ കഴിച്ചുകൂട്ടുക അസാധാരണമായിരുന്നില്ല. ധാരാളം വിലയേറിയ സമ്മാനങ്ങൾ അൽമായരിൽനിന്നു സ്വീകരിക്കുന്നതിനു് അനുവാദമുണ്ടായിരുന്നു. അല്ല, സന്യാസിനിമാർ ആഭരണങ്ങൾ അണിഞ്ഞു നടക്കുകപോലും ചെയ്തിരുന്നു! പ്രഗത്ഭമതിയും ഈശോയുടെ നേൎക്കുള്ള സ്നേഹത്താലുജ്വലിച്ചിരുന്ന ധീരാത്മാവുമായ ത്രേസ്യാ ഇതെല്ലാം ഒന്നു മാററണമെന്നുന്നംവച്ചു പ്രവൎത്തിച്ചു. തിരമാലകൾപോലെ വൈരുദ്ധ്യങ്ങൾ വന്ന് അവളെ ആഞ്ഞടിച്ചു. വി. യൌസേപ്പിൻെറ പ്രത്യേക സഹായത്തോടെ കന്യാസ്ത്രീകളുടെ ഇടയിൽ വലിയ പരിവൎത്തനം വരുത്തുവാൻ അവൾക്കു സാധിച്ചു. ചുരുക്കിപ്പറയാം, കമ്മേലസഭയുടെ പരമാദ്ധ്യക്ഷനായ ജനറാളച്ചൻ അവളുടെ പ്രവൎത്തനത്തിൽ അതീവസന്തുഷ്ടനായി കമ്മേലീത്താ വൈദികരുടെയിടയിലും ഒരു നവീകരണമുണ്ടാക്കാൻ അവളെ ക്ഷണിക്കയും "കൊവേന്ത"കൾ സ്ഥാപിക്കുവാൻ നിർബന്ധിക്കുകയും ചെയ്തു. സ്പെയിനിലെ രാജാവായ ഫിലിപ്പു ദ്വിതീയൻെറയും പരിശുദ്ധ സിംഹാസനത്തിൻെറയും സഹായവും അവൾക്കു സമൃദ്ധമായി ലഭിച്ചു. അങ്ങനെ അവസാനത്തെ ഇരുപതു വർഷക്കാലം നാടെല്ലാമോടിനടന്നും അവൎണ്ണനീയമായ ക്ലേശങ്ങൾ സഹിച്ചും ആശ്രമങ്ങൾ സ്ഥാപിച്ചും പുരുഷന്മാരുടെ സന്യാസസഭയിലും വലിയ പരിവൎത്തനം ആ വനിതാരത്നം സാധിക്കയുണ്ടായി. വിശ്വസാഹിത്യരംഗത്തുതന്നെ ചിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള പല ഗ്രന്ഥങ്ങളും അവൾ വിരചിക്കയുണ്ടായി; അവളുടെ കൃത്യാന്തരബഹുലതയ്ക്കിടയിൽ.

ത്രേസ്യാതന്നെ സ്ഥാപിച്ച ആൾംബായിലെ കന്യകാമഠത്തിൽ വച്ച് അവൾ വീരമരണംപ്രാപിച്ചു. അന്നവൾക്കു 67 വയസ്സുപ്രായമുണ്ടായിരുന്നു. മരണത്തിനു അനേകവൎഷം മുമ്പുതന്നെ അവളുടെ സ്വയംകൃതചരിതത്തിൽ അവൾ രേഖപ്പെടുത്തിയിരുന്നു: "ലൌകികകാൎയ്യങ്ങളെ മാററിവച്ചിട്ടു ദൈവത്തെ ആത്മാൎത്ഥമായി സ്നേഹിച്ചു ജീവിക്കുന്നവരെ മരണം സമീപിക്കുന്നതു വളരെ ശാന്തമായിട്ടായിരിക്കും" എന്ന്. 1582 ഒക്ടോബർ 4-ാംനു- രാത്രി ഒൻപതുമണി കഴിഞ്ഞപ്പോൾ ത്രേസ്യാ അവളുടെ രാജമണവാളൻെറ ക്രൂശിതരൂപം ഗാഢമായാശ്ലേഷിച്ചു. ആ സ്വരൂപം കൈയ്യിൽ മുറുകെ പിടിച്ചുകൊണ്ടു കിടന്നു. "O my God, I am a child of the Church, I die a child of the Church—എൻെറ ദൈവമേ, ഞാൻ അവിടുത്തെ തിരുസഭയുടെ ഒരു കുമാരിയാണ്, ഞാൻ തിരുസഭാകുമാരിയായി മരിക്കുന്നു". അവളുടെ

# പരിശുദ്ധ ത്രീത്വത്തിന്റെ നിർമ്മല ലില്ലി!

(ഫാദർ ഹെർമൻ, ഒ. സി. ഡി.)

## IV ദൈവപിതാവിനു സ്തുതിയും സ്നേഹവും

സുപ്രസിദ്ധ വേദശാസ്ത്രപണ്ഡിതനും മൗതിക ശാസ്ത്ര വിദഗ്ദ്ധനുമായ മൊൺ. സ്വവേ (Sauve) യുടെ തൂലികയെ ഈ ഭാഗത്തിന്റെ പ്രതിപാദനത്തിൽ നാം ആശ്രയിക്കുക; അദ്ദേഹത്തിന്റെ Dieu intime എന്ന കൃതിയിൽ നിന്നു ചില ഭാഗങ്ങൾ നമുക്കിങ്ങനെ സംഗ്രഹിക്കാം.

അങ്ങേ തിരുസുതനായ വചനത്തിന്റെയും അങ്ങേ ദത്തുപുത്രരായ സൃഷ്ടികളുടെയും ആരാധ്യനായ പ്രിയ പിതാവേ! എന്റെ ആത്മാവിന്റെയും ഹൃദയത്തിന്റെയും ശ്രദ്ധ അങ്ങേപ്പക്കലുറപ്പിക്കുവാനാണ് ഇന്നു ഞാൻ താല്പര്യപ്പെടുന്നതു്. 'അപ്പൻ' 'അമ്മ' അവ രണ്ടുമുൾക്കൊള്ളുന്ന സൗകുമാര്യവും ആർദ്രതയും സ്നേഹസാന്ദ്രതയുമെല്ലാം അനന്തമായ സംപൂർണ്ണതയോടുകൂടെ പരിശുദ്ധ ത്രീത്വത്തിലെ ഒന്നാമത്തെ ആളിൽ ഞാൻ ദർശിക്കുന്നു.

തന്നിമിത്തം ആ ആളിന്റെ പേർക്ക് അത്യഗാധവും അതീവ തീക്ഷ്ണവുമായ വണക്കവും മക്കൾക്കനുയോജ്യമായ ശങ്കയും സംശുദ്ധമായ സ്നേഹവും പുണ്യശീലവും എന്നിലുണ്ടായിരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ദൈവപിതാവിനെപ്പോലെ പിതൃത്വം നിറഞ്ഞ വേറൊരു പിതാവെങ്ങുമില്ല. Nemo tam pater sicut Deus Pater.

ആരാധ്യവും അനന്തമായ യാഥാർത്ഥ്യമുൾക്കൊള്ളുന്നതുമായ ദൈവത്തിന്റെ ആ പിതൃത്വത്തിനുള്ള ഉല്പാദകശക്തിയും അനന്തമാണ്.... തനിക്കുമാത്രം സ്വായത്തവും അനന്തവുമായ ആ പിതൃത്വം വെറും ആശ്ചര്യത്തേക്കാൾ വളരെയധികം നമ്മിൽനിന്ന് അർഹിക്കുന്നുണ്ട്. ദൈവം അനാദികാലം മുതല്ക്കേ ജനിപ്പിക്കുന്ന, എന്നെന്നേയ്ക്കും അവിടുത്തെ സ്നേഹമടിയിൽ വസിച്ചുകൊണ്ടു തന്റെ സൗന്ദര്യത്താലും തന്റെ സ്നേഹത്താലും ദൈവത്തെ ഹർഷപൂരിതനാക്കുന്ന അവിടുത്തെ ഏകപുത്രനോടു തുലനം ചെയ്യുമ്പോൾ നമ്മുടെ വിശ്വത്തേക്കാളുമധികം വിപുലവും വിശിഷ്ടവുമായ കോടാകോടി ലോകങ്ങൾ തന്നെയും വെറും ശൂന്യം മാത്രമേ ആയിരിക്കയുള്ളൂ.

'ഭക്തിജ്വാലകമല്ലാ' നെന്നറിയപ്പെടുന്ന വി. ബൊനവെഞ്ചുരാ പറയുന്നതുപോലെ ആ പിതൃത്വത്തിന്റെ ഉല്പാദകശക്തി സർവ്വദാ പ്രവർത്തനനിരതമാണ്. അനാദികാലം മുതല്ക്കെന്നപോലെതന്നെ, ഓ പിതാവേ! ഈ നിമിഷത്തിലും അങ്ങേ വത്സലപുത്രനെ അങ്ങു ജനിപ്പിക്കുന്നുവല്ലോ. വി. കുർബാനയിൽ ഞാൻ ഈശോയെ സ്വീകരിക്കുമ്പോൾ ഈശോയോടൊന്നിച്ച് അങ്ങയേയും അങ്ങയുടെ സാക്ഷാൽ സ്ഥിതിയിൽ, അതായതു്, നിത്യകാലവും പുത്രനെ ജനിപ്പിക്കുന്ന വിധത്തിൽ ഞാനുൾക്കൊള്ളുന്നുണ്ടല്ലോ. അനന്തമായ സംപുഷ്ടിയുള്ള അങ്ങയുടെ ഉല്പാദനത്തിന്റെയും അപരിമേയമായ അങ്ങയുടെ സ്നേഹത്തിന്റെയും ആരാധ്യമായ ആ പരമരഹസ്യം അപ്പോൾ എന്റെയുള്ളിലും സംഭവിക്കുന്നുണ്ടല്ലോ. ഇത്ര മഹത്തായ ഒരു രഹസ്യത്തോടു സംസർഗ്ഗം ചെയ്യുന്ന എന്റെ ഹൃദയം എത്രയും തീക്ഷ്ണമാകേണ്ടതല്ലയോ?

---

അധരങ്ങളിൽ നിന്നു് അടർന്നുവീണ വാക്കുകളാണിവ. അന്ത്യവിനാഴികകളിൽ യേശുനാഥന്റെ വത്സല മണവാട്ടി തന്റെ സ്നേഹമണാളന്റെ സവിധത്തിലേക്കു പറന്നു. അന്നു യഥാർത്ഥത്തിൽ അവൾ രാജവരനെ സ്വർഗ്ഗത്തു പ്രാപിക്കുകതന്നെ ചെയ്തു. മൃതശരീരം കിടന്നിരുന്ന കർമ്മലമഠത്തിൽ മഹാ അത്ഭുതങ്ങൾ ഉണ്ടായി. മുറിമുഴുവൻ അലോകസുന്ദരമായ സൗരഭ്യംകൊണ്ടു നിറഞ്ഞു. രോഗശാന്തിയും മററും അത്ഭുതകരമായി ത്രേസ്യായുടെ മാദ്ധ്യസ്ഥംവഴി നടന്നു. നാലുസംവത്സരം പൂർത്തിയായില്ല ത്രേസ്യായുടെ ദേഹവിയോഗം സംഭവിച്ചിട്ടു്; 1621-ൽ പതിനഞ്ചാം ഗ്രിഗോരിയോസ് മാർപ്പാപ്പാ ആവിലായിലെ ത്രേസ്യായെ അൾത്താരയിലേക്കുയർത്തി. അവളിന്നു സ്വർഗ്ഗത്തു പരിശോഭിക്കുന്നു. ഇതാണ് പുണ്യഗോപുരത്തിന്റെ ഉച്ചിയിലെത്തിച്ചേർന്ന "ശൃംഗാരിപ്പെണ്ണി"ന്റെ ജീവിതകഥ.

എന്നാൽ ഓ ആരാധ്യനായ പിതാവേ! പ്രസ്തുത സംസർഗ്ഗം സമാരംഭിക്കുന്നതിനുവേണ്ടി ഞാൻ ദിവ്യകാരുണ്യം സ്വീകരിക്കണമെന്നില്ലല്ലോ; അങ്ങ് എൻെറ ഹൃദയത്തിൽ തന്നെ അധിവസിച്ചുകൊണ്ട് അങ്ങെ പുണ്യത്താൽ എന്നെ സമാവരണം ചെയ്യുന്നുണ്ടല്ലോ. എൻെറ ഹൃദയത്തിലും അങ്ങു പിതാവാണ്; അവിടെയും അങ്ങെ ദിവ്യസുതനു പുത്രഭാവം നൽകിക്കൊണ്ടിരിക്കുന്നതു് അങ്ങുന്നാണ്.

എൻെറ ഹൃദയത്തിനു വ്യർത്ഥമായ ആഗ്രഹങ്ങളേയും വ്യർത്ഥമായ പക്ഷങ്ങളേയും അനുഗമിക്കാമെങ്കിൽ, അങ്ങെൻെറയുള്ളിൽ അങ്ങെ പുത്രനോടൊന്നിച്ച് അധിവസിക്കുന്നുണ്ടെന്നു ധ്യാനിച്ചുകൊണ്ട് അങ്ങോട്ടുയരുവാൻ എന്തുകൊണ്ടുപാടില്ല? ഇരുവരുടെയും സർവ്വോപരി അന്തസ്സുള്ളതും അത്യന്തം തീവ്രവുമായ പരസ്പരസ്നേഹത്തിൽ ഇരുവരും നിർലീനരായിരിക്കുന്നതു ശ്രദ്ധിക്കുവാൻ എന്തുകൊണ്ടു ശ്രമിക്കുന്നില്ല? ഹാ! സ്നേഹത്തിൽ പങ്കുകൊള്ളുവാൻ എന്നെ സഹായിക്കുക; അതാണെൻെറ ഹൃദയത്തിനു സിദ്ധിക്കാവുന്ന ഏററവും മഹത്തായ അനുഭൂതി!

നമ്മുടെ സ്നേഹത്തിൻെറയും നമ്മുടെ ഹൃദയത്തിൻെറയും ദീനത എത്ര ദയനീയമായിരുന്നാലും ദൈവത്തിൻെറ സ്നേഹത്തെയും അവിടുത്തെ അവർണ്ണ്യമായ പരമാനന്ദത്തെയും കുറിച്ചുള്ള ധ്യാനം എന്നെ ഹഠാദാകർഷിക്കേണ്ടതാണ്. മനുഷ്യരുടേയും മാലാഖമാരുടേയും സ്നേഹമെല്ലാം ആ സ്നേഹത്തിൻെറ മുമ്പിൽ എന്താണ്? എൻെറ പിതാവായ ദൈവത്തിൻെറ മടിയിൽ ദൈവസുതനോടൊന്നിച്ചു വസിക്കുവാനും ജീവിക്കുവാനും തന്നെ സ്നേഹിക്കുവാനും തന്നിൽ ആനന്ദിക്കുവാനും ഉത്തരോത്തരം ഉൽക്കൃഷ്ടമായ ഒരാഗ്രഹമില്ലാത്ത എൻെറ ഭോഷത്വം എത്രയോ ഗർഹണീയമാണ്! ആ പുത്രനെ പോലെയല്ലാതെ സ്നേഹിക്കുന്നതും ജീവിക്കുന്നതും സ്പൃഹണീയമല്ല.

സകലർക്കും സംപൂർണ്ണമാതൃകയായ ദൈവപുത്രൻ തൻെറ ഭൗമികവാസത്തിൽ സ്നേഹിക്കുന്നതും വിശ്വസിക്കുന്നതുപോലുമെല്ലാം പിതാവിനെപ്രതി മാത്രമാണെന്നു ഞാൻ കാണുന്നു. എത്ര മനോജ്ഞമായ ഒരു പാഠം! അതു നമുക്കെല്ലാവർക്കും എന്തുമാത്രം ഉത്തേജനം നൽകേണ്ടതാണ്! നമ്മുടെ പിതാവിൻെറ നേർക്കു ശ്രദ്ധ ചെലുത്തുക, അവിടുത്തേയ്ക്കുവേണ്ടി ജീവിക്കുക, അക്ഷീണമായ വിശ്വസ്തതയോടെ അവിടുത്തേയ്ക്കു ശുശ്രൂഷചെയ്യുക, നമ്മുടെ സ്നേഹവും ആദരവുമെല്ലാം അർപ്പിക്കുക എന്നിവയെല്ലാം മക്കളെന്ന നിലയിൽ നമ്മുടെ കർത്തവ്യമല്ലേ? സ്വാഭാവികമായി ഒരാൾക്കു തൻെറ അമ്മയുടെ നേർക്കുണ്ടായിരിക്കുന്നതിലും വളരെയധികം ആദരവ്, വിശ്വസ്താത്മാവേ, നിത്യപിതാവിൻെറനേർക്ക് നിനക്കുണ്ടായിരിക്കേണ്ടതാണ്.

രാവിലെ ഉണർന്നാലുടൻ ആ നല്ല പിതാവിന് അവിടുത്തെ ഓമനക്കുഞ്ഞെന്ന നിലയിൽ നീ ഒരു നല്ല ഉമ്മ കൊടുക്കുക; അതോടൊപ്പം നീ നിൻെറ ഹൃദയത്തിനുള്ളിൽ പ്രവേശിക്കുക. അവിടുത്തേയ്ക്കു പ്രസാദകരമായ എല്ലാ സുകൃതങ്ങളും അഭ്യസിച്ചുകൊണ്ടു തന്നെ ശുശ്രൂഷിക്കുവാൻ നിൻെറ കഴിവുകളെല്ലാം ഉപയോഗിക്കുന്നതാണെന്നു വാഗ്ദാനവും ചെയ്യുക. ഹാ! ഭൗമികമാതാപിതാക്കളുടെ ഗുണവിശേഷങ്ങളെല്ലാം നമ്മുടെ സ്വർഗ്ഗീയപിതാവിൻെറ അനന്തമായ സ്നേഹത്തിൻെറ പ്രതിഫലനം മാത്രമാണല്ലോ!

അങ്ങിനെ രാവിലെ സ്വർഗ്ഗീയപിതാവിനർപ്പിക്കുന്ന സ്നേഹപ്രകാശനങ്ങളും വാഗ്ദാനങ്ങളും ഉദാരമായ പ്രതിജ്ഞകളുമെല്ലാം ദിവസം മുഴുവനും ഓർമ്മയിലിരിക്കണം.

രാത്രി ആത്മശോധനചെയ്തു കുററങ്ങളെക്കുറിച്ചു മനസ്താപിച്ചശേഷം ആ സ്നേഹപിതാവിൻെറ മാറിൽ തന്നെ കിടന്നുറങ്ങുക; ഹാ! അത്രയും മാതൃമസൃണവും വാത്സല്യനിർഭരവും ഭദ്രവും സുപ്രാപ്യവുമായ ഒരു വക്ഷസ്സു വേറെയുണ്ടോ? നിത്യകാലവും നാം ദർശിച്ചാനന്ദിക്കേണ്ട അവിടുത്തെ നേർക്ക് നമ്മുടെ സ്നേഹത്തിൻെറ ആർദ്രതയും ഉദാരതയുമെല്ലാം ഇങ്ങനെ കേന്ദ്രീകരിക്കാൻ നമ്മൾ ശ്രമിക്കാറുണ്ടോ?

നമ്മുടെ സ്വർഗ്ഗീയപിതാവിൻെറ ഏതാനും ഗുണവിശേഷങ്ങൾ (Attributes) നാം പരിശോധിക്കുക; നമ്മുടെ ശ്രദ്ധയെ ഉറപ്പിക്കുവാനും നമ്മുടെ സ്നേഹത്തെ ഉണർത്തുവാനും അവ ഉപകരിക്കും.

### ദൈവത്വത്തിൻെറ സ്രോതസ്സ്

ദൈവത്വത്തിൻെറ സ്രോതസ്സ് (Fons Deitatis; Plenitudo Fontalis) എന്നു പിതാവായ ദൈവത്തിനു നാമമുള്ളതായി തിരുസ്സഭയുടെ പാരമ്പര്യത്തിൽ കാണുന്നു. അവിടുന്നാണു പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും ദൈവത്വത്തിൻേറയും പര

രുഷത്വ (Personality) ത്തിൻെറയും ഉൽപ്പത്തിസ്ഥാനം. അവരുടെ നിത്യത്വവും അപരിമേയത്വവും ജ്ഞാനവും സ്നേഹവും ആനന്ദവും സൗന്ദര്യവുമെല്ലാം ഉത്ഭവിക്കുന്നതു പിതാവിൽനിന്നാണ്; അതുപോലെതന്നെ പ്രപഞ്ചത്താകെ നമ്മെ വിസ്മയിപ്പിക്കുന്ന സകല സൗന്ദര്യത്തിൻെറയും സ്നേഹത്തിൻെറയും ആനന്ദത്തിൻെറയും ജീവചൈതന്യത്തിൻെറയുമെല്ലാം നിർദ്ദിഷ്ടമായ ഉത്ഭവസ്ഥാനം പിതാവുതന്നെയാണ്.

### ആദിപുരുഷൻ

ആദിപുരുഷൻ(The First Person)എന്നും പിതാവിനെ പരമ്പരാഗതമായി വിളിച്ചുവരുന്നു. പുത്രനും പരിശുദ്ധാത്മാവും അവരുടെ ആത്മസത്ത നിത്യകാലവും പിതാവിൽനിന്നാണു സ്വീകരിക്കുന്നതു്; പിതാവിനോടൊന്നിച്ച് അവരും സകല സൃഷ്ടികളുടെയും ഉത്ഭവസ്ഥാനമായ പ്രഥമ തത്വവും അവയെല്ലാം ഒടുവിൽ ചെന്നു വിലയം പ്രാപിക്കേണ്ട പരമാന്ത്യവുമായി നിലകൊള്ളുന്നു. ആകാശത്തിലും ഭൂമിയിലുമുള്ള അധികാരങ്ങളും പ്രതാപങ്ങളുമെല്ലാം വരുന്നതും പിതാവിൻെറ നിത്യമായ പരമാധികാരത്തിൽനിന്നു മാത്രമാണ്.

### ആദിദീപം

പിതാവ് ആദിദീപമാണ്; (The First Light) ദൈവത്തിൻെറ സൃഷ്ടിപരമായ ആജ്ഞയനുസരിച്ച് ശൂന്യതയിൽനിന്നു പ്രാദുർഭവിച്ച സൂര്യൻ എത്ര മഹത്തായ പ്രകാശമാണു ചിന്തുന്നതു്! ദൈവപിതാവ് അനാദിമുതൽക്കേ പ്രസരിപ്പിക്കുന്ന ദീപ്തിമത്തായ അനന്തജ്യോതിസ്സിൻെറ ഏകദേശമൊരു രൂപമാണതു്; അതിനു കുറവോ ക്ഷയമോ ഒന്നും ഭവിക്കുന്നില്ല; അവിടുത്തെ അനന്തമായ വിഭവമാണതിൻെറ ആസ്ഥാനം. ആ ദീപ്തിയുടെ പ്രഥമസ്ഫുരണമാണു "വചനം". അവിടുന്നു പ്രകാശത്തിൻെറ പിതാവാണെന്നു വി. യാക്കോബു ശ്ലീഹാ പറയുന്നു. (I, 17) തിരുസ്സഭ വിശ്വാസപ്രമാണത്തിൽ ദൈവപുത്രനെക്കുറിച്ചു ചൊല്ലുന്നതു് "പ്രകാശത്തിൽനിന്നുള്ള പ്രകാശ"മെന്നാണ്. ആ പ്രകാശത്തിൻെറ നേർക്ക് അധികമധികം ഉയന്നു ചെല്ലുവാനും അങ്ങനെ പുത്രൻവഴി പിതാവിൻെറ പക്കൽ എത്തിച്ചേരുവാനും എൻെറ ആത്മാവിനു സാധിക്കയില്ലയോ?

### ആദിജീവൻ

പിതാവ് ആദിജീവനാണ്; (The First Living) പ്രപഞ്ചത്തിൽ നാം കാണുന്ന ജീവചൈതന്യം നമ്മെ വിസ്മയിപ്പിക്കയും ആഹ്ലാദിപ്പിക്കയും ചെയ്യുന്നു; മഹാ മനീഷികളുടെ ഗ്രന്ഥങ്ങളും മഹാപ്രസംഗകന്മാരുടെ വാഗ്വിലാസവും മഹാവിശുദ്ധന്മാരുടെ പ്രേഷിതചൈതന്യവുമൊക്കെ അതിലുമധികം നമ്മെ ആശ്ചര്യപ്പെടുത്തുന്നു. എന്നാൽ ഇവയിലെല്ലാം അന്തർഭവിച്ചിരിക്കുന്ന ജീവചൈതന്യത്തിൻെറയെല്ലാം പ്രഥമവും നിർദ്ദിഷ്ടവുമായ സ്രോതസ്സ് എവിടെയാണ്? പിതാവിൻെറ പുരുഷത്വത്തിലും ദൈവത്വത്തിലും "പിതാവിനു തന്നിൽതന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽത്തന്നെ ജീവനുണ്ടായിരിക്കത്തക്കവണ്ണം അവിടുന്നതു പ്രദാനംചെയ്തിരിക്കുന്നു" (യോഹ. 5, 26) എന്നു നമ്മുടെ കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്. ആ ജീവൻ പിതാവിലും പുത്രനിലുംനിന്ന് പരിശുദ്ധാത്മാവിലേയ്ക്കു പകരുന്നു. അനന്തരം അവിടുത്തെ സ്നേഹത്തിൻെറ സ്വതന്ത്രമായ ഒരു പ്രവാഹത്താൽ ആ ജീവൻ വിശ്വത്താകെയും മാലാഖമാരിലും മനുഷ്യരിലും പ്രപഞ്ചത്തിലും വ്യാപിക്കുന്നു. അതെല്ലാം ദർശിക്കുന്ന നമ്മൾ വിസ്മയവും സ്നേഹവും നിമിത്തം ഹർഷപൂരിതരാകേണ്ടതല്ലയോ?

### ആദിസ്നേഹം


പിതാവ് ആദിസ്നേഹമാണ്; (The First Love) പിതാവു നിത്യകാലംമുതൽക്കേ, തന്നോടൊന്നിച്ചു സ്നേഹമായിരിക്കുവാൻ പുത്രനു കഴിവു നൽകുന്നു. പിതാവിൻെറയും പുത്രൻെറയും ആ സ്നേഹത്തിൽ നിന്നാണു പരിശുദ്ധാത്മാവു പുറപ്പെടുന്നതു്. അപരിമേയമായ ഒരു സ്നേഹാഗ്നികുണ്ഡമാണ് പിതാവിൻെറ ഹൃദയത്തിലുള്ളതു്; അതു് അവിടുന്നു പുത്രനു നൽകുന്നു. അങ്ങിനെ പുത്രനിലും പുത്രനോടൊന്നിച്ചും അനാദിമുതൽ തങ്ങളുടെ പവിത്രാത്മാവിനെ അവർ പുറപ്പെടുവിക്കുന്നു.

ആർദ്രമായ സ്നേഹത്തെക്കുറിച്ചുള്ള അഭിലാഷവും ആകാംക്ഷയും നമ്മിൽ തീവ്രമാകുമ്പോൾ നമ്മുടെ പിതാവിൻെറ നേർക്ക്, സ്നേഹത്തിൻെറ അനന്തമായ ഈ ഉറവിടത്തിലേയ്ക്ക്, ശ്രദ്ധതിരിക്കുവാൻ നമുക്കു പാടില്ലയോ? സ്വയം വഴിഞ്ഞൊഴുകണമെന്നു മാത്രമാണ് അക്ഷയമായ ആ സ്രോതസ്സ് അഭിലഷിക്കുന്നതു്. അ

# നമ്മുടെ കടമകൾ

(വർഗ്ഗീസ് ജെ. വള്ളവന്ത്ര, ബി. എ.)

കേരളത്തിലെ രണ്ടു സംഭവങ്ങൾ ലോകശ്രദ്ധയെ ആകർഷിക്കുകയുണ്ടായി. പ്രജായത്തഭരണസമ്പ്രദായത്തിൽക്കൂടി സർവ്വാധിപത്യവാദികളായ കമ്മ്യൂണിസ്ററുകൾ അധികാരത്തിൽ വന്നതും, ജനരോഷഫലമായി അവരെ അധികാരത്തിൽ നിന്നും നീക്കം ചെയ്തതുമാണ് ആ സംഭവങ്ങൾ. ഈ രണ്ടു സംഭവങ്ങൾക്കും കാരണക്കാർ കേരളീയരായ നാം തന്നെയായിരുന്നു. ദൈവവിശ്വാസത്തിലും മതാനുഷ്ഠാനത്തിലും നാം ആരുടേയും പിന്നിലല്ല. ക്ഷേത്രങ്ങളും പള്ളികളും



(ലേഖകൻ)

കേരളക്കരയിൽ ഏതുഭാഗത്തും കാണാം. ദേവാലയമണിമാളികകളിൽ നിന്നുത്ഭവിക്കുന്ന മനോഹരമായ മണിനാദവും ക്ഷേത്രഗോപുരത്തിൽനിന്നു പുറപ്പെടുന്ന ശംഖനാദവും കേരളീയർക്കു സുപരിചിതമാണ്. പ്രാർത്ഥനാഗാനങ്ങളും മന്ത്രോച്ചാരണങ്ങളും മാറെറാലിക്കൊള്ളുന്ന അന്തരീക്ഷമാണ് പ്രഭാതസൂര്യൻ ദർശിക്കുന്നതു്. അതേതരത്തിലുള്ള സന്ദർഭത്തിലാണു പ്രഭാതസൂര്യൻ മറയുന്നതും. വൈദികരും, സന്ന്യാസികളും നാടിൻെറ നാനാഭാഗങ്ങളിലുമുണ്ടു്. ഇപ്രകാരമുള്ള നമ്മുടെ കേരളത്തിൽ നാം വെറുക്കുന്ന കമ്മ്യൂണിസ്ററുകൾ എങ്ങിനെ വർദ്ധിച്ചുവെന്നുള്ളതു് ഗൌരവതരമായ ചിന്തയ്ക്കു വിഷയീഭവിക്കേണ്ട വസ്തുതയാണ്. യാതൊരു മടിയും കൂടാതെ നാം സമ്മതിക്കേണ്ട അസുഖകരങ്ങളായ ചില പരമാർത്ഥങ്ങളുണ്ടു്. നമ്മുടെ ഈശ്വരവിശ്വാസവും മതാനുഷ്ഠാനങ്ങളും തികച്ചും ആത്മാർത്ഥതയുള്ളതായിരുന്നുവൊ? ജനനസാഹചര്യം കൊണ്ടും, പാരമ്പര്യം കൊണ്ടും, സർവ്വോപരി സ്വാർത്ഥതയും ഭയവും കൊണ്ടുമായിരുന്നില്ലേ ഈദൃശകാര്യങ്ങളിൽ നാം സഹകരിച്ചിരുന്നതു്. പൊതുവെ പറഞ്ഞാൽ പ്രായോഗികമായ, സമർത്ഥമായ രീതിയിലായിരുന്നില്ല നമ്മുടെ ജീവിതക്രമം. ഇതിൻെറ തണലിൽ കൂടിയായിരുന്നു കമ്മ്യൂണിസ്ററുകൾ നമ്മുടെ അണികളിലേക്കു വന്നുകയറിയതു്. ഈ വസ്തുത വിശദമാക്കുവാൻ ഞാൻ ശ്രമിക്കുകയാണ്.

ദൈവത്തിൻെറ പിതൃത്വത്തിൽ മനുഷ്യരെല്ലാം സഹോദരങ്ങളാണെന്ന തത്വം മതത്തിൻെറ ആണിക്കല്ലാണ്. സാമുദായികവും, രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ ഈ തത്വം നാം എത്രമാത്രം ആദരിച്ചിരുന്നുവെന്നുള്ളതു് പശ്ചാത്താപത്തോടുകൂടി അനുസ്മരിക്കേണ്ടതാണ്. കുടുംബകലഹങ്ങളും, സാമുദായിക മത്സരങ്ങളും, രാഷ്ട്രീയവിലപേശലുകളുമെല്ലാം എത്രയെത്ര ഘട്ടങ്ങളിലാണ് നമ്മുടെ സംസ്കാരത്തിൻെറ നേരെയുള്ള വെല്ലുവിളികളായി അനുഭവപ്പെട്ടിട്ടുള്ളതു്? മതാനുഷ്ഠാനങ്ങൾ ദേവാലയാങ്കണത്തിൽ മാത്രം വിലപ്പോകുന്നവയാണെന്നും, ജീവിതവ്യാപാരത്തിൽ അതിനു വലിയ സ്വാധീനത്തിനവകാശമില്ലെന്നും നാം കരുതി

---

തിൻെറ സമൃദ്ധിയായ പ്രവാഹം നമുക്കിതുവരെയും സിദ്ധിച്ചിട്ടില്ലെങ്കിൽ അതു നമ്മുടെ കുററംകൊണ്ടു മാത്രമാണ്. ഹാ! ആ ദിവ്യസ്നേഹത്തെപ്രതിയുള്ള ദാഹം, ഓ പിതാവേ! ഞങ്ങൾക്കു തരേണമെ.

ഈ പ്രാർത്ഥന നമുക്കിങ്ങനെ പൂരിപ്പിക്കാം: മറിയംവഴി ആ ദാഹം ഞങ്ങൾക്കു തരിക. എന്തെന്നാൽ മറിയം സ്നേഹിച്ചതുപോലെ യാതൊരു സൃഷ്ടിയും പിതാവിനെ സ്നേഹിച്ചിട്ടില്ലെന്നു പറയത്തക്കവിധം അത്ര ഉദാരവും അത്ര തീക്ഷ്ണവുമായ ഒരു സ്നേഹമാണ് ആദ്യശ്വസനംമുതൽ അന്ത്യനിശ്വസനംവരെ അവിടുത്തേയ്ക്കു് അവൾ സമർപ്പിച്ചിട്ടുള്ളതു്. അവൾക്കു പിതാവുമായുള്ള ബന്ധത്തെക്കുറിച്ചു് അടുത്തതിൽ.

യിരുന്നിരിക്കണം. മതാനുഷ്ഠാനം ഒരു ജീവിതക്രമമായി നാം വേണ്ടവണ്ണം അംഗീകരിച്ചിരുന്നില്ല.

ഒന്നാം പ്രമാണാനുഷ്ഠാനത്തിൽ; മററു് ഒൻപതുമില്ലെങ്കിൽ നാം വളരെ വിജയിച്ചവരാണ്. പ്രമാണങ്ങളുടെ പ്രധാന സാരാംശങ്ങളിൽ രണ്ടാമത്തേതില്ലെങ്കിൽ ആദ്യത്തേതിൽ നാം വിജയശ്രീലാളിതരാണ്. ദൈവത്തെ അംഗീകരിക്കുന്നതിലും, ദൈവത്തെ സ്നേഹിക്കുന്നതിലും വലിയ ബദ്ധപ്പാടൊന്നും നമുക്കു് അനുഭവപ്പെടാറില്ല. അതിൻെറകൂടെ ചില കാര്യങ്ങൾകൂടി ചേർത്തുപറയുകയും, നിർദ്ദേശിക്കുകയും ചെയ്യുമ്പോഴാണ് അതൊരു പ്രശ്നമായിത്തീരാറുള്ളതു്. തന്നെത്താൻ സ്നേഹിക്കണമെന്നു ദൈവം അനുശാസിച്ചില്ലെങ്കിലും നാം അതിനു സദാ സന്നദ്ധരാണ്. തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മററുള്ളവരേയും സ്നേഹിക്കുവാൻ ആജ്ഞാപിക്കുമ്പോൾ അതു പരസ്യമായി ചോദ്യം ചെയ്യാറില്ലെങ്കിലും അനുഷ്ഠിക്കുവാൻ അത്ര ആഗ്രഹം തോന്നാറില്ല. അതുതന്നെയാണ് അസമത്ഥമായ, നിർജ്ജീവമായ മതാനുഷ്ഠാനത്തിൻെറ അടിസ്ഥാനം. പ്രവൃത്തിയില്ലാത്ത വിശ്വാസം ജീവനില്ലാത്തതാകുന്നു. സേവനമില്ലാത്ത സ്നേഹം സ്വാത്ഥപരമാകുന്നു. അഗാധപണ്ഡിതനായ ഫുൾട്ടൻ ജെ. ഷീൻ വളരെ തന്മയത്വത്തോടുകൂടി ലോകത്തെ രണ്ടു ചേരികളായി വർണ്ണിക്കുന്നുണ്ടു്. കുരിശു സ്വീകരിക്കാതെ ക്രിസ്തുവിനെ മാത്രം സ്വീകരിക്കുന്ന പാശ്ചാത്യരാജ്യങ്ങളും, ക്രിസ്തുവിനെ സ്വീകരിക്കാതെ കുരിശു മാത്രം സ്വീകരിക്കുന്ന റഷ്യൻ മോഡലിലുള്ള രാജ്യങ്ങളും; ഇങ്ങനെ അദ്ദേഹം രണ്ടു ചേരികളായി ലോകത്തെ കാണുന്നു. ഇതിൽ ഏതു ചേരിയിലാണു നാം ഉൾപ്പെടുന്നതു്? "കത്താവേ, കത്താവേ" എന്നു വിളിക്കുന്നതിനു പ്രയാസമില്ല. പ്രമാണങ്ങൾ അനുഷ്ഠിക്കുന്നതിലാണു പ്രയാസം. യഥാത്ഥ ദൈവവിശ്വാസമുള്ളവക്കു്, ഈ പ്രയാസങ്ങൾ ഒരനുഗ്രഹമാണ്. പ്രമാണങ്ങളുടെ സത്ത, സഹോദരസ്നേഹത്തിൽകൂടി, സേവനത്തിൽകൂടി ദൈവത്തെ സ്നേഹിക്കുകയാണെന്നു മനസ്സിലാക്കിയാൽ പ്രശ്നം അവസാനിക്കുന്നു. ക്രിസ്തീയ ഉപവി എന്ന ശ്രേഷ്ഠമായ തത്വസംഹിതയിലേക്കു വന്നെത്തുവാൻ ഞാൻ ബദ്ധപ്പെടുകയാണ്.

ക്രിസ്തു പഠിപ്പിച്ച ഒരു പ്രാത്ഥന നാം എന്നും ഉച്ചരിക്കാറുണ്ടു്. ഒരു മനുഷ്യായുസ്സിൽ ഈ പ്രാത്ഥന എത്ര തവണ ആവത്തിക്കുന്നുണ്ടെന്നു കണക്കുകൂട്ടി നോക്കുന്നതു രസാവഹമായിരിക്കും. ആകാശങ്ങളിലിരിക്കുന്ന ബാവായുടെ തിരുനാമം ശുദ്ധമാകപ്പെടുന്നതിൽ നമുക്കു സന്തോഷമേയുള്ളു. തൻെറ രാജ്യം വരുന്നതിലും, തിരുമനസ്സു് ആകാശത്തിലേപ്പോലെ ഭൂമിയിലുമാകുന്നതിലും വലിയ തകരാറു നാം കാണാറില്ല. നമ്മുടെ അനുദിന അപ്പം രണ്ടു കയ്യും നീട്ടി വാങ്ങുവാൻ നാം സദാ സന്നദ്ധരുമാണ്. ഇത്രയുമായപ്പോഴാണ് ഒരു വിഷമസന്ധിയിൽ ചെന്നു് ഏററുമുട്ടുന്നതു്. നമ്മുടെ സ്വരം താഴുന്നു. ശക്തി കുറയുന്നു. ഞങ്ങളുടെ കടക്കാരോടു് ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളോടും ക്ഷമിച്ചാൽ മതിയെന്നു തീർത്തു സമ്മതിക്കുന്നതിൽ ഒരു വിഷമം. ക്രിമിനലും സിവിലും കേസ്സുകൾ വർദ്ധിക്കുന്നതല്ലാതെ കുറയുന്നതായി കേൾക്കാറില്ല. പ്രതികാരനടപടികൾ, കൊലപാതകങ്ങളായും പണാപഹരണങ്ങളായും അധിക്ഷേപവർഷങ്ങളായും രൂപം പ്രാപിക്കുകയാണ്. നാം തുടന്നു പ്രാർത്ഥിക്കുകയാണ്. ഞങ്ങളുടെ കടക്കാരോടും ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ക്ഷമിച്ചാൽ മതിയെന്നു്. "നീതിമാത്രം നോക്കാതെ കരുണ ചെയ്യണമേ" എന്നു നമുക്കു പ്രാത്ഥിക്കാം.

ദിവ്യപൂജ ആരംഭിക്കുന്ന ഘട്ടത്തിൽ, കാർമ്മികൻ എല്ലാവരെയും പ്രതിനിധീകരിച്ചുകൊണ്ടു് ചില പ്രധാന കാര്യങ്ങൾ ഏററുപറയാറുണ്ടു്. സഹോദരനോടു വിദ്വേഷമുണ്ടെങ്കിൽ അതവസാനിപ്പിച്ചു രമ്യതയിലായിട്ടു പൂജ ആരംഭിച്ചാൽ മതിയെന്നാണ് അനുശാസിച്ചിരുന്നതു്. കാർമ്മികരും, സഹകാരികളും ആത്മാത്ഥമായി ഇതു് ആലോചിക്കണം. കർശനമായാൽ ചെറിയ ദേവാലയങ്ങളിൽപോലും ആൾത്തിരക്കു കുറയുമായിരിക്കും. സത്യത്തിൽനിന്നും നീതിയിൽനിന്നും നാം പിന്മാറിയാൽ അസത്യവും അനീതിയും കൊണ്ടു് കമ്യൂണിസക്കാരൻ സ്ഥലംപിടിക്കുമെന്നു കരുതിക്കൊള്ളണം.

ദൈവം നൽകിയ അനുഗ്രഹങ്ങൾ ജ്ഞാനം, ധനം, പദവി, അധികാരം, എന്നിവയെല്ലാം എളിയ സഹോദരങ്ങൾക്കുകൂടി പ്രയോജനകരമാകത്തക്കവിധം പ്രയോഗിക്കുന്നതിലധികം കാര്യമായി മറെറാന്നുമില്ല. ഇതു നമ്മുടെ തിരുമാനത്തിനും ഇച്ഛയ്ക്കും വിട്ടുതന്നിട്ടുള്ള കാര്യമല്ല. നാം എന്നും കാണുന്ന സഹോദരനെ അവഗണിച്ചിട്ടു കാണാത്ത ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുന്നതു വെറും വങ്കത്വമാണെന്നു യഥാവസരം

മുന്നറിയിപ്പു നൽകിയിട്ടുണ്ട്. വിദ്യാസമ്പന്നർ, പണ്ഡിതന്മാർ തുടങ്ങിയ അനുഗ്രഹീതർ തൊഴിലിന്റെയും പ്രതിഫലത്തിന്റെയും പേരിലല്ലാതെ സഹോദരങ്ങൾക്കു വിദ്യാദാനം ചെയ്യുവാനുള്ള സന്നദ്ധത പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. കൊടിമരങ്ങൾക്കും, വെടിക്കെട്ടുകൾക്കും, മഹോത്സവങ്ങൾക്കുമായി പണം വാരി വിതറുന്നവർ, ഇവയെല്ലാം കണ്ട് അൽഭുതപരതന്ത്രരായി കഴിയുന്ന പാവപ്പെട്ടവരേയും, അവരുടെ അർദ്ധപട്ടിണിക്കാരോ, മുഴുപ്പട്ടിണിക്കാരോ ആയ കുഞ്ഞുങ്ങളേയും അനുസ്മരിക്കേണ്ടിയിരിക്കുന്നു. അധികാരികളും മേലേക്കിടയിലുള്ളവരും, സൗമനസ്യത്തിന്റേയും സൗജന്യത്തിന്റേയും സാഹോദര്യത്തിന്റേയും സന്മനസ്സ് സഹജീവികളോടു പ്രദർശിപ്പിക്കാത്തതിന്റെ ഭവിഷ്യത്ത്, അതിന്റെ അത്യാഹിതം, ഭയാനകമായിരിക്കും. ഈ മൗലികകാര്യങ്ങളിലെല്ലാം നാം ഉണർവോടെ വർത്തിക്കുന്നില്ലെങ്കിൽ, നമ്മെക്കാൾ തന്ത്രക്കാരായവർ രംഗപ്രവേശംചെയ്യുന്നതിൽ അതിശയിച്ചിട്ടു കാര്യമില്ല. നമ്മിൽ എളിയവരോടു ചെയ്യുപ്പോഴെല്ലാം തന്നോടു തന്നെ ചെയ്യുതായി പരിഗണിക്കുന്ന ദൈവത്തിന്റെ കാരുണ്യത്തിൽ നമുക്കു വിശ്വസിക്കാം.

ക്രിസ്തു ചെയ്ത അൽഭുതങ്ങളെല്ലാംതന്നെ സാഹോദര്യത്തിന്റെ സന്ദേശം പ്രായോഗികമാക്കുന്നവയായിരുന്നു. അവിടുന്നു ഉദീരണംചെയ്തിട്ടുള്ളവയെല്ലാം സഹോദരനിൽക്കൂടി അവിടുത്തെ ദർശിക്കുന്നതിനുള്ള ആഹ്വാനമായിരുന്നു. വൃദ്ധയുടെ കൊച്ചു കാശ് എടുത്തു കാട്ടിയ, ചുങ്കക്കാരന്റെയും പ്രീശന്റേയും ഉപമ അരുളിച്ചെയ്ത, മഗ്ദലനാമറിയത്തിനു പാപവിമോചനം നൽകിയ, സമറിയാക്കാരിയോടു വെള്ളം ചോദിച്ച, "നിങ്ങളിൽ പാപമില്ലാത്തവർ കല്ലെറിയട്ടെ" യെന്നരുളിച്ചെയ്ത, എഴുപതു കണക്കിന് അനേകം വട്ടം ക്ഷമിക്കണമെന്നു പറഞ്ഞ, ക്രിസ്തുതന്നെയാണു സകലവും സഹിച്ചതിനുശേഷവും കുരിശിൽ കിടന്നുകൊണ്ടു "പിതാവേ! തങ്ങൾ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല, അതിനാൽ ഇവരോടു ക്ഷമിക്കേണമേ" എന്നു പ്രാർത്ഥിച്ചതും. ലോകത്തിനു യഥാർത്ഥ വിപ്ളവം കാട്ടിക്കൊടുത്ത ക്രിസ്തുരാജന്റെ അനുയായികൾ അനവധിയുള്ളിടത്ത് പൊള്ളവാഗ്ദാനങ്ങളും കപടചരണങ്ങളുംകൊണ്ടു മിഥ്യാവിപ്ളവം ഇളക്കിവിടുവാൻ കമ്മ്യൂണിസ്റ്റുകൾക്കും അവരുടെ സഹയാത്രികർക്കും സാധിക്കുന്നത് ഒരു വിരോധാഭാസമല്ലെ. സത്യവും ജീവനും വഴിയുമായ ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളാണെങ്കിൽ, സാഹോദര്യത്തിന്റെ സന്ദേശം പ്രവൃത്തികൾമൂലം പരത്തുന്നവരാണെങ്കിൽ, ഈ ഉപജാപകന്മാരുടെ വിക്രിയകൾ വിലപ്പോവുകയില്ല. സ്വശിഷ്യരുടെ കാലുകഴുകി ചുംബിച്ച ചരിതാർത്ഥനായ നേതാവിന്റെ അനുയായികളാണു നാം. പാവങ്ങളുടെ പേരിൽ കള്ളക്കണ്ണുനീർ ഒഴുക്കുന്ന കാപാലികന്മാരുടെ വേഷങ്ങൾ വെളിച്ചത്തു കൊണ്ടുവരുവാൻ നമുക്കു കടമയുണ്ട്.

ക്രിസ്തീയ ഉപവിയോടുകൂടി ഏതു പ്രശ്നത്തേയും അഭിമുഖീകരിക്കുവാൻ നമുക്കു ശ്രമിക്കാം. നമുക്കു ലഭിച്ചിരിക്കുന്ന ഈ നൈസർഗ്ഗികമായ പുണ്യം അഞ്ചും രണ്ടും കക്രാകൾകിട്ടിയവരെപ്പോലെ വർദ്ധിപ്പിക്കുവാൻ ശ്രമിക്കാം. ക്രിസ്തുവിലും അവിടുത്തെ പ്രബോധനങ്ങളിലും നമുക്കുള്ള വിശ്വാസം പ്രവൃത്തിമൂലം പ്രകടമാക്കാം. നമ്മുടെ വിളക്കിലെ എണ്ണ ഒരിക്കലും തീരാത്തവണ്ണം ബുദ്ധിയുള്ള കന്യകകളെപ്പോലെ നമുക്കു പ്രവർത്തിക്കാം. എങ്കിൽ നമ്മുടെ രാജ്യത്തു നാം പരാജിതരാകുകയില്ല. അവസാനവിധിയിലും നാം ജേതാക്കളായിരിക്കും. ആ വിധി വാചകങ്ങൾ നമുക്ക് അനുകൂലമായിരിക്കും. ആഹാരമില്ലാത്തവന് ആഹാരം നൽകുകയും, വസ്ത്രമില്ലാത്തവന് വസ്ത്രം നൽകുകയും, രോഗിയെ ആശ്വസിപ്പിക്കുകയും, പരദേശിക്ക് ആശ്വാസം നൽകുകയും ചെയ്താൽ, തന്റെ ചെറിയവരോടുചെയ്തതു് തന്നോടു ചെയ്തതായി പരിഗണിക്കുവാൻ സർവ്വശക്തൻ സന്നദ്ധനായിരിക്കും. കൊച്ചുകൊച്ചു ഫ്രാൻസീസ് അസ്സീസിമാരായിത്തീരുവാൻ നമുക്കു ശ്രമിക്കാം. ആബേപിയറിനേപ്പോലെ സ്നേഹത്തിന്റെ മധുരഗാനം ആലപിച്ചു സേവനം ചെയ്യാം.

കേരളം 1959 ജൂലായി 31-ാം തീയതി കമ്മ്യൂണിസ്റ്റ് ദുർഭരണത്തിൽനിന്നും വിമോചിതയായി. അതിനുവേണ്ടി കേരളക്കരയിലെ അമ്മമാരും സഹോദരികളും എല്ലാ നല്ലമനുഷ്യരും രംഗത്തിറങ്ങി. ഫ്ളോറി! ആ മാതാവിന്റെ മാറിൽനിന്നും ചോരിമണലിലേയ്ക്കു ചുടുരക്തം വാർന്നൊഴുകി. അതു കണ്ടപ്പോഴുണ്ടായ പാരവശ്യം ഇന്നും അവശേഷിക്കുകയാണ്. നമ്മുടെ സഹോദരങ്ങൾ രക്തസാക്ഷിത്വം വരിച്ചു. അംഗഹീനരായ അനേകർ ഇന്നും ക്ലേശം അനുഭവിക്കുകയാണ്. ആ

സർവ്വേശ്വരായ നമഃ

# മാർ ത്രേസിയാ പുണ്യസ്ത്രീയുടെ ചരിത്രം

(പൗലീനോസ് പാതിരി)*

അഖിലശാസ്ത്രചിത്രം പരമജ്ഞാനമിത്രം
അഖണ്ഡഗുണമാത്രം കാരുണ്യപൂർണ്ണപാത്രം.
പാതിതജനപാരം പാതകഹരം പാതം
ആദികാരണധാരം സാരസ്യമോക്ഷസാരം.
നിഷ്കളം നിർവികാരിം ഭൂരിസമീക്ഷ്യകാരിം
നിശ്ചലധനധാരിം സമസ്തദോഷകാരിം.
സല്ലിതം ധ്രുവം പരം പരമഗുണാധാരം
തല്പരം പരാപരം വിഷ്ടപത്രയം ഭരം.
ജംഗമഭൃതപാലം ലോലധരിത്രാമാലാം
ജംഗമേ ധരാപാലം ലൗകികദീപ്തിജാലം.

സർവജ്ഞം സർവനാഥമേകസ്വരൂപമാദ്യം
സജ്ജകം ഭുവനാക്ഷം ജ്ഞാതവിജ്ഞാതമാദ്യം.
പാവനജനമിത്രം സാധുശീലം പവിത്രം
ഭാവനപ്രദ ദേഹം ഭാഗ്യകാരണം ദേവം
ദുഷ്ടജനാനാം ഹന്ത,മനന്തം ചാരുശാന്തം
തുഷ്ടിസമ്പന്നം ദാന്തം സമസ്തലോകകാന്തം
സർവകാരണ,ന്നിത്യം, സർവവ്യാപകംവ്യയം
സർവേശമധോമുഖം സാദരം നാമാമ്യഹം
ത്രേസിയാമമ മാതൃപുണ്യചരിത്രം ചിത്രം
വക്തുംമേ ജ്ഞാനംദേഹി, സകലജ്ഞാനമിത്രം.

ഉത്തരഭാഗത്തുങ്കൽ പഞ്ചസഹസ്രംകാതം
ഉത്തമകാററിൻബലാൽ ജംഗമയാനപാത്രേ
മാലുമീവിദ്യാവശാൽ കടന്നാലബ്ധിതന്നെ
മാളിക,പുരി,ഗ്രഹം,വിവിധദേശം കാണും.
ശാസ്ത്രകംരൂപ്യമതിൽ വാഹംച സമ്പന്നമാം
ശാസ്ത്രോക്തജനപൂർണ്ണം കുകുഭം ഭവിക്കുന്നു.
'ഹിസ്പാന്യ'യെന്നരാജ്യം പുണ്യമാംജനത്തിന്നു
ഇഷ്ടമായുള്ളവാസം സാരസ്യപരിഗ്രഹം
അംബരേ നിശാപതി നിശ്ലേഷം ഗ്രഹങ്ങളെ
അത്യർത്ഥശോഭയാലെ തോല്പിക്കുമെന്നപോലെ.
'ആബുള'യെന്നപരിഹിസ്പാന്യാരാജ്യംതന്നിൽ
അഖില നഗരേഷു അധികം ശോഭിക്കുന്നു.

ചൊല്ലൊണ്ടുമിപ്പുരിയിൽഉത്തമ,നഗ്രേസരൻ,
ഗോഷ്പദ†ഭക്താഗ്രണി, കുശലൻ,ഗുണാന്വിതൻ,
കോശവാൻ,മഹോത്സാഹി,പാപിഷ്ഠജനദ്വേഷി,
കോമളൻ, ചാരുശീലൻ, തല്പരൻ, മനോഹരൻ,
ദരിദ്രജനപ്രിയൻ, ജിതാത്മാ, സത്യസേവി,
ധാർമ്മികൻ, ക്ഷാന്തൻ, ദാന്തൻ, ശുദ്ധോക്തൻ,
മഹാശാന്തൻ,

* ഓസ്ത്രിയാ രാജ്യക്കാരനായിരുന്ന പൗലീനോ ദെ സാൻ ബത്തലോമിയോ (1748—1806) എന്ന ഈ കർമ്മലീത്താ മിഷനറി വിവിധഭാഷകളിൽ അഗാധമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നു. 1777-നുശേഷം ഒരു വ്യാഴവട്ടത്തിലധികം ഇദ്ദേഹം കേരളത്തിൽ മിഷനറിവേല നിവർത്തിച്ചതിനിടയിൽ ഗദ്യത്തിലും പദ്യത്തിലും അനേകം മലയാളഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിലൊന്നാണ് ഈ കാവ്യകൃതി അജ്ഞാതകരങ്ങൾ മൂലരൂപത്തെ ഇടക്കാലത്തു സ്പർശിച്ചിട്ടുണ്ട്.

† Cepeda (Don Alonso (Alphonso) de Cepeda)

ഐതിഹാസികമായ വിമോചനസമര സംഭവപരമ്പര കൺമുന്നിൽ തങ്ങിനിൽക്കുന്നെങ്കിലും വിവരിക്കുവാൻ വികാരം അനുവദിക്കുന്നില്ല. നാം വിജയിച്ചു. ഏതിൽ? കമ്മ്യൂണിസ്റ്റ് ദുർഭരണം അവസാനിപ്പിക്കുന്നതിൽ. നാം വിശ്രമിക്കണമൊ? കമ്മ്യൂണിസം നമ്മുടെ നാട്ടിൽനിന്നും എന്നന്നേക്കുമായി തിരോഭവിക്കുന്നതുവരെ നമുക്കു ദൈവാനുഗ്രഹത്താൽ ലഭിച്ച ആവേശവും ധൈര്യവും നഷ്ടമാകാതെ നാം അവിശ്രമം മുന്നേറണം. ദുഷിച്ച സ്ഥലത്താണു അണുക്കൾ പെരുകുന്നതു്. നമ്മുടെ അണികൾ ദുർബലമായാൽ കമ്മ്യൂണിസ്റ്റുകൾ നുഴഞ്ഞുകയറും. ദുരിതങ്ങളും ദുഃഖങ്ങളും തീരുവാൻ കമ്മ്യൂണിസ്റ്റുകളുടെ കൈയാംകളികൾ ആവശ്യമില്ല. ക്രിസ്തീയ ഉപവിയേക്കാൾ ശ്രേഷ്ഠമായ പ്രതിവിധി മറെറാന്നുമില്ല. ഇതേ എനിക്കു് അനുസ്മരിപ്പിക്കുവാനുള്ളൂ. എല്ലാവരും, വിശിഷ്യ നേതാക്കളും ഇതു് ഓർക്കുമോ?

'അൽഫോൻസ്സ' സെന്ന മഹാനത്യൽകാലമിതി
ആത്മജഹീനനായി, പീഡിതൻ പാർത്തുവന്നു.

പ്രാർത്ഥിച്ചു വീണ്ടും വീണ്ടും തപവും ചെയ്താൻസദാ
പരമൻ കൃപയാലെ പുത്രരുമുണ്ടായ്‌വന്നു.
പുത്രർ നാലുപേരിലുമേററമിളയപൈതൽ
ത്രേസിയായെന്ന നാമം പ്രാപിച്ചുനിരന്തരം.
മററുള്ള കുസുമേഷു സാരസമെന്നപോലെ
മററുള്ള പുത്രരിലുമിവൾക്കു ശോഭയേറും;
കേസരം രക്തോല്പലേ ബാലികാ കേശം തന്നെ,
കേവലം കന്യതന്നെ സാരസമെന്നു ചൊല്ലാം.

പുഞ്ചിരിസാധുശീലാ, കാട്ടിടും ചാരുശീലാ
പുണ്ഡരീകാക്ഷി ഗൗരി ബാലികാമനോഹാരി.
പ്രകാശം മഹോല്പലേ ലോഹിതപത്രം യഥാ
പ്രാബല്യമേവം കന്യാ, സ്വാനനാൽ ചിന്തും നൂനം.
വാ ബീജകോശത്തിന്നു നാസികാതുല്യംതന്നെ,
വാ പക്ഷ്മമേ ദളത്തിൻ സമമായി ശോഭിക്കുന്നു.
സ്ത്രീജനം കണ്ടാലേതാം നിമിഷം ലജ്ജിച്ചീടും,
സിതയാം കന്യാമണിയത്രയ്ക്കു മനോഹാരി.

സിതസിക്തകമയം സർവ്വാംഗേ ഭവിക്കുന്നു
സിൽഹമാം സൗരഭ്യവും ചിന്തുന്നു നിരന്തരം.
ലാളിക്കുമേതാം പിതാ, ലാളിക്കുമേതാം മാതാ,
ബാലിക പരസ്പരം ലാളിക്കും പിതാക്കളെ.
സന്ദർശജനമെല്ലാം സ്തബ്ധരായ് നിലകൊള്ളും.
സുന്ദരീതിലകത്തിൻ സ്നിഗ്ദ്ധവിലാസങ്ങളാൽ.

വിനയം, ദൈവഭക്തി, സർവ്വേശനിത്യഭീതി,
വിജ്ഞാനം ദാനശീലം, കാരുണ്യം, ജനപ്രിയം,
വിരക്തി, ക്ഷമ, ധൈര്യം, ഇന്ദ്രിയജയം, മാർഷ്ടി,
ധീശക്തി, നേത്രകാന്തി, നിർമ്മലദേഹീകാന്തി,
ധർമ്മങ്ങൾ ബഹുവിധം സുന്ദരിയാമവൾ തൻ
ദേഹത്തിൽ സംഗമിച്ചു വസിച്ചു നിരന്തരം.
ഹീരങ്ങൾ ഹാടകത്തിൽ കൂടിയാൽ ശോഭയേറും
ധർമ്മവുമേവം രുചി നൽകിടും ദേഹത്തിന്നും.

അഗതികളെ ബാല കാണുന്നനേരം ചിത്തം
അലിഞ്ഞു ദാനം ചെയ്‌വാൻ മനസ്സിലഭിലാഷം.
ചിലർക്കു ദ്രവ്യം നൽകി ശോകത്തെത്തീർക്കുമവൾ
ചിലരെച്ചാരു സാന്ത്വാൽ ലാളിച്ചു തണുപ്പിക്കും.
വാക്കുകൾ പറയുമ്പോൾ ചിരിച്ചു മന്ദംമന്ദം
കേൾക്കുന്ന ജനചിത്തം സ്വവശാൽ രഞ്ജിപ്പിക്കും.
നര്യാസ്യം കണ്ടാലുടൻ ലജ്ജിക്കും ലജ്ജാശീലം
നാരീസമൂഹത്തിലും ചാരിത്ര്യം കാത്തുംകൊള്ളും.
കുറഞ്ഞപ്രായമെങ്കിൽ മുഴുത്തു ജ്ഞാനം താന്തം;
കുറഞ്ഞ ശാസ്ത്രത്തിലും മാഹാത്മ്യം വസിക്കുന്നു.
എന്തിതു പറയുന്നു, നാരിതൻ ഗുണഖ്യാതി
എന്നുടെ വാക്കിൻ വശാൽ ഒപ്പിച്ചു വരാ നൂനം.

അക്കാലം കന്യകതൻ ജനനി കാലം ചെയ്തു
ചിക്കെന്നു മഹാമന്യു അവൾക്കുൾ നിറഞ്ഞുതെ;
അരുണശോഭ യഥാ മറയ്ക്കും കൃഷ്ണമേഘം
അതുപോൽ മനോദുഃഖമവൾ തൻ മുഖംമൂടി.
ദുഃഖാബ്ധൗ താണു ജീവൻ പീഡിച്ചു ദിനംപ്രതി
ദുഃഖത്താൽ ദേവമാതാവോടിദമിരന്നവൾ:
"ബാലകപ്രിയേ! ദൈവമകുടമണീ! ഗുണ—
ശാലിനീ! ചാരുശീലേ! വത്സലമറിയമേ!
കന്യകേ! ലോകനാഥേ! ദുഃഖിത ജനശോക—
ഹനനീ! മമ പീഡാഹാരിണീ! മഹാത്മജേ!
എന്മാതാ കാലം ചെയ്തു, നീയല്ലാതിനി മേലിൽ
വേറൊരു സ്ഥൈര്യമില്ല, വേറൊരു മാതാവില്ല.
നിന്നുടെ തിരുമുമ്പിൽ സാഷ്ടാംഗം വീഴുന്നുഞാൻ,
ഖിന്നത നീക്കേണമെ, മാതാവേ! മറിയമേ!
ജനിക്കും മുമ്പേ തന്നെ നിനക്കു ദാസിയാം ഞാൻ
നിനയ്ക്കുന്നിപ്പോൾ നിൻെറ പുത്രിയായിരിക്കുവാൻ.
ഏകയാം നിസ്സ്വബാലാം നീ ദത്തായ്
കൈക്കൊള്ളണേ!
ഏതുമെ, മമ മാതാ, മാം പരിത്യജിക്കൊല്ലേ!
ഈ വിധമപേക്ഷിച്ചു ത്രേസിയാ നിരന്തരം
ഈശ്വരാംബിക തന്നെ സേവിച്ചാൾ ഭക്ത്യാദരം.

(തുടരും)

# അടുത്തു സമ്മേളിക്കുവാൻ പോകുന്ന സാർവത്രികസൂനഹദോസ്

## III

(ഡോക്ടർ സി. റ്റി. കൊട്ടാരം)

ഏതെങ്കിലും സാർവത്രിക സൂനഹദോസിലേക്ക് ആരെയെല്ലാമാണു ക്ഷണിക്കേണ്ടതെന്നു തീരുമാനിക്കേണ്ടതു മാർപ്പാപ്പായാണ്. തന്നിമിത്തം അടുത്ത സൂനഹദോസിലേക്ക് ആരെല്ലാം ക്ഷണിക്കപ്പെടുമെന്നു ഖണ്ഡിതമായി ഇപ്പോൾ പറയുക അകാലികമാണ്. എന്നിരുന്നാലും മുൻപാരമ്പര്യമനുസരിച്ചും ഇപ്പോൾ നിലവിലിരിക്കുന്ന കാനൻ നിയമമനുസരിച്ചും ക്ഷണിക്കപ്പെടുവാനർഹതയുള്ളവർ ആരെല്ലാമെന്നും ഇപ്പോഴേ പറയുവാൻ കഴിയും. കർദ്ദിനാളന്മാർ, പാത്രിയക്കാമാർ, പ്രൈമററുമാർ, മെത്രാപ്പോലീത്താമാർ, രൂപതാദ്ധ്യക്ഷന്മാരായ മെത്രാന്മാർ, ആബട്ടുമാർ, മെത്രാന്മാരുടെ ഭരണസീമയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സന്യാസസഭകളുടെ പൊതുശ്രേഷ്ഠന്മാർ, എന്നിവക്കു പൊതുസൂനഹദോസിലേക്കു ക്ഷണിക്കപ്പെടുവാനുള്ള അവകാശം കാനൻ നിയമം നൽകിയിട്ടുണ്ട്. സൂനഹദോസിന്റെ തീരുമാനങ്ങളിൽ വോട്ടുചെയ്യുന്നതിനുള്ള അവകാശവും ഇവക്കുണ്ട്. ഇവരെയാണ് സൂനഹദോസിലെ പിതാക്കന്മാരെന്നു വിളിക്കാറുള്ളതും. ഇവരെ കൂടാതെ ആവശ്യമെന്നു തോന്നുന്നിടത്തോളം വേദശാസ്ത്രപണ്ഡിതന്മാരും കാനൻ നിയമവിദഗ്ദ്ധന്മാരും ക്ഷണിക്കപ്പെടുന്നതാണ്. അസാദ്ധ്യമായിരുന്നേക്കാവുന്ന സാങ്കേതികോപദേശങ്ങൾ നൽകുവാനാണ് ഇക്കൂട്ടരെ ക്ഷണിക്കുന്നതു്. ഇവക്ക് തീരുമാനപരമായ വോട്ടവകാശമില്ല.

അടുത്ത സൂനഹദോസിന്റെ ഒരു പ്രത്യേകത ഒട്ടേറെ അകത്തോലിക്കർ അതിൽ സംബന്ധിക്കുവാൻ ക്ഷണിക്കപ്പെടുവാനിടയുണ്ടെന്നുള്ളതാണ്. സൂനഹദോസിനെ ലക്ഷ്യം വച്ചു നോക്കിയാൽ കത്തോലിക്കസഭയുമായി ഭിന്നിച്ചുനിൽക്കുന്ന പൌരസ്ത്യസഭകളിലെ വൈദികമേലദ്ധ്യക്ഷന്മാരും പ്രോട്ടസ്റ്റാണ്ടു സഭാവിഭാഗങ്ങളുടെ ഭരണാധിപന്മാരും ക്ഷണിക്കപ്പെടുമെന്നു വിശ്വസിക്കാവുന്നതാണ്. എന്നാൽ ഇവരാരും സൂനഹദോസിലെ അംഗങ്ങളുടെ പട്ടികയിൽ പെടുന്നതല്ല. നിരീക്ഷകന്മാരുടെ നിലയായിരിക്കും ഇവക്കുണ്ടായിരിക്കുന്നതു്. പുനരൈക്യത്തിനുവേണ്ടിയുള്ള പരസ്പര ആശയവിനിമയത്തിനും, പുനരൈക്യ വ്യവസ്ഥകൾ സംബന്ധിച്ചുള്ള ചർച്ചകൾക്കും ഇവരുടെ സാന്നിദ്ധ്യം അത്യന്തം സഹായകമായിരിക്കുമെന്നുള്ളതു തർക്കമററ വസ്തുതയാണ്. സൂനഹദോസിൽ സംബന്ധിക്കു



ലേഖകൻ

വാൻ ക്ഷണിക്കപ്പെട്ടാൽ തീർച്ചയായും അതിൽ സംബന്ധിക്കുവാൻ സന്തോഷമായിരിക്കുമെന്നു ചില വൻകിട കത്തോലിക്കേതര വൈദികമേലദ്ധ്യക്ഷന്മാർ ഇതിനകം സൂചന നൽകിയിട്ടുള്ളതു പ്രസ്താവ്യമത്രേ.

ക്ഷണിതാക്കളിൽ ഒരു ലഘുവിഭാഗം മാത്രം സംബന്ധിച്ചാൽതന്നെയും സൂനഹദോസിൽ സംബന്ധിക്കുന്നവരുടെ സംഖ്യ അനേകായിരമായിരിക്കുമെന്ന് ഊഹിക്കാവുന്നതാണ്. ആധുനികകാലത്തെ യാത്രാസൗകര്യങ്ങൾ പരിഗണിച്ചാൽ സൂനഹദോസിൽ സംബന്ധിക്കുവാൻ അനവധിയാളുകൾ സന്നദ്ധത പ്രകടിപ്പിക്കുമെന്നും ഊഹിക്കാവുന്നതാകുന്നു.

# വി. കൊച്ചുത്രേസ്യായുടെ സ്വയംകൃതചരിതം

കെ. സി. ചാക്കോ, എം. എ., എം. എസ്.

ഈ അടുത്തകാലത്ത് പാങ്ങോട്ടുള്ള കർമ്മലീത്താ സന്യാസവൈദികരുടെ വകയായി പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു പുതിയ പുസ്തകം കാണാനിടയായി. കേരളീയ കത്തോലിക്കർക്ക് സുപരിചിതമായ ഒരു കഥയാണ് ലിസ്യുവിലെ വി. കൊച്ചുത്രേസ്യയുടേത്. 'നവമാലിക' എന്ന പേരിൽ പരേതനായ ഷെവലിയർ ജോസഫ് തളിയത്ത് അവർകളുടെ പരിശ്രമഫലമായി ആ ജീവിത കഥ ആദ്യമായി ഇവിടെ പ്രചരിച്ചിരുന്നു. എന്നാൽ നവമാലികയ്ക്ക് ആധാരമായ മൂലകൃതിയും ഇപ്പോൾ പ്രസിദ്ധീകൃതമായിരിക്കുന്ന സ്വയംകൃതചരിതവും തമ്മിൽ അല്പം അന്തരമുണ്ട്. വിശുദ്ധ കൊച്ചുത്രേസ്യായുടെ മരണശേഷം, പ്രസിദ്ധീകരണാർഹമെന്നു അധികാരികളുടെ സമൂഹം തീരുമാനിച്ച വിധത്തിൽ ക്രമീകരിക്കപ്പെട്ട ഒരു ആത്മകഥയാണ് ആദ്യം നമുക്കു ലഭിച്ചത്. ഇപ്പോഴാകട്ടെ, മൂലകത്തുകളുടെ ഏതാണ്ടു സമഗ്രമായ ഒരു പദാനുപദതർജ്ജമ തന്നെ നമുക്കു ലഭിച്ചിരിക്കുന്നു. മൂലകൃതി ഫ്രഞ്ചുഭാഷയിലാണ്. ഇംഗ്ലീഷുവിവർത്തനവും പ്രചാരത്തിലുണ്ട്. ഈ രണ്ടു ഭാഷയും വിദഗ്ദ്ധമായി കൈകാര്യം ചെയ്യാൻ പ്രാപ്തനായ ബ. മൂത്തേടനച്ചനാണ് ആകർഷകമായ ഈ പരിഭാഷ തയ്യാറാക്കിയിരിക്കുന്നത്.

ഭാഷയിലുള്ള വൈദഗ്ദ്ധ്യം മാത്രം ഒരു ഗ്രന്ഥകാരനെ ഒരു പരിഭാഷയ്ക്കു പ്രാപ്തനാക്കുകയില്ല. പ്രതിപാദ്യവിഷയത്തിന്റെ അരൂപി അനുഭവിച്ചറിയാനുള്ള അയാളുടെ കഴിവിനെക്കൂടി ആശ്രയിച്ചേ പരിഭാഷ വിജയകരമാകൂ. വിശുദ്ധിയിലേക്കുള്ള കാൽവയ്പായ സന്യാസജീവിതക്രമത്തേയും, അതിനോടനുബന്ധിച്ച ചിന്താഗതിയേയും ഏറെക്കുറെ ശരിയായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള ഒരു കത്തോലിക്ക വൈദികനു് അതുണ്ടെന്നു് നിസ്സംശയം പറയാം. അതുമാത്രമല്ല, ബ. മൂത്തേടനച്ചനു് ഈ പരിഭാഷയ്ക്കു സഹായിച്ചിരിക്കാവുന്നതു്. വി. കൊച്ചുത്രേസ്യായുടെ ബാല്യം മുതൽ മരണംവരെയും അവൾ എഴുതിയിട്ടുള്ള ചെറിയ ലേഖനങ്ങളുടെ സമാഹാരമായ ഒരു ഗ്രന്ഥത്തിന്റെ ഏറിയ ഭാഗവും, പഠിക്കുവാനും, പരിഭാഷപ്പെടുത്തുവാനും അദ്ദേഹം നേരത്തെ തയാറായി. "നവമാലികാസഖി" എന്ന പേരിൽ അറിയപ്പെടുന്ന ആ വലിയഗ്രന്ഥം മിക്കവാറും അദ്ദേഹത്തിന്റെ പ്രയത്നഫലമാണ്. അങ്ങനെ വി. കൊച്ചുത്രേസ്യായുടെ കാലാനുഗതമായ ആദ്ധ്യാത്മികവളർച്ചയെ അപഗ്രഥനം ചെയ്തു പഠിക്കാനും, ആ വസ്തുതകളെ പ്രചരിപ്പിക്കാനും കഴിഞ്ഞ ഒരു വ്യക്തിയാണ്, അധികൃതമായ ഈ മൂലകത്തുകളുടെ

---

സൂനഹദോസിലെ നടപടിക്രമം എന്തായിരിക്കുമെന്നു ഖണ്ഡിതമായി പറയുവാൻ ഇപ്പോൾ സാദ്ധ്യമല്ല എന്നിരുന്നാലും, ആദ്യം ട്രെൻറിലും (Trent) പിന്നീടു വത്തിക്കാനിലും വച്ചു നടന്ന സൂനഹദോസുകളിൽ പരീക്ഷിച്ചു വിജയപ്രദമെന്നു ബോദ്ധ്യപ്പെട്ട ചില നടപടിക്രമങ്ങൾ തന്നെയായിരിക്കാം ആസന്ന സൂനഹദോസിലും സ്വീകരിക്കുവാൻ കൂടുതൽ സാദ്ധ്യതയുള്ളതെന്നു റോമൻ കേന്ദ്രങ്ങൾ അഭിപ്രായപ്പെടുന്നു. വിദഗ്ദ്ധന്മാരടങ്ങിയ കമ്മററികൾമുഖേന പ്രാരംഭജോലികൾ പൂർത്തിയാക്കുകയെന്നുള്ളതാണ് ഈ നടപടിക്രമത്തിലെ പ്രധാന വശം.

സൂനഹദോസ് ഉൽഘാടനംചെയ്യുന്നതു മാർപ്പാപ്പ തന്നെയായിരിക്കുമെന്നുള്ളതിനു സൂചനയും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. സൂനഹദോസിന്റെ ഒരു പൂർണ്ണസമ്മേളനത്തിൽവച്ചായിരിക്കും ഈ കൃത്യം നിർവ്വഹിക്കപ്പെടുന്നതു്. എന്തെല്ലാം പ്രശ്നങ്ങളെ സംബന്ധിച്ചാണു സൂനഹദോസിന്റെ അഭിപ്രായങ്ങൾ താൻ ആഗ്രഹിക്കുന്നതെന്നു് ഉൽഘാടനപ്രസംഗത്തിൽത്തന്നെ മാർപ്പാപ്പാ വ്യക്തമാക്കുന്നതായിരിക്കും. അതിനെത്തുടർന്നു് ഓരോ പ്രശ്നവും കൈകാര്യം ചെയ്യുവാൻ വിദഗ്ദ്ധരായ അംഗങ്ങളെ ഉൾപ്പെടുത്തി കമ്മററിയും സംഘടിപ്പിക്കപ്പെടും. ഏവംവിധം സംഘടിപ്പിക്കപ്പെടുന്ന കമ്മററികൾ അവഗാഢമായ പഠനത്തിന്റെയും സുദീർഘങ്ങളായ ചർച്ചകളുടേയും വെളിച്ചത്തിൽ ചില തീരുമാനങ്ങളിൽ എത്തിച്ചേരുന്നതും പ്രസ്തുത തീരുമാനങ്ങൾ പൊതു സമ്മേളനങ്ങളുടെ പര്യാലോചനയ്ക്കും തീരുമാനത്തിനുമായി സമർപ്പിക്കുന്നതുമാകുന്നു.

# വത്തിക്കാന്റെ ഭരണരീതി

(ഈ. ലൂയിസ് റോച്ച്, പി. എച്ച്. എൽ. ബി. ഡി.)

ആധുനികലോകത്തിന്റെ സവിശേഷമായ ശ്രദ്ധയ്ക്കും പഠനത്തിനും വിഷയീഭവിച്ചിട്ടുള്ള ഒന്നാണ് വത്തിക്കാന്റെ അന്തർദ്ദേശീയനയം. ലോകത്തിലെ എല്ലാ പ്രമുഖ രാഷ്ട്രങ്ങളുടേയും പ്രതിനിധികൾ ഇന്നു വത്തിക്കാനിലുണ്ട്. ജപ്പാൻ, പക്കിസ്ഥാൻ, ഇൻഡ്യ, ഇൻഡോണേഷ്യ, ബ്രിട്ടൻ, ഫിൻലണ്ട് തുടങ്ങിയ അകത്തോലിക്കാ രാജ്യങ്ങളുടെ പ്രതിനിധികൾപോലും വത്തിക്കാനിലുണ്ടെന്നു കേൾക്കുമ്പോൾ വത്തിക്കാന്റെ അന്തർരാഷ്ട്രീയ നിലയെക്കുറിച്ചു വിവരിക്കുന്നതിനെക്കാൾ ഊഹിക്കുകയായിരിക്കും ഉത്തമം. അങ്ങനെ ഏതു കാലഘട്ടത്തെക്കാളും ഇന്നു പരിശുദ്ധ സിംഹാസനത്തിന്റെ അന്തർരാഷ്ട്രീയ സ്വാധീനത വർദ്ധമാനമായിട്ടുണ്ടെന്നുള്ളതു വെറുമൊരു പരമാർത്ഥമത്രേ. സഭയ്ക്കു കമ്മ്യൂണിസത്തോടുള്ള വെറുപ്പ് സമാധാനത്തിനുവേണ്ടി എന്തു ത്യാഗവും സഹിക്കുന്നതിനുള്ള അവളുടെ സന്നദ്ധത ഇവയായിരിക്കാം സഭയുടെ പ്രതാപത്തിനുള്ള നിദാനമെന്നു വിചാരിക്കുന്നതിൽ തെററില്ല.

രണ്ടായിരം വർഷത്തെ പഴക്കമുള്ള ഒരു ധാർമ്മികശക്തിയാണു വത്തിക്കാൻ. എങ്കിലും, രാഷ്ട്രീയജീവിതത്തിലേയ്ക്കു് അവൾ കാലുകുത്തിയിട്ട് അധികനാളുകളായെന്നു തോന്നുന്നില്ല. കാരണം, രാഷ്ട്രീയമല്ല, മതപരമാണു പരിശുദ്ധസിംഹാസനത്തിന്റെ അന്ത്യം. ഈ വസ്തുത വത്തിക്കാൻ രാഷ്ട്രപതികൾ തങ്ങളുടെ ചാക്രികലേഖനങ്ങളിലും തിരുവെഴുത്തുകളിലും വിശദമായ ഭാഷയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽനിന്നും വത്തിക്കാൻ വിവിധ രാഷ്ട്രങ്ങളുമായി നയതന്ത്രബന്ധത്തിലേപ്പെടുന്നതിന്റെ ഉദ്ദേശം സിദ്ധം.

പരിശുദ്ധ സിംഹാസനത്തിന്റെ ഭരണരീതി ഏററവും പ്രയാസം കുറഞ്ഞതും അതേസമയം കാര്യക്ഷമതയുള്ളതുമാണ്. മാർപ്പാപ്പാ തിരുമേനിയാണു വത്തിക്കാൻ ഭരണകൂടത്തിന്റെ പരമാദ്ധ്യക്ഷൻ. ഭരണകൂടമെന്ന വാക്കുകൊണ്ടു ലോകത്തിലെ അഞ്ചിലൊരുഭാഗം

---

പരഭാഷ നടത്തിയിരിക്കുന്നതു്. വിശ്വപ്രകീർത്തിതമായ "കുറുക്കുവഴി"യിൽക്കൂടി വി. കൊച്ചുത്രേസ്യാ അവളുടെ ദിവ്യമണവാളനെ പ്രാപിച്ചതും, പ്രാപിക്കാൻ ഒരുങ്ങിയതും, പ്രാപിക്കുമെന്നു ദൃഢമായി ശരണപ്പെട്ടതും എല്ലാം സജീവമായ ഒരു ചലച്ചിത്രത്തിലെന്നപോലെ ഈ ഗ്രന്ഥത്തിൽ നമുക്കു കാണുവാൻ കഴിയും.

വിശുദ്ധന്മാരോടു നമ്മെ താരതമ്യപ്പെടുത്തുന്നതു് വളരെ സാഹസികമായി ചിലർ വ്യാഖ്യാനിച്ചേക്കാം. എന്നാൽ അതു നമ്മുടെ പോരായ്മകളെ എടുത്തു കാണിക്കുവാൻ ഉതകുന്ന ഏററം ശക്തമായ ഒരു മാർഗ്ഗമാണ്. നമ്മുടെ ദൈനംദിനജീവിതത്തിൽ—മാതാപിതാക്കന്മാരോടോ കുട്ടികളോടോ ഉള്ള പെരുമാററത്തിൽ—അദ്ധ്യാപകരോടോ വിദ്യാർത്ഥികളോടോ ഉള്ള പെരുമാററത്തിൽ—മേലുദ്യോഗസ്ഥന്മാരോടോ കീഴുദ്യോഗസ്ഥന്മാരോടോ ഉള്ള പെരുമാററത്തിൽ, നമുക്കു തെററിപ്പോയിട്ടുള്ള എത്രയോ അവസരങ്ങൾ ഈ പുസ്തകം വായിക്കുന്നതിനിടയിൽ നമ്മുടെ ഓർമ്മയിൽ വരും എന്നു് ഒന്നു പരീക്ഷിച്ചുനോക്കേണ്ടതാണ്. ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള പല പതിപ്പുകളിലുമായി ഈ 'സ്വയംകൃതചരിതം' ഞാൻ പല ആവർത്തി വായിച്ചിട്ടുണ്ട്. പലപ്പോഴും ജീവിതത്തെപ്പററിയുള്ള നമ്മുടെ മതിപ്പും, വിശുദ്ധന്മാർ അതിനു നൽകുന്ന വിലയും തമ്മിലുള്ള അന്തരം എത്ര വലുതാണെന്നു് അപ്പോഴെല്ലാം അതെന്നെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ജ്ഞാനവായനയ്ക്കു നാം ഗ്രന്ഥങ്ങൾ തിരഞ്ഞെടുക്കുന്നതു് നമ്മുടെ എളിയ ജീവിതത്തെ പ്രായോഗികമായി ബാധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കഴിവുള്ള പുസ്തകങ്ങളാണെങ്കിൽ—ഈ സ്വയംകൃതചരിത്രത്തിനു് എന്നും അതിനർഹതയുണ്ടായിരിക്കും. യഥാർത്ഥ ബോധത്തോടുകൂടി, ഈ പുതിയ പരിഭാഷയിലെ പല ഭാഗങ്ങളും ഞാൻ കുടുംബാംഗങ്ങളൊന്നിച്ചിരുന്നു ഉറക്കെ വായിച്ചിട്ടുണ്ട്. ജ്ഞാനവായനയ്ക്കു ഗ്രന്ഥം അന്വേഷിക്കുന്നവരോടു്, പുതുമനശിക്കാത്ത ഈ പഴയ പുസ്തകത്തെപ്പററി ഒരു അനുസ്മരണം നടത്തുകയും, ഗ്രന്ഥകാരനായ ബ. മൂത്തേടനച്ചനോടും, പ്രസാധകരോടും നാം വളരെ കടപ്പെട്ടിരിക്കുന്നുവെന്നു പ്രസ്താവിക്കുകയുമാണ് ഈ കുറിപ്പിന്റെ ഉദ്ദേശം.

---

ജനങ്ങളെയാണ്, അതായതു് 50-കോടി കത്തോലിക്കരെ ഏകാദർശത്തിൽ നിയന്ത്രിച്ചുപോരുന്ന ഒരു കേന്ദ്ര ഭരണസമിതിയെയാണ് ഇവിടെ വിവക്ഷിക്കുന്നതു്. അല്ലാതെ വെറും 108 ഏക്കർ മാത്രം വിസ്തീർണ്ണമുള്ള വത്തിക്കാൻ സംസ്ഥാനത്തെയല്ല. മാർപ്പാപ്പായെ സഭാഭരണത്തിൽ സഹായിക്കാൻ വിവിധ സംഘടനകൾ—Congregations ഉണ്ടു്. ഓരോസംഘടനയുടെയും ഭരണാദ്ധ്യക്ഷൻ ഒരു കർദ്ദിനാൾ ആയിരിക്കും. അദ്ദേഹത്തെ കാർഡിനൽ പ്രീഫെക്ററ് എന്നാണു സംബോധനചെയ്യുക. ഒരു രാജ്യത്തിലെ ഭരണാധിപനു് മന്ത്രിമാർ എപ്രകാരമോ അപ്രകാരമാണു മാർപ്പാപ്പായ്ക്കു കർദ്ദിനാളന്മാർ.

മാർപ്പാപ്പായുടെ ഭരണകൂടത്തിൽ (Roman curia) കർദ്ദിനാൾ തിരുസംഘത്തിന്റെയും വിദേശവകുപ്പിന്റെയും ചുമതല വഹിക്കുന്നതു സെക്രട്ടറിഓഫ് സ്റ്റെയിററ് ആണ്. ഇതിന്റെ ഭരണാദ്ധ്യക്ഷൻ കാർഡിനൽ സെക്രട്ടറി എന്ന സ്ഥാനപ്പേരോടുകൂടിയ ഒരു വൈദികനായിരിക്കും. സെക്രട്ടറി എന്ന നിലകൂടാതെ മാർപ്പാപ്പായുടെ പ്രധാന മന്ത്രിപദമലങ്കരിക്കുന്നതും ഈ വന്ദ്യൻ തന്നെ— വിശാലവീക്ഷണനും വയോധികനുമായ കർദ്ദിനാൾ താർഡീനിയാണ് അഭിനവ സ്റ്റെയിററ സെക്രട്ടറി.

മനോഹരമായ വത്തിക്കാൻ അരമനയുടെ മൂന്നാമത്തെ നിലയിൽ സ്ഥിതിചെയ്യുന്ന പേപ്പൽ സെക്രട്ടറിയേററിനെ രണ്ടു വകുപ്പുകളായി വിഭജിച്ചിരിക്കുന്നു. ഒന്നാമത്തെ സെക്ഷൻ അസാധാരണ വിദേശവകുപ്പിന്റെ ചുമതല വഹിക്കുന്നു. രണ്ടാമത്തെ സെക്ഷനിലാണു മാർപ്പാപ്പായുടെ ഔദ്യോഗികവും വ്യക്തിപരവുമായ കാര്യങ്ങൾ യഥാവിധി നിർവഹിക്കപ്പെടുക. ഉദാഹരണമായി വത്തിക്കാനിലെ ഏതെങ്കിലുമൊരു നയതന്ത്രപ്രതിനിധി അന്തരിക്കുകയാണെങ്കിൽ മാർപ്പാപ്പായുടെ അനുശോചനം രേഖപ്പെടുത്തേണ്ടതു രണ്ടാമത്തെ സെക്ഷന്റെ കടമയാണ്—വിവിധ ഗവമ്മെൻറുകളുമായുള്ള നയതന്ത്രബന്ധം കത്തോലിക്കാ രൂപതകളുടെ ആവശ്യങ്ങൾ, മെത്രാന്മാരുടെ നിയമനത്തിനുള്ള നാമനിർദ്ദേശം തുടങ്ങിയവ ഒന്നാമത്തെ സെക്ഷന്റെ അഥവാ വിദേശവകുപ്പിന്റെ ചുമതലയിൽ സ്ഥിതിചെയ്യുന്നു.

എൺപതിൽപരം പ്രവർത്തകരോടുകൂടിയതാണു പേപ്പൽ സെക്രട്ടറിയേററ്. രണ്ടാമത്തെ സെക്ഷനിൽ വിവിധ രാജ്യക്കാരായ വൈദികർ ജോലിചെയ്യുമ്പോൾ ഒന്നാമത്തേതിൽ അതായതു വിദേശവകുപ്പിൽ (The foreign office) ഇററലിക്കാർ മാത്രമേയുള്ളൂ. പേപ്പൽ സെക്രട്ടറിയേററിലെ ഉദ്യോഗസ്ഥന്മാർ എല്ലാം തന്നെ "Pontificia Accademia Ecclesiastica" എന്ന പേപ്പൽ നയതന്ത്രസ്കൂളിൽനിന്നും ഉന്നത ബിരുദങ്ങൾ നേടിയിട്ടുള്ള മഹാശയന്മാരാണ്. ഏററവും പ്രയാസമേറിയ പഠനമാണ് ഈ കലാലയത്തിൽ ചേർന്നു പഠിക്കാനാഗ്രഹിക്കുന്നവർക്കു തരണംചെയ്യേണ്ടതു്—വേദശാസ്ത്രം— തത്വശാസ്ത്രം— കാനൻ നിയമം.—വിവിധഭാഷകളിൽ പരിപൂർണ്ണജ്ഞാനം ഇവയെല്ലാം ഈ വിശ്വവിദ്യാലയത്തിൽ ചേർന്നു പഠിക്കാനാഗ്രഹിക്കുന്നവർക്കു കൂടിയേ തീരൂ. 260 കൊല്ലത്തെ പഴക്കമുള്ള ഈ 'സരസ്വതീക്ഷേത്ര'ത്തിൽനിന്നു പുറത്തുവരുന്ന വിദ്യാർത്ഥികളുടെ നയതന്ത്ര ചാതുര്യത്തിൽ ആധുനിക ഗവണ്മെൻറുകൾപോലും അസൂയാലുക്കളാണെന്നതിൽ അതിശയോക്തിസ്പർശമില്ലതന്നെ.

വത്തിക്കാന്റെ ബാഹ്യലോകവുമായുള്ള ബന്ധം നൺഷ്യോ—ഇൻറർ നൺഷ്യോ തുടങ്ങിയ രാജ്യതന്ത്രപ്രതിനിധികൾമുഖേനയാണു സാധിക്കാറ പതിവു്. ഇത്തരത്തിലുള്ള നയതന്ത്രബന്ധം 53 രാജ്യങ്ങളുമായി വത്തിക്കാൻ പുലർത്തിപ്പോരുന്നു. നമ്മുടെ മാതൃരാജ്യമായ ഭാരതത്തിലും ഒരു ഇൻറർ നൺഷ്യോ ഉണ്ടെന്ന വസ്തുത ചാരിതാർത്ഥ്യജനകം തന്നെ. മുൻ പ്രസ്താവിച്ച വത്തിക്കാൻ പ്രതിനിധികളെ കൂടാതെ അപ്പസ്തോലിക്ക ഡലിഗേററ് എന്ന നാമധാരികളായ വത്തിക്കാൻ സ്ഥാനപതികൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി അധിവസിക്കുന്നു. അവർക്കു പ്രാദേശിക ഗവമ്മെൻറുകളുമായി യാതൊരു ബന്ധവുമില്ല; ഓരോ രാജ്യങ്ങളിലും സഭാഭരണത്തിൽ മാർപ്പാപ്പായെ പ്രതിനിധീകരിക്ക മാത്രമേ അവർ ചെയ്യുന്നുള്ളൂ.

ഇന്നു വത്തിക്കാനെ ഒരു ധാർമ്മിക സംഘടനയായിട്ടല്ല രാഷ്ട്രങ്ങൾ വീക്ഷിക്കുന്നതു്. പ്രത്യുത സാർവ്വത്രികവും അന്തർദ്ദേശീയവുമായ ഒരു മഹാശക്തിയായിട്ടത്രേ. അതുകൊണ്ടായിരിക്കണം പുതുതായി രൂപം പ്രാപിക്കുന്ന രാഷ്ട്രങ്ങൾ അതിവേഗം സ്വന്തം പ്രതിനിധികളെ വത്തിക്കാനിലേയ്ക്കയച്ചു നയതന്ത്രബന്ധം സ്ഥാപിക്കുന്നതു്—ഒരുകാര്യം തീർച്ചയാണ്—കലങ്ങിമറിഞ്ഞ ആധുനികാന്തരീക്ഷത്തിൽ വത്തിക്കാന്റെ നേതൃത്വവും സ്നേഹബന്ധവും സമാധാനവും ശാന്തിയും ആഗ്രഹിക്കുന്ന എല്ലാ രാഷ്ട്രങ്ങൾക്കും ഒരുപോലെ ആശ്വാസപ്രദമത്രേ.

# ഭഗീത

## (വികാരോജ്വലമായ ഒരു സംഭവകഥ)

തുടർച്ച

(മിസ്സ് ജെനററ് ഐസക്ക്, എം. എസ്സ്സി.)

### അദ്ധ്യായം 3

കൂട്ടുകാരിയെ പ്രതീക്ഷിച്ചുകൊണ്ടു മീനാ വഴിയരികിൽ നില്ക്കയാണ്. കുറേ സമയം അവൾ പൂക്കൾ പറിച്ചു മാല ഉണ്ടാക്കിക്കൊണ്ടിരുന്നു. നേരം വൈകിത്തുടങ്ങി. അവൾ വിഷമിച്ചു. തീർച്ചയായും അവൾ വീട്ടിൽ ചെന്നുകാണുമെന്നു വിചാരിച്ച് മീനാ ഗ്രാമത്തിലേയ്ക്കു സാവധാനം നടന്നു. ഭഗീത വീട്ടിൽ ചെന്നിട്ടില്ല എന്ന വിവരം അറിഞ്ഞ ഉടൻ മീനയ്ക്കു ചില സംശയങ്ങൾ ഉണ്ടായി. അവൾ വേഗം ഭഗീതയുടെ അമ്മയോടു നടന്ന സംഭവങ്ങൾ എല്ലാം വിവരിച്ചു പറഞ്ഞു. ഈ സംഭവം ശ്രവിച്ച മാത്രയിൽ അവൾ ഭഗീതയെ അന്വേഷിച്ചു നാലുപാടും ആളുകളെ അയച്ചു. അവൾ വാവിട്ടു നിലവിളിച്ചുകൊണ്ട് എങ്ങോട്ടോ ഓടി. അവളുടെ പിറകെ ഭഗീതയുടെ ഇരട്ട സഹോദരിയും. മൂത്ത ജ്യേഷ്ഠത്തിയെ അറബികൾ പിടിച്ചുകൊണ്ടുപോയ സംഭവം അവളുടെ മനസ്സിൽനിന്നും ഇതുവരെയും മാഞ്ഞിട്ടില്ല. അന്നത്തെ ദിവസം മുഴുവൻ ഗ്രാമവാസികൾ അവിടെയുള്ള വനപ്രദേശം മുഴുവൻ അവളെ വിളിച്ചുകൊണ്ട് അന്വേഷിച്ചു നടന്നു. എവിടെയെങ്കിലും അവളുടെ കുഞ്ഞുശബ്ദം കേൾക്കുവാൻ അവർ ചെവി വട്ടംപിടിച്ചുകൊണ്ടിരിക്കയാണ്. മരങ്ങളുടെ മുകളിലും കുന്നിൻപുറത്തും കയറി അവർ നോക്കി, അറബികൾ എവിടെയെങ്കിലും ഒളിച്ചിരിപ്പുണ്ടോ എന്ന്. പക്ഷേ യാതൊരു ഫലവും ഉണ്ടായില്ല. അവരുടെ ഓമനക്കുഞ്ഞ് ഇനി ഒരിക്കലും തിരിച്ചുവരാത്തവണ്ണം അവരിൽനിന്നു വേർപെട്ടുപോയിരിക്കുന്നു. അവർ ഉറങ്ങാതെ രാത്രി മുഴുവൻ കുടിലിൽ കുത്തിഇരുന്നു, അവളുടെ കാലടിശബ്ദം കേൾക്കുവാൻ.

ഈ സമയം ഭഗീതയ്ക്ക് എന്തു സംഭവിച്ചെന്നു നോക്കാം. സ്വല്പസമയത്തെ വിശ്രമത്തിനുശേഷം അവർ വീണ്ടും ഭഗീതയെ വലിച്ചിഴച്ചുകൊണ്ടു നടക്കുവാൻ തുടങ്ങി. രാത്രി മുഴുവൻ നടന്നു. നേരം പ്രഭാതത്തോടടുത്തപ്പോഴേയ്ക്കും അവരുടെ ഗ്രാമത്തിൽ പ്രവേശിച്ചുകഴിഞ്ഞു. ചെറിയ ചെറിയ കുടിലുകളും ഉയരം വളരെ കുറഞ്ഞ,ജന്നലുകൾ യാതൊന്നും ഇല്ലാത്ത ചെറിയ കുറെ കൂടാരങ്ങളും മാത്രമാണ് അവിടെ ഉള്ളത്. അതിൽ ഒരു ചെറിയ കുടിലിൽ ഭഗീതയ്ക്കു പ്രവേശനം നൽകി. അവൾ ചുററും ഒന്നു കണ്ണോടിച്ചു. വെറും ശൂന്യത. ഇരിക്കുന്നതിനൊരു കല്ലോ കിടക്കുവാൻ ഏതാനും വൈക്കോൽ കഷണങ്ങളോപോലും അടെ ഉണ്ടായിരുന്നില്ല; തറയും മതിലും മാത്രം. മതിലിൻെറ ഒരു വശത്തായി ഒരു ദ്വാരം; അതിൽകൂടി സ്വല്പം വായുവും പ്രകാശവും അകത്തു കടന്നു. അവളുടെ മനസ്സു നന്നാ വിഷമിച്ചു. ശക്തി മുഴുവൻ പ്രയോഗിച്ച് ഉറക്കെ നിലവിളിച്ചു. ഏതു വിധേനയും അവിടെനിന്ന്, ആ ഇരുട്ടറയിൽനിന്നു, ക്രൂര ചെന്നായ്ക്കളുടെ കൈകളിൽനിന്നു രക്ഷപ്പെടുവാൻ അവൾ ഒരു പാഴ്ശ്രമം നടത്തി. വാതില് അവൾ ചവിട്ടിതള്ളി നോക്കി. കൈകൊണ്ടും കാലുകൊണ്ടും ഇടിച്ചു. പക്ഷെ ഫലമൊന്നുമുണ്ടായില്ല. കാലിൽകൂടി രക്തം പ്രവഹിക്കുന്നുണ്ട്. അവയവങ്ങൾ എല്ലാം വേദനിക്കുന്നു. അവൾ ക്ഷീണിച്ചു മറിഞ്ഞുവീണു. ക്ഷീണത്തിൻെറയും വിശപ്പിൻെറയും ആധിക്യംകൊണ്ട് അവൾ ആ കിടപ്പിൽത്തന്നെ ഉറങ്ങിപ്പോയി.

നിദ്രാദേവിക്കവളിൽ കാരുണ്യം തോന്നി. ഭഗീത ഗാഢസുഷുപ്തിയിൽ ആണ്ടു. അവൾ സ്വതന്ത്രയായി. അവിടെനിന്നും ഓടി വീട്ടിൽചെന്നു സ്നേഹമേറിയ അമ്മയുടെ കരവലയത്തിനുള്ളിൽ വീണു. അമ്മയും അപ്പനും പ്രിയപ്പെട്ട സഹോദരീസഹോദരന്മാരും കൂട്ടുകാരിയും അവളെ മാറിമാറി ആലിംഗനം ചെയ്തു. ഇനി ഒരിക്കലും കാണുവാൻ സാധിക്കയില്ലെന്നു വിചാരിച്ചിരുന്ന അവളുടെ തിരിച്ചുവരവിൽ എല്ലാവരും സ

ന്തോഷിച്ചു. ഭഗീത, അവളുടെ നീണ്ട കയ്പേറിയ അനുഭവങ്ങൾ വിസ്തരിച്ചു കേൾപ്പിക്കുവാൻ തുടങ്ങി. സന്തോഷത്തിന്റെയും സന്താപത്തിന്റെയും ഭാവങ്ങൾ മാറിമാറി അവളുടെ മുഖത്തു പ്രത്യക്ഷപ്പെട്ടു.

ഈ സന്തോഷം അധികസമയം നീണ്ടുനിന്നില്ല. പുറത്തു് ഒരു ശബ്ദം. അവൾ ഞെട്ടി എഴുന്നേററു. അവൾ സ്വപ്നലോകത്തിലായിരുന്നു. കണ്ണുകൾ നല്ലതുപോലെ തിരുമ്മിതുറന്നു ചുററും നോക്കി. വാസ്തവത്തിൽ അവൾ എവിടെയാണെന്നു അവൾക്കു മനസ്സിലായി. വെറും സ്വപ്നം മാത്രം. ആ പിഞ്ചുഹൃദയത്തിനു് താങ്ങാനാവാത്തവണ്ണം അത്രമാത്രം സങ്കടം അവൾക്കു് അനുഭവപ്പെട്ടു. അവൾ അമ്മയെ ഓർത്തു കരയുവാൻ തുടങ്ങി.

സമയം ഏകദേശം ഉച്ചയോടടുത്തപ്പോൾ ഭഗീതയുടെ മുറിയിലെ ചെറിയ ദ്വാരത്തിൽ കൂടി ഒരു കൈ അകത്തേയ്ക്കു കാണപ്പെട്ടു. അവൾക്കു് ഒരു കഷണം റൊട്ടി ആ കൈ പ്രദാനംചെയ്തു. ആളിനെ ഒന്നു കാണുവാനോ അയാളോടു സംസാരിക്കാനോ നിവൃത്തിയില്ല. എന്നാലും അവളെ എങ്ങനെയെങ്കിലും ഒന്നു രക്ഷിക്കണമെന്നു് അവൾ താഴ്മയായി അപേക്ഷിച്ചു. ഹൃദയം ഉള്ള ഒരാൾക്കും അവളുടെ യാചന നിരസിക്കുവാൻ സാധിക്കുമായിരുന്നില്ല. എന്നാൽ ഇക്കൂട്ടർക്കുണ്ടോ ഹൃദയം. അവൾ ഒരു അടിമയാണിപ്പോൾ. കഷ്ടപ്പെടുവാനും ദുരിതപ്പെടുവാനും മാത്രമേ ഒരു അടിമയ്ക്കു അവകാശമുള്ളു. ക്രിസ്തുവിന്റെ മഹനീയ വെളിച്ചം ഇവരിൽ വെളിപ്പെടുത്തുവാൻ സാധിച്ചിരുന്നെങ്കിൽ അവൾക്കു വേദനയുടെ ഏകാന്തതയിൽ സ്നേഹനാഥനുമായി സമ്പർക്കത്തിലേപ്പെടാമായിരുന്നു. നിർഭാഗ്യരായ ആഫ്രിക്കാ നീഗ്രോകൾക്കു് അതിനും ഒരു അവസരം ലഭിച്ചില്ല.

മാസം ഒന്നുകഴിഞ്ഞു. ഭഗീതയെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവും വന്നിട്ടില്ല. ഒരു ദിവസം രാവിലെ പതിവിലധികം നേരത്തേ അവളെ അടച്ചിരുന്ന മുറി തുറക്കപ്പെട്ടു. അവളുടെ യജമാനൻ ഒരു അടിമക്കച്ചവടക്കാരനേയും കൊണ്ടു വിലപേശുവാൻ വന്നതാണു്. അയാൾക്കു ഭഗീതയെ നന്നാ ഇഷ്ടപ്പെട്ടു. അവളെ അയാൾ വാങ്ങിച്ചു മററടിമകളുടെ കൂട്ടത്തിൽ കൊണ്ടുവന്നു വിട്ടു. അവിടെ ഭഗീതയ്ക്കു് ഒരു കൂട്ടുകാരിയെ ലഭിച്ചു, അവളെപ്പോലെയുള്ള ഒരു നിർഭാഗ്യവതി. (തുടരും)

പുസ്തകാഭിപ്രായം :—

# പാവങ്ങളുടെ പക്ഷത്തോ?

ഗ്രന്ഥകർത്രി:

ശ്രീമതി ഏലിയാമ്മ ജോർജ്ജു്, വലിയതാഴത്തു്

പ്രസാധകർ:

എസ്. എച്ച്. ലീഗ്, ആലുവാ നോർത്തു്, P. O.

വില 80 ന. പൈ.

ജനങ്ങളെ വർഗ്ഗീയചേരികളായി തിരിച്ചു്, തമ്മിലടിപ്പിച്ചു് ചൂഷണം ചെയ്യുവാൻ അരയും തലയും മുറുക്കി രംഗത്തിറങ്ങിയിരിക്കുന്ന കമ്യൂക്കളും സഹയാത്രികന്മാരും, കത്തോലിക്കാസഭ മുതലാളിത്തത്തെ താലോലിക്കുന്നുവെന്നു് ഇടതടവില്ലാതെ പെരുമ്പറ അടിച്ചുകൊണ്ടു നടക്കുന്ന ഈ ഘട്ടത്തിൽ, ശ്രീമതി ഏലിയാമ്മ ജോർജ്ജിന്റെ "പാവങ്ങളുടെ പക്ഷത്തോ?" എന്ന പണ്ഡിതോചിതമായ കൃതിയുടെ പ്രസിദ്ധീകരണം അനുയോജ്യമായിട്ടുണ്ടു്. ദുഷ്പ്രചരണ കോലാഹലത്തിന്റെ മദ്ധ്യേ നട്ടം തിരിയുന്ന കത്തോലിക്കർക്കു് സ്വന്തം സഭയെക്കുറിച്ചു കൂടുതൽ അഭിമാനം ഉണ്ടാകുന്നതിനും, തെററിദ്ധാരണയുടെ അടിയൊഴുക്കിൽപെട്ടുഴലുന്ന ഇതരർക്കു യാഥാർത്ഥ്യം ഗ്രഹിക്കുവാനും പര്യാപ്തമാണീ പുസ്തകം; ലളിതസുന്ദരമായ ഭാഷയും.

മുഴുമത്തങ്ങാചോറിനുള്ളിൽ ഒളിക്കുവാൻ പരിശ്രമിക്കുന്നതുപോലെയാണു കത്തോലിക്കാസഭ പാവങ്ങളുടെ പക്ഷത്തല്ലെന്നു സമർത്ഥിക്കുവാൻ പാടുപെടുന്നതു്. ഇൻഡ്യയുടെ അതിർത്തി ആക്രമിച്ച ചൈനാക്കാർ, അതിർത്തിലംഘനം ഇൻഡ്യയുടെമേൽ ആരോപിച്ചതിനോടുപമിക്കാം സഭയ്ക്കെതിരായുള്ള കമ്യൂക്കളുടേയും മററും മേൽപറഞ്ഞ ആരോപണം. പാവപ്പെട്ടവർക്കും പതിതർക്കുംവേണ്ടി കത്തോലിക്കാസഭ ചെയ്തിട്ടുള്ള സേവനത്തെ അതിശയിക്കുവാൻ കെൽപുള്ള മറെറാരു മതമോ സമൂഹമോ ഈ ഭൂമുഖത്തു് ഇതുവരെ ആവിർഭവിച്ചിട്ടില്ല. എങ്കിലും ചിലർക്കു് സഭ പാവങ്ങളുടെ പക്ഷത്തല്ലെന്നു പറഞ്ഞേ പററൂ.

ധനികരെക്കുറിച്ചു കഠിനമായ ചില വാക്കുകൾ ഉപയോഗിച്ച സഭാസ്ഥാപകനായ ക്രിസ്തുവിനു് ധനവാന്മാരായ അരുമത്തായിലെ ജോസഫും, നിക്കദേമൂസും, ലാസറും സഹോദരികളും മററും, സ്നേഹിതന്മാരും ശിഷ്യന്മാരുമായുണ്ടായിരുവെന്നു ധരിക്കണം. ദുർവിനി

യോഗത്തിനും പാപഹേതുവാകുന്നതിനും ധനത്തിലുള്ള സാദ്ധ്യതയെ പരിഗണിച്ചാണ് ക്രിസ്തു ധനവാന്മാരെ പഴിച്ചിട്ടുള്ളതു്. ഈശ്വരന്റെ പിതൃത്വത്തിൽ ധനവാനും ദരിദ്രനും സഹോദരങ്ങളാണെന്നാണ് ക്രിസ്തു പഠിപ്പിച്ചതു്. ധനവാനെ വെറുക്കണമെന്നല്ല. പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ശിഷ്യന്മാരായി സ്വീകരിച്ച ക്രിസ്തുവിനു കൂടുതൽ അനുകമ്പ ആരോടെങ്കിലുമുണ്ടെങ്കിൽ അതു പാവപ്പെട്ടവരോടും പതിതരോടുമാണ്. ക്രിസ്തുവിന്റെ അതേ ആദർശം തന്നെയാണ് ക്രിസ്തുസഭ ആരംഭം മുതൽ ഇന്നുവരെ അനുവർത്തിച്ചിട്ടുള്ളതും. തെളിവുവേണമോ? നിരൂപണവിധേയമായിരിക്കുന്ന ഈ ചെറുപുസ്തകം വാങ്ങി വായിക്കുക. ക്രമാനുസൃതം തെളിവുകൾ നിരത്തിയിരിക്കയാണ്.

തൂലികാപ്രേഷിതത്വത്തിൽ മികച്ചസ്ഥാനത്തിനർഹയായ ഗ്രന്ഥകർത്ത്രിയും അതിനെ പരമാവധി പ്രോൽസാഹിപ്പിക്കുന്ന ലീഗുകാരും സർവ്വവിധ അഭിനന്ദനങ്ങളും പ്രോൽസാഹനങ്ങളും അർഹിക്കുന്നുണ്ട്. പ്രസ്തുത പുസ്തകം ധാരാളമായി പ്രചരിപ്പിക്കുന്നതു് ഒന്നാംതരം കത്തോലിക്കാ പ്രവർത്തനമാണെന്നുറപ്പിച്ചു പറയുവാൻ കഴിയും.

F. A.

## ജപമാല

"സുവിശേഷമൊക്കെയുടെയും രത്നച്ചുരുക്കം, ദൈവികരഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനം, സായംകാലത്തെ ബലിയർപ്പണം, റോസാപ്പൂക്കൾ കൊണ്ടുള്ള കിരീടം, ഒരു സ്തുതികീർത്തനം, കുടുംബത്തിനുവേണ്ടിയുള്ള ഒരഭ്യർത്ഥന, സകല ക്രിസ്ത്യാനികൾക്കും ഒരു ജീവിതാദർശം, സ്വർഗ്ഗീയാനുഗ്രഹങ്ങളുടെ അച്ചാരം—ഇതൊക്കെയാണ് ജപമാല."

12-ാം പീയൂസ്.

## ഈ ലക്കത്തിൽ


1. ജൂബിലിസ്മാരകം . . . . . . . . 97
2. വി. കൊച്ചുത്രേസ്യായുടെ സ്വയംകൃതചരിതം . . . . . 100
3. വി. അമ്മ ത്രേസ്യാ . . . . . . . . 103
4. കൊന്തനമസ്കാരം . . . . . . . . 106
5. ആ ശൃംഗാരിപ്പെണ്ണു പുണ്യഗോപുരത്തിന്റെ ഉച്ചിയിൽ . . . . 108
6. പരിശുദ്ധ ത്രീത്വത്തിന്റെ നിർമ്മലലില്ലി . . . . . . 114
7. നമ്മുടെ കടമകൾ . . . . . . . . 117
8. മാർ ത്രേസിയാ പുണ്യസ്ത്രീയുടെ ചരിത്രം . . . . . . 120
9. അടുത്തു സമ്മേളിക്കുവാൻ പോകുന്ന സാർവത്രിക സൂനഹദോസ് . . 122
10. വി. കൊച്ചുത്രേസ്യായുടെ സ്വയംകൃതചരിതം . . . . . 123
11. വത്തിക്കാന്റെ ഭരണരീതി . . . . . . . 124
12. ഭഗീത . . . . . . . . . 126
13. പുസ്തകാഭിപ്രായം . . . . . . . . 127
14. ചെറുപുഷ്പപ്രസ്താവങ്ങൾ . . . . . . .


—o—

# ചെറുപുഷ്പസ്തവങ്ങൾ

(ഫാദർ യൗനാൻ, ഒ. ഐ സി.)

I

["നാഴിയുരിപ്പാലുകൊണ്ടു്" എ. മ.]

നാകമതിലേറിക്കൊണ്ടു് നാടാകെ നേടുവാൻ
പാകത്തിൽ പൂവിതറിപ്പാടുന്നൊരു പൈങ്കിളിയേ
ഹാ....പാടുന്നൊരു പൈങ്കിളിയേ

സ്വർഗ്ഗീയപ്പൂസുഗന്ധം പാരിൽ പരത്തി
സ്വർഗ്ഗീയപ്പൂസുഗന്ധം......................
സ്വർമധുതൂവിടുന്ന ഗാനവും പാടി
സ്വർമധുതൂവിടുന്ന.......................

വാഴുന്ന കൊച്ചുറാണീ നേരട്ടൊരു മംഗളം
ആരോമലോമലാളേ നേരട്ടൊരു മംഗളം
നാകമതി...................

പ്രേഷിതഗായകി മുരളികയൂതി
പ്രേഷിതഗായകി... ...............
ഈശോതന്നോമനേ മുടിചൂടിവാഴ്ക
ഈശോതന്നോമനേ...............

ഈശോതൻ ശ്രീയെഴുന്ന തൃക്കരെ മിന്നിടുന്ന
ഭാസുരതാരമേ നീ തൂകേണം നൽവരം
നാകമതി...................

II

[ഓടക്കുഴലുമായ്............ എ. മ.]

വാരഞ്ചും മിഞ്ചും മനോജ്ഞപൂവേ!
സാരജ്ഞമൗലേ, ശ്രീലേ
സാരസലോലേ, വരമരുളണമെ
ഈശോതൻ പ്രേഷിതയാളേ.

1. ഓ...................
വാടിക്കരിയും പൂന്തോപ്പുകളെ
പാടിയുണർത്തും കുയിലേ; വാടി........
നാടുകളുണരാൻ കാഹളമൂതും
ആടലകററും ത്രേസ്യാ; നാടു........
(വാരഞ്ചും മിഞ്ചും)

2. ഓ...................
മാനത്തിരിക്കും സുരഭിലസൂനം
സ്നേഹത്തിടമ്പേ വാഴ്ക. മാന........
സ്നേഹഗ്ഗീതികൾ തന്നലയടികൾ
കേൾക്കട്ടെ ജയഗാനം. സ്നേഹ........
(വാരഞ്ചും മിഞ്ചും)

3. ഓ...................
നേരമിരിട്ടിയ നേരത്തേക്കൊരു
പാരം പ്രശോഭിതതാരം
ഹാ! നവസൂനം സൗരഭം വീശും
മേരി കുമാരീ വാഴ്ക!
(വാരഞ്ചും മിഞ്ചും)

---


## ഞങ്ങളുടെ ചില പ്രസിദ്ധീകരണങ്ങൾ

| | | രൂ. | ന. പ. |
|---|---|---|---|
| 1. | ഞാൻ കണ്ട യൂറോപ്പ് | 0 | 50 |
| 2. | ആത്മപോഷിണി | 0 | 31 |
| 3. | കർമ്മേലമാതാവിനോടുള്ള പ്രാർത്ഥനകൾ | 0 | 16 |
| 4. | കർമ്മേല മൂന്നാംസഭാ മാനുവൽ | 0 | 50 |
| 5. | കർമ്മേലീത്താ മൂന്നാംസഭാ പ്രാർത്ഥനകൾ | 0 | 12 |
| 6. | വി. യോഹന്നാൻ ക്രൂസിൻെറ കരുതലുകൾ | 0 | 09 |
| 7. | മരിയാനുകരണം | 0 | 62 |
| 8. | സുകൃതസരണി | 1 | 87 |
| 9. | മറിയമകനീശോ | 0 | 87 |
| 10. | **Happiness for priests** | 1 | 00 |
| 11. | **A Man of God** (Biography of Archbishop Benziger) | 4 | 50 |
| 12. | പീഡകളുടെ മനുഷ്യൻ | 0 | 37 |
| 13. | സുവിശേഷസാരം | 0 | 37 |
| 14. | ദിവ്യാമൃതം | 3 | 75 |
| 15. | കുടുംബജപമാല | 0 | 09 |
| 16. | കർമ്മേലോത്തരീയഭക്തി | 0 | 10 |

*N. B.* പത്തിൽ കൂടുതൽ പുസ്തകം എടുക്കുന്നവർക്ക് 25% കമ്മീഷൻ. Manager

CARMEL BOOK STALL, TRIVANDRUM 1

# തിരുവസ്ത്രത്തരീയത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിനു് വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 94 ന. പ. ചെറിയ തട്ടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസനു് 94 ന. പ. വലിയ തട്ടും നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ള ഉത്തരീയം ഡസനു് 1 ക. 12 ന. പ. കറുപ്പു്, ചുവപ്പു് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണു് സാധാരണയായി ഉത്തരീയത്തിനു് ഉപയോഗിച്ചിരിക്കുന്നതു്. പത്തു ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്നവർക്കു് ആകർഷണീയമായ കമ്മീഷൻ.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-1.

---

വില്പനയ്ക്കു തയ്യാർ. ഉടൻ അപേക്ഷിക്കുക.

## നാകത്തെ നായ

ഫ്റാൻസിസ് തോംപ്സൺ എന്ന ആംഗ്ലേയകവിയുടെ
THE HOUND OF HEAVEN
എന്ന മൗതികകാവ്യത്തിൻെറ ഭാഷാവിവർത്തനം

## വിശുദ്ധ കൊച്ചുത്രേസ്യാ

### സമ്പൂർണ്ണമായ സ്വയംകൃതചരിതം

മൂലലിഖിതങ്ങളുടെ വിവർത്തനം

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:–

| | | | |
|---|---|---|---|
| മേനി കടലാസിൽ 1-ാംതരം ബയിന്റ് | Rs. 6-00 | | മാനേജർ, |
| ,, 2-ാംതരം ,, | ,, 5-00 | | കാർമ്മൽ ബുക്കു് സ്റ്റാൾ, |
| താഴ്ന്നതരം കടലാസ്സിൽ | ,, 3-50 | | കാർമ്മൽഹിൽ-തിരുവനന്തപുരം-1. |

---

# കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ

പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശ്യങ്ങൾ:—അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിനു് മുൻകൂർ 1 രൂ. 50 ന. പ.

വരിപ്പണത്തിൻെറ മൂന്നിലൊന്നു **കമ്മീഷൻ** ഏജൻറന്മാർക്കു്

കത്തിടപാടുകൾക്കുള്ള മേൽവിലാസം:

വരിപ്പണം സംബന്ധിച്ചു്:– മാനേജർ, "കാർമ്മൽ", സെന്റു് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-1

ലേഖനങ്ങൾ സംബന്ധിച്ചു്:— പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-1

---

Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors.